നൽകാൻ സർക്കാരിനായിട്ടില്ല. അതിനു പുറമേയാണ് ഇങ്ങനെയുള്ള ഭരണ പരിഷ്ക്കാരങ്ങളുടെ ഭാഗമായിട്ടുള്ള പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നത്. പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സിസ്റ്റം കൈകാര്യം ചെയ്യുന്നത് ശാസ്ത്രീയമാകണം എന്നത് ശരിയാണ്. അങ്ങനെ ശാസ്ത്രീയമായി അക്കൗണ്ട് സിസ്റ്റം കൈകാര്യം ചെയ്യുന്നതിന് ഇന്ന് നിലവിലുള്ള പഞ്ചായത്ത് സ്റ്റാഫിന്റെ പരിശീലനം കൊണ്ടു മാത്രം സാധിക്കുമെന്നു തോന്നുന്നില്ല. അതിന് പഞ്ചായത്തുകളിൽ ഒരു അക്കൗണ്ടന്റിന്റെ പോസ്റ്റ് അനുവദിക്കേണ്ടതുണ്ട്. സിനിമാരംഗത്ത് പ്രതിസന്ധിയും അതുമായി ബന്ധപ്പെട്ട ചർച്ചകളും ഒത്തുതീർപ്പുമൊക്കെ ഉണ്ടായിട്ടുണ്ട്. സിനിമാ വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ നടപടി ഉണ്ടാകണം. പക്ഷേ അതിന്റെ ഭാഗമായി ഉണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകളെത്തുടർന്ന് പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ എന്റർടൈൻമെന്റ് ടാക്സ് കുറവ് ചെയ്യാൻ തീരുമാനിച്ചാൽ അത് പഞ്ചായത്തുകളുടെ വികസന പ്രവർത്തനത്തെ ബാധിക്കും. സിനിമാ രംഗത്തെ പ്രയാസങ്ങൾ പരിഹരിക്കാൻ അവർക്ക് സർക്കാർ വേറെ ഏതെങ്കിലും രീതിയിലുള്ള സബ്സിഡിയോ സഹായമോ നൽകുകയല്ലാതെ ഈ പഞ്ചായത്തിൽ നിന്നെടുക്കുന്ന വിനോദ നികുതിയിൽ കൈവച്ചാൽ അത് ഇപ്പോൾത്തന്നെ ബുദ്ധിമുട്ടിലായിട്ടുള്ള പഞ്ചായത്തുകളെ കൂടുതൽ പ്രതിസന്ധിയിലേയ്ക്കാണ് നയിക്കുക എന്ന് പറയേണ്ടതില്ല. അത്തരം ഒരു നിലപാടിലേയ്ക്ക് സർക്കാർ പോകരുത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി അനുവദിച്ച സംഖ്യ ഈ വർഷം ഗ്രാമ വികസന ഫണ്ടുമായി കൂട്ടിയോജിപ്പിച്ച് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഗ്രാമ വികസന ഫണ്ട്, നബാർഡിന്റെ നിയന്ത്രണത്തിലാണ് നടപ്പിലാക്കിയിരിക്കുന്നത്. ആ പദ്ധതി നടപ്പിലാക്കണമെങ്കിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ 20 ശതമാനം പദ്ധതി തുക അതിനോട് കൂട്ടി ചേർക്കണമെന്ന നിർദ്ദേശം ഉണ്ടാകുമ്പോൾ ഇപ്പോൾത്തന്നെ സ്പിൽ ഓവർ വർക്കുകൾ നടപ്പിലാക്കാൻ കഴിയാത്ത പഞ്ചായത്തുകൾ അത് എങ്ങനെയാണ് നടപ്പിലാക്കുക എന്നത് ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. അത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടായാൽ സ്വാഭാവികമായും 20 ശതമാനം സംഖ്യ ഗ്രാമ വികസന ഫണ്ടുകൾക്ക് നീക്കിവയ്ക്കാൻ കഴിയാതാകുന്നതിനെത്തുടർന്ന് ഗ്രാമ വികസന ഫണ്ട് സർക്കാർ തിരിച്ചുപിടിക്കുന്നിടത്തേയ്ക്കാണ് പോവുക. അത്തരം ഒരു നിലപാടിലേയ്ക്ക് പോകാതിരിക്കുകയും ഈ വർഷത്തെ ഈ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ആവശ്യമായ പ്രത്യേക ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവുകയുമാണ് വേണ്ടത്. ഇങ്ങനെ പഞ്ചായത്ത് ഫണ്ട് തിരിച്ചുപിടിക്കാൻ കഴിയുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമ വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഇത്തരം വ്യവസ്ഥകൾ മാറ്റിയെടുക്കാനുള്ള നിലപാടുകൾ സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. പദ്ധതിപ്പണം തിരിച്ചുപിടിക്കുന്നതിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന ന്യായീകരണം പൂർണ്ണമായി അംഗീകരിക്കാൻ കഴിയില്ല. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കണം എന്നുള്ളത് ശരിയാണ്. പക്ഷേ പദ്ധതികൾക്കുള്ള അംഗീകാരം ലഭിക്കാനുള്ള കാലതാമസം, ഉദ്യോഗസ്ഥരില്ലാത്ത സ്ഥിതി, ഉദ്യോഗസ്ഥരുടെ പുനർവിന്യാസംമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും ജോലിഭാരവും ഇതൊക്കെത്തന്നെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തെ സംബന്ധിച്ച് കൊട്ടിഘോഷിച്ച് നടന്നിട്ട് അതിന്റെ സ്ഥിതി എന്തായി? അഴിമതിയുടെ വാർത്തകൾ അല്ലാതെ ഒരു പ്രവർത്തനവും ആ രംഗത്ത് നടന്നതായി സൂചനയില്ല. പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം ആക്ഷേപങ്ങളുണ്ട്. സേവന മേഖലയിൽ നിന്ന് സർക്കാർ പിന്തിരിഞ്ഞ് ആ ചുമതലകൾ പഞ്ചായത്തുകളെ ഏൽപിക്കുന്ന നിലപാടുകൾ ഒരുപാട് പ്രതിസന്ധിയിലേയ്ക്കും പ്രയാസത്തിലേയ്ക്കും കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൊണ്ടുചെന്നെത്തിക്കും എന്നുള്ള കാര്യത്തിൽ തർക്കമില്ല. ജില്ലാ പഞ്ചായത്തുകളുടെ പൊതുമരാമത്തു പണികൾ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. റേറ്റാണ് ഇവിടെ നിഷ്കർഷിച്ചിട്ടുള്ളത്. പക്ഷേ പി.ഡബ്ല്യു.ഡി. 30 ശതമാനം വരെ മുകളിൽ എസ്റ്റിമേറ്റ് കൊടുക്കുന്നുണ്ട്. ജില്ലാപഞ്ചായത്തുകൾക്ക് അങ്ങനെ കൊടുക്കാൻ കഴിയുന്നില്ല. അതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകളുടെ പൊതുമരാമത്ത് പണികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല എന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. അതിന് പരിഹാരം കാണാൻ പി.ഡബ്ല്യു.ഡി.-യുടെ ഈ റേറ്റ് ജില്ലാ പഞ്ചായത്തുകൾക്ക് കൂടി ബാധകമാക്കാനുള്ള നടപടി ഉണ്ടാകണം. വടക്കാഞ്ചേരിയിലെ സ്ഥതം കാര്യമാണ് അടുത്തതായി പറയുവാനുള്ളത്. വടക്കാഞ്ചേരിയിലെ താലൂക്ക് ആസ്ഥാനമായ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്. മുനിസിപ്പാലിറ്റിയാക്കാനുള്ള നടപടികൾ ഈ സഭയിൽ ഉണ്ടായിരുന്ന മുൻ മന്ത്രി സുന്ദരംസ്വാമിയുടെ കാലത്ത് തുടങ്ങിയതാണ്. ഇന്നുവരെ അതിന് പരിഹാരമായിട്ടില്ല. വടക്കാഞ്ചേരി സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കാനുള്ള നടപടി ഉണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. ഈ ജനവിരുദ്ധ നിലപാടുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ ആകെ സ്തംഭിപ്പിക്കുന്ന നിലപാടുകളുമൊക്കെ സ്വീകരിക്കുന്ന ഗവൺമെന്റ് നയങ്ങളോട് യോജിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്.

<u>ശ്രീ. എ. സുജനപാൽ</u> : സർ, നഗരവികസനം, പഞ്ചായത്ത്, സഹകരണം, തുറമുഖങ്ങൾ തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകളും നഗരസഭകളും നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പദ്ധതി രാഷ്ട്രീയ വൽക്കരിച്ച ഒരു കാഴ്ചയാണ് കാണാൻ സാധിച്ചത്. എന്നാൽ ഇന്ന് ആ രാഷ്ട്രീയ വൽക്കരണത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു. ജനകീയാസൂത്രണത്തിൽ നടന്ന അഴിമതിയെക്കുറിച്ചുള്ള പരാതികൾ ഇപ്പോഴും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ആ അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് ഈ ഗവൺമെന്റിനോട് ഞങ്ങളൊക്കെ ആവശ്യപ്പെട്ടതാണ്. അതിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജനകീയാസൂത്രണം നടപ്പിലാക്കിയ കാലത്ത് ഉണ്ടായിട്ടുള്ള അഴിമതികളെക്കുറിച്ചും അത് നടപ്പിലാക്കിയതിലുള്ള വിദേശബന്ധങ്ങളെക്കുറിച്ചുമുള്ള കഥകൾ ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിക്കകത്തുതന്നെ അത് കോളിളക്കം സൃഷ്ടിച്ചു എന്നുള്ളത് വളരെ വ്യക്തമായ ഒരു കാര്യമാണ്. പല മാർക്സിസ്റ്റ് നേതാക്കന്മാർക്കും എതിരെ നടപടികൾ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പഞ്ചായത്ത് രാജ് വിഭാവനം ചെയ്ത രൂപത്തിൽ ഒരു പുതിയ ആസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നിലപാടുകൾ സ്വീകരിച്ച കാര്യം എന്റെ സ്നേഹിതൻ ശ്രീ. എ. സി. മൊയ്തീൻ സംസാരിച്ചപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടുകളൊക്കെ കട്ട് ചെയ്തു എന്ന് പറയുകയുണ്ടായി. അത് അടിസ്ഥാനരഹിതമായ ആരോപണമാണ്. രാഷ്ട്രീയ പ്രേരിതമായ ഒരുപ്രചാരവേല എന്നല്ലാതെ അതിന് യാതൊരു അടിസ്ഥാനവുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത്, 1997-98 കാലത്ത് 741.08 കോടി രൂപ മാത്രമാണ് കഴിഞ്ഞ ഗവൺമെന്റ് നൽകിയത്. 1998 - 99 കാലത്ത് 910.43 കോടി രൂപ മാത്രമേ നൽകിയിട്ടുള്ളൂ. 1999 - 2000 വർഷത്തിൽ 842 കോടി, 2000 - 01-ൽ 819.06 കോടി രൂപയാണ് നൽകിയത്. 1997 -ൽ കൊടുത്തതിന്റെ ഏതാണ്ട് 100 ശതമാനം വർദ്ധനവാണ് വാസ്തവത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നൽകിയിട്ടുള്ളത്. 2003-04 കാലഘട്ടത്തിൽ 435 കോടി രൂപ കട്ട് ചെയ്തുയെന്നാണ് ശ്രീ. എ.സി.മൊയ്തീൻ ആരോപിച്ചത്. ബഡ്ജറ്റ് പ്രകാരം അനുവദിച്ച 1437.51 കോടി രൂപയിൽ 1317 കോടി രൂപ നൽകിയിട്ടുണ്ട്. അപ്പോൾ ഈ ആരോപണം കേവലം അടിസ്ഥാനരഹിതമാണ്. ഈ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളെ മുഴുവൻ തകർക്കുന്നു എന്ന് പറയുന്നത് കേവലം രാഷ്ട്രീയപ്രേരിതമായിട്ടുള്ള പ്രചാരവേല എന്നല്ലാതെ അതിന് യാതൊരു അടിസ്ഥാനവുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം എം.ജി.പി..യിൽ (സർക്കാർ നവീകരണ പദ്ധതി) ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അതിന്റെ ജനകീയ അടിത്തറ ഉറപ്പിക്കാനും വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിക്കാണ് എം. ജി. പി. പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പഞ്ചവൽസര ആസൂത്രണത്തെ സംബന്ധിച്ച് വളരെ വിശദമായ ഒരു നയം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചവൽസര ആസൂത്രണത്തിന്റെ പ്രാധാന്യമാണ് അതിൽ പറഞ്ഞിട്ടുള്ളത്. പാവപ്പെട്ടവരുടെ ജോലി കേന്ദ്രീകരിച്ചുകൊണ്ട് തദ്ദേശ സാമ്പത്തിക വികസനം നടപ്പിലാക്കുക, പ്രവർത്തന മേഖലയിൽ ഉത്തരവാദിത്വം ബലപ്പെടുത്തുക, തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തമാക്കുക, കാര്യക്ഷമമായ മനുഷ്യവിഭവ മാനേജുമെന്റ് നടപ്പാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് എം.ജി.പി.-യിൽ വിഭാവനം ചെയ്തിട്ടുള്ളത്. അതിനകത്ത് പറയുന്ന ഏറ്റവും പ്രാധാന്യം അർഹിക്കുന്ന നയപരമായും വളരെയേറെ രാഷ്ട്രീയത്തിന് അതീതമായും കാണേണ്ട ഒരു കാര്യം വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. വികസനത്തിന്റെ ചാലക ശക്തിയായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനത്തിൽ ആരോപിക്കപ്പെടുന്ന അഴിമതി, ഉത്തരവാദിത്വമില്ലായ്മ, ചുവപ്പ് നാട എന്നിവയിൽ നിന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുക്തമാവുകയും സമയോചിതമായി

LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുകയും വേണം. സ്ക്കൂളുകൾ, ആശുപത്രികൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ പൊതുജനപങ്കാളിത്തത്തോടുകൂടി ഗുണമേന്മയുള്ള സ്ഥാപനം യഥാസമയം ലഭ്യമാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എം.ജി.പി..-യിൽ പുതുതായി ഗ്രാമ നഗരാസൂത്രണം വിഭാവന ചെയ്തിട്ടുണ്ട്. ആ ഒരു ലക്ഷ്യം വിഭാവന ചെയ്തു കൊണ്ട് നഗര-ഗ്രാമ ആസൂത്രണത്തിന് പുതിയ ഒരു ബിൽ കൊണ്ടുവരണമെന്നുകൂടി എം.ജി.പി.-യിൽ പരാമർശിച്ചിട്ടുണ്ട്. എനിക്ക് പറയാനുള്ളത് നഗര-ഗ്രാമ വികസനത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടിനെക്കുറിച്ചാണ്. കഴിഞ്ഞ വെള്ളിയാഴ്ച നടന്ന സ്വകാര്യ മെമ്പർമാരുടെ ബിൽ അവതരിപ്പിച്ച സമയത്ത് ഞാൻ ഒരു ബിൽ കൊണ്ടുവന്നു. നഗരാസൂത്രണത്തെ സംബന്ധിച്ചിടത്തോളം അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നഗരാസൂത്രണ അതോറിട്ടി രൂപീകരിക്കണമെന്നായിരുന്നു ഞാൻ ആ ബില്ലിൽ പരാമർശിച്ചിരുന്നത്. കാരണം നഗരങ്ങളും ഗ്രാമങ്ങളും ഇന്ന് മരിച്ചുകൊണ്ടിരിക്കുകയാണ്. ആസൂത്രണത്തിന്റെ അഭാവമാണ് അതിന് പ്രധാന കാരണം അതിന് പരിഹാരം കണ്ടെത്തണം. നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും വികസനം സംബന്ധിച്ചിടത്തോളം ഇന്ന് പല നഗരങ്ങളിലും ആസൂത്രണമില്ലാത്ത സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. പല നഗരങ്ങളെ സംബന്ധിച്ചും ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ആ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗിന്റെ കാലമൊക്കെ കഴിഞ്ഞു. മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ ക്ലീൻ കേരള ഉൾപ്പെടെയുള്ള, പല പദ്ധതികളും ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അത് നല്ലകാര്യമാണ്. ഇതൊക്കെ പരിസ്ഥിതി പ്രശ്നമാണ് ഉണ്ടാക്കുന്നത്. അശാസ്ത്രീയമായ ആസൂത്രമാണ് പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഏറ്റവും ഗുരുതരമായ പ്രശ്നം ഖര മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്താൻ കഴിയാത്തതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒരു എൻവയോൺമെന്റ് സെൽപോലുമില്ല. പരിസ്ഥിതി മാനേജുമെന്റ് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന സ്ഥാപനങ്ങളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ. അശാസ്ത്രീയമായ പ്ലാനുകൾ അംഗീകരിച്ച് കൊടുക്കുന്നതുമൂലം നഗരങ്ങളൊക്കെ കോൺക്രീറ്റ് കെട്ടിടങ്ങളായി മാറുകയാണ്. കോഴിക്കോട് നഗരത്തിൽ നിന്ന് വരുന്ന ജനപ്രതിനിധിയാണ് ഞാൻ. അവിടെ അശാസ്ത്രീയമായിട്ടാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു വരുന്നത്. ധാരാളം ഫ്ളാറ്റുകൾ ഉയർന്നു വരുന്നു. ഡ്രെയിനേജ് സംവിധാനം ഇപ്പോഴുമില്ല. ഡ്രെയിനേജ് സംവിധാനം ഇല്ലാത്തതിന്റെ ഗുരുതരമായ പ്രശ്നങ്ങളാണ് കോഴിക്കോട് നഗരംപോലുള്ള കേരളത്തിലെ നഗരങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നം. അതുകൊണ്ട് നഗരാസൂത്രണത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു എൻവയോൺമെന്റ് പ്ലാനിംഗിന് പ്രാധാന്യം നല്കേണ്ടതായിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അങ്ങനെ വല്ല സംവിധാനവുമുണ്ടോ? ഇല്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രമല്ല മറ്റ് പല വകുപ്പുകളിലും ഇല്ല. പ്രകൃതിയെ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുന്ന, പ്രകൃതിയെ ചൂഷണം ചെയ്യുന്ന ഇത്തരം വകുപ്പുകളിൽ ഒന്നുംതന്നെ അതിനുള്ള സംവിധാനമില്ല. പരിസ്ഥിതി പ്രശ്നം എന്നുള്ളത് വരുംകാലങ്ങളിൽ ഏറ്റവും ഗുരുതരമായ പ്രശ്നമായി മാറാൻ പോകുകയാണ്. ആ സന്ദർഭങ്ങളിൽ എൻവയോൺമെന്റ് പ്ലാനിംഗ് ഇല്ലാതെ നഗരാസൂത്രണത്തിനും ഗ്രാമാസൂത്രണത്തിനും പ്ലാനിംഗ് നടത്തുകയാണെങ്കിൽ അത് ജനജീവിതം ദു:സ്സഹമാക്കാൻ മാത്രമേ സഹായിക്കുകയുള്ളു. മറ്റൊരു പ്രധാന കാരണമായ, നഗര വികസനത്തെക്കുറിച്ച് പറയാം. കോഴിക്കോട്ട് നഗരത്തിലെ ഡ്രെയിനേജ് സംവിധാനത്തെക്കുറിച്ച് പല നിവേദനങ്ങൾ നടത്തി പല പ്രമേയങ്ങളും പാസ്സാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം ആവശ്യപ്പെടുന്ന കാര്യമാണ്. കോടിക്കണക്കിന് രൂപയുടെ കുഴൽ കോഴിക്കോട് നഗരത്തിനകത്ത് സ്ഥാപിച്ചു എന്നല്ലാതെ ഡ്രെയിനേജ് സംവിധാനം ഉണ്ടാക്കിയിട്ടില്ല. ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി കേന്ദ്രത്തിൽനിന്ന് കോടിക്കണക്കിന് രൂപ വാങ്ങി എന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് വായിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കുന്നത്. പക്ഷേ കോഴിക്കോട് നഗരം ഉൾപ്പെടെയുള്ള പല നഗരങ്ങളുടെയും ചേരി പ്രദേശത്ത് യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെ കുറിച്ച് ചൂണ്ടിക്കാണിച്ചു; സബ്ജക്ട് കമ്മിറ്റി അന്വേഷിക്കണമെന്നു പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ പാവപ്പെട്ടവരുടെ ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി ലഭിക്കുന്ന ഫണ്ട് വേണ്ടപോലെ ഉപയോഗിക്കുന്നില്ല. ആ പണം മുഴുവൻ ബന്ധപ്പെട്ട വകുപ്പ് തിരിഞ്ഞ് ചെലവഴിക്കുന്നതുകൊണ്ട് ചേരികളുടെയൊക്കെ അവസ്ഥ ഇപ്പോഴും വളരെ പരിതാപകരമാണ്. ജീവിതം ദു:സ്സഹമാണ്. ചേരികളിലൊന്നും യാതൊരു മാറ്റവുമില്ല. പക്ഷേ റിപ്പോർട്ട് എടുത്ത് വായിച്ചു നോക്കിയാൽ കോടിക്കണക്കിനു രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചതായും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം നല്കിയതായും കാണുന്നു. ഇതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പ്രത്യേകിച്ച് മലബാർ മേഖലയോടുള്ള അവഗണന. ഞാൻ കോഴിക്കോട് നഗരത്തിന്റെ കാര്യം പറഞ്ഞു. ബഹുമാന്യനായ സ്നേഹിതൻ ബി.വിജയകുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഒരുപാട് ശബ്ദമുണ്ടാക്കുകയും മറ്റും ചെയ്യുന്നതുകൊണ്ട് തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി പ്രത്യേകമായ ഫണ്ട് അനുവദിച്ചു. അതിൽ എനിക്ക് യാതൊരു ആക്ഷേപവുമില്ല. തിരുവനന്തപുരം പോലെയുള്ള ഒരു തലസ്ഥാന നഗരത്തിന്റെ അന്തസ്സും അഭിമാനവും കാത്തു സൂക്ഷിക്കുവാൻ കഴിയണം. അതുപോലെതന്നെ അല്ലെങ്കിലും അർഹമായിട്ടുള്ള പരിഗണന കോഴിക്കോട് പോലെയുള്ള നഗരസഭകൾക്ക് ലഭിക്കേണ്ടതായിട്ടുണ്ട്; യാതൊരു സംശയവുമില്ല. കാരണം വളരെയേറെ അവഗണിക്കപ്പെട്ട നിലയിൽ കിടക്കുന്ന പല റോഡുകളുടേയും ഡ്രെയിനേജുകളുടെയും കുടിവെള്ള പദ്ധതികളുടെയുമൊക്കെ സ്ഥിതി വളരെ പരിതാപകരമാണ്. അതുകൊണ്ട് സമഗ്രമായ ഒരു പദ്ധതി തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി ഉണ്ടാക്കിയതുപോലെ കേരളത്തിലെ മറ്റു നഗരങ്ങളുടേയും കോർപ്പറേഷനുകളുടേയും വികസനത്തിന് വേണ്ടി പ്രത്യേകമായ ഫണ്ട് സ്വരൂപിക്കണം. നഗര വികസന ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്വരൂപിച്ചുകൊണ്ട് ഇത്തരം പിന്നോക്കം നില്ക്കുന്ന നഗരസഭകളെ പുനരുദ്ധരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മറ്റൊരു പ്രധാന കാര്യം, ജനകീയാസൂത്രണത്തിന്റെ അഴിമതികളെ കുറിച്ചു പറഞ്ഞു. പല നഗരസഭകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലുമൊക്കെ അഴിമതി ഇപ്പോഴും നടക്കുന്നുണ്ട്. കേരള വികസന പദ്ധതിയായാലും ജനകീയാസൂത്രണ പദ്ധതിയായാലും അതിൽ എന്റെ പാർട്ടി ഉൾപ്പെടെയുള്ള പാർട്ടികളുടെ കാര്യം പറയുകയാണ്; എല്ലാവരും എന്നു പറയുന്നില്ല, വളരെ അപൂർവ്വം ആളുകൾ മാത്രമേ ഇതിന്റെ പേരിലുള്ള അഴിമതിയിൽ നിന്ന് വിമുക്തമായിട്ടുള്ളൂ. എം.ജി.പി.യിൽ പറയുന്ന ഒരു കാര്യം വികസനത്തിന്റെ ചാലകശക്തിയായി തദ്ദേശഭരണ സ്ഥാപനം പ്രവർത്തിക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ആരോപിക്കപ്പെടുന്ന അഴിമതി, ഉത്തരവാദിത്വമില്ലായ്മ, കാലതാമസം തുടങ്ങിയവ ഒഴിവാക്കണം എന്നാണ്. അഴിമതി ഒഴിവാക്കാൻ വേണ്ടിയുള്ള സംവിധാനം വളരെ ശക്തമായിത്തന്നെ തുടരേണ്ടതായിട്ടുണ്ട്. ഇതിൽ വളരെ സ്തുത്യർഹമായ സേവമനുഷ്ഠിച്ചത് ഓംബുഡ്സ്മാൻ സംവിധാനമാണ്. 1994-ൽ ആരംഭിച്ച ജസ്റ്റിസ് കെ.പി.രാധാകൃഷ്ണമേനോൻ നേതൃത്വം നല്കുന്ന ഓംബുഡ്സ്മാന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായി നടക്കുന്നു എന്നുള്ളത് വളരെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. ഏതാണ്ട് 2326 കേസുകൾക്ക് തീർപ്പ് കല്പിച്ചു. ഖര മാലിന്യ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളുമൊക്കെ നേരിടുന്ന പല നഗരങ്ങളിലും അദ്ദേഹം നേരിട്ട് ചെന്നു കണ്ട് അവയ്ക്ക് പരിഹാരം കാണുവാൻ വേണ്ടി സാധിക്കുന്നു എന്നുള്ളത് സ്വാഗതാർഹമായ ഒരു നിലപാടാണ്. കടാശ്വാസ നിയമം കഴിഞ്ഞ തവണ കൊണ്ടു വന്നു. അമ്പതു കോടി രൂപ അനുവദിച്ചു. പത്തൊമ്പതു കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അംഗങ്ങളുടെ ക്ഷമ ഇല്ലായ്മകൊണ്ടാണ് ഈ പണം തന്നെ ഉപയോഗപ്പെടാതെ പോയത്. അതുകൊണ്ട് സമഗ്രമായിട്ടുള്ള ഒരു പൊതു കടാശ്വാസ നിയമം കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. തുറമുഖ വകുപ്പുമന്ത്രി വിദേശ രാജ്യങ്ങളിലൊക്കെ പോയി പുതിയ പദ്ധതികൾ കൊണ്ടുവന്നുവെന്നാണ് പറയുന്നത്. ബേപ്പൂർ തുറമുഖത്തിനുവേണ്ടി ഇത്തരത്തിലുള്ള പദ്ധതികൾ ത്വരിതപ്പെടുത്തണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെയാണ് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളെ നോക്കി കാണുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നല്കിയ ധനം ഉപയോഗിച്ചുകൊണ്ട് പല പദ്ധതികളും നടപ്പിലാക്കണം. കേരള തദ്ദേശഭരണ സ്ഥാപനങ്ങൾ വാക്കു കൊണ്ടല്ല, പ്രവർത്തികൊണ്ട് ഇന്ന് പ്രാദേശിക സർക്കാരുകളായി മാറിക്കഴിഞ്ഞു. കഴിഞ്ഞ ഒന്നരണ്ട് വർഷക്കാലംകൊണ്ടുതന്നെ ജനങ്ങൾക്ക് വലിയ പ്രതീക്ഷ നല്കി വളർന്നുവന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ നിർഭാഗ്യവശാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഏറ്റവും അവസാന വർഷം ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവന്ന പ്രവർത്തനത്തിന്റെ ഫലമായി അക്ഷരാർത്ഥത്തിൽ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്.. പഞ്ചായത്തുകളെ ശ്വാസംമുട്ടിച്ചു കൊല്ലുന്ന നടപടികളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മെമ്പർ മൊയ്തീൻ ഇവിടെ പറഞ്ഞു, പഞ്ചായത്തുകൾക്ക് ഒരു കൈകൊണ്ട് ധനം നൽകുകയും മറു കൈകൊണ്ട് ആ ധനം തിരിച്ചു പിടിക്കുകയും ചെയ്യുന്ന ലാഘവബുദ്ധിയോടുകൂടി ഈ സർക്കാർ പ്രവർത്തിക്കുകയാണ് എന്ന്. ഈ പ്രശ്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും തികഞ്ഞ ലാഘവത്തോടുകൂടിയാണ് കാണുന്നത്. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങളാകെ അവതാളത്തിലായിരിക്കുകയാണ്. ആദ്യം സംസ്ഥാന സർക്കാർ തുക നൽകുമെന്ന് പ്രഖ്യാപിച്ചു. അതനുസരിച്ച് പദ്ധതി തയ്യാറാക്കി. അതിനുശേഷം വീണ്ടും പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തി. അതുകഴിഞ്ഞ് അവസാനം പറഞ്ഞത് മാർച്ച് 31 കൊണ്ട് പൂർത്തിയാക്കിയിട്ടില്ലെങ്കിൽ പണം മുഴുവൻ തിരിച്ചുപിടിക്കുമെന്നാണ്. പിന്നീട് ആ വാക്ക് പാലിക്കുകയും ചെയ്തു. മുഴുവൻ തുകയും തിരിച്ചുപിടിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമേയുള്ളോ ഇതിനുള്ള നടപടി. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുക 30-35 ശതമാനത്തിന് താഴെ മാത്രമാണ്. കേരളത്തിൽ മറ്റ് 60 ശതമാനം തുക എങ്ങനെയാണ് ചെലവഴിക്കുന്നത്? അങ്ങനെ ചെലവഴിക്കപ്പെടുന്നതിനൊന്നും ഇല്ലാത്ത മാനദണ്ഡം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിങ്ങൾ നൽകി. കട്ട് ഓഫ് ഡേറ്റ് പ്രഖ്യാപിച്ച് നടപ്പിലാക്കാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ ഏതെങ്കിലും തരത്തിൽ നടപ്പിലാക്കാൻ കഴിയുമോ? തദ്ദേശഭരണ സ്ഥാപനങ്ങളോട് പറയുന്നത് 31-ന് മുൻപ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയില്ലെങ്കിൽ പണം മുഴുവൻ നിങ്ങൾ തിരിച്ചുപിടിക്കുമെന്നാണ്. അതിന്റെ ഫലമായി എന്താണ് സംഭവിച്ചിരിക്കുന്നത്? കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ ഭാവനയോടുകൂടി നടപ്പാക്കാൻ ശ്രമിച്ച പദ്ധതികളൊക്കെ സർക്കാർ തന്നെ നേരിട്ട് പൊളിച്ചിരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളെ സംബന്ധിച്ച് ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്നതും പ്രതിപക്ഷത്തുള്ള എല്ലാ ജനപ്രതിനിധികളും അംഗീകരിച്ചതുമായ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചു. തണൽ ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാതൃകാപരമായി നടപ്പിലാക്കിയ ഒന്നാണ്. സ്വന്തമായി വസ്തുവുള്ള, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60,000 കുടുംബങ്ങൾക്ക് രണ്ട് വർഷക്കാലംകൊണ്ട് സ്വന്തമായി വീട് വച്ച് നൽകുന്ന ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന നല്ല പദ്ധതിയായിരുന്നു ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചത്. അത് നടപ്പിലാക്കി. അപ്പോൾ നല്ല വിജയമായിരുന്നു. 29,462 വീടുകൾ തിരുവനന്തപുരം ജില്ലയിൽ ആദ്യ വർഷം പൂർത്തീകരിച്ചു. രണ്ടാം വർഷമായപ്പോൾ ത്രിതല പഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിച്ചു. ഹഡ്കോ കോ-ഓപ്പറേറ്റീവ് ബാങ്ക് വഴിയാണ് ഇതിനുള്ള സാമ്പത്തിക സഹായം നൽകിയിരുന്നത്. ഇന്ററസ്റ്റിന്റെ വ്യത്യാസമനുസരിച്ച് സർക്കാർ ഗ്യാരന്റി 11 വർഷം എന്നത് 4 വർഷമാക്കി മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചു. അതിന് പരിഹാരമുണ്ടാക്കിക്കൊടുക്കാം പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനവുമായി മുന്നോട്ട് പോകൂ എന്നാണ് മന്ത്രി അവരോട് പറഞ്ഞത്. ഇതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. അവസാനം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വാക്ക് ലംഘിച്ചു. ഏറ്റവും അവസാനം സംഭവിച്ചിരിക്കുന്നത് മാർച്ച് 31 ആയപ്പോൾ ബാങ്കിൽ നിക്ഷേപിച്ചിരുന്ന 22,89,00,000 രൂപ ലാപ്സായി. ഗവൺമെന്റ് നേരിട്ടിടപെട്ടുകൊണ്ട് പദ്ധതി എങ്ങനെ പൊളിക്കാം എന്നുള്ളതിനെക്കുറിച്ചുള്ള ഏറ്റവും വലിയ ഉദാഹരണമാണ് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കാൻ ശ്രമിച്ച തണൽ ഭവന പദ്ധതി. തിരുവനന്തപുരത്ത് ഗ്രാമസഭകൾ കൂടാൻ ജനപ്രതിനിധികൾക്ക് പോകാൻ വയ്യാതായി, പഞ്ചായത്ത് പ്രസിഡന്റുമാർക്ക് പോകാൻ നിവൃത്തിയില്ല. കാരണമെന്താണ്? വീട് കൊടുക്കാമെന്ന് പറഞ്ഞ്, കൊടുക്കേണ്ട ആളുകളെവരെ സെലക്റ്റ് ചെയ്തതാണ്. അവർക്കൊന്നും പോകാൻ പറ്റാത്ത ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത് അദ്ദേഹം ഈ പദ്ധതിയെ പൊളിച്ചിട്ട് ഭവനശ്രീ എന്ന ഒരു പുതിയ പദ്ധതി തുടങ്ങാൻ പോകുകയാണെന്നാണ്. ഒരുപക്ഷെ മറുപടി പറഞ്ഞുകൊണ്ട് അദ്ദേഹം ഈ സഭയിലും പ്രഖ്യാപിക്കുമായിരിക്കും കഴിഞ്ഞ പഞ്ചായത്ത് അസോസിയേഷന്റെ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം സംസാരിച്ചതായി വാർത്ത വന്നു. അത് പാവപ്പെട്ട കുടുംബശ്രീകളുടേയും കൂടി ഭാവി അപകടത്തിലാക്കാനാണ്. പാവപ്പെട്ട കുടുംബശ്രീ യൂണിറ്റുകളിൽ നിന്നുള്ള നക്കാപ്പിച്ച കാശ് കിട്ടുന്നതുകൊണ്ട് സമ്പാദിച്ച് 200 കോടി രൂപ ഇട്ടിട്ടുണ്ട്. മന്ത്രി പറഞ്ഞത് 200 കോടി രൂപ നിക്ഷേപിച്ച് സർക്കാർ ഗ്യാരന്റി കൊടുത്തുകൊണ്ട് സംസ്ഥാനത്ത് വേറൊരു പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്എന്നാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ തിരുവനന്തപുരം, കൊല്ലം ജില്ലകളിലേയും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കിട്ടുമായിരുന്ന വലിയ ആനുകൂല്യം ഇല്ലാതാക്കിയതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. കഴിഞ്ഞ വർഷത്തെ പദ്ധതി പൊളിഞ്ഞു. ഈ വർഷം സ്പിൽ ഓവർ പൂർത്തീകരണം, അക്ഷയ പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു, അങ്ങ് കേരളത്തിലെ മുഴുവൻ ആളുകളേയും കംപ്യൂട്ടർ സാക്ഷരരാക്കുക എന്നുള്ള നല്ല ഉദ്ദേശത്തോടെയാണോ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? ഓരോ ജില്ലയുടേയും ഓരോ പ്രദേശത്തിന്റേയും, ഭൂമിശാസ്ത്രപരമായും, സാമൂഹികമായും ഉള്ള കാര്യങ്ങൾ മനസ്സിലാക്കി അത് നടപ്പിലാക്കാനുള്ള അവകാശം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്നതാണ്. അക്ഷയ പദ്ധതി നടപ്പിലാക്കണം. പത്ത് പന്ത്രണ്ട് ലക്ഷം രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവയ്ക്കേണ്ടി വരികയാണ്. അപ്പോൾ ഫലത്തിൽ വരാൻ പോകുന്നത്, ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പുതിയ പദ്ധതി തുടങ്ങാൻ കഴിയാത്ത അവസ്ഥയാണ്. പുതിയ വികസന പ്രവർത്തനങ്ങളൊന്നും തുടങ്ങാൻ കഴിയുകയില്ല. നിങ്ങൾ തിരിച്ചുപിടിച്ച് പണവും പെലവാക്കി അക്ഷയയും ജലനിധിയും നടപ്പിലാക്കിക്കഴിഞ്ഞാൽ എന്ത് പുതിയ പദ്ധതിയാണ് തദ്ദേശഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത്? കേരളത്തിൽ വികസന പ്രവർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ സ്തംഭിക്കാൻ പോകുകയാണ്. ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളോട് ചെയ്തുകൊണ്ടിരിക്കുന്ന ഈ നയം മാറ്റണം. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഇതിനെതിരായി ശക്തമായി സമരത്തിന് ഇറങ്ങിയിരിക്കുകയാണ്. ഇന്ന് കേരളത്തിൽ മുഴുവൻ സമരം നടക്കുകയാണ്. ചില പഞ്ചായത്ത് പ്രസിഡന്റുമാരും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും തിരുവനന്തപുരത്ത് സമരത്തിന് വന്നിരിക്കുകയാണ്. ഒന്നുകിൽ നിങ്ങൾ നടത്താൻ സമ്മതിക്കുക അല്ലെങ്കിൽ ഈ വകുപ്പ് വേണ്ടെന്ന് വയ്ക്കുക. അതുകൊണ്ട് അത്യന്തം ഗുരുതരമായ ഈ വകുപ്പ് തന്നെ ഇല്ലാതാകുന്ന നടപടികളുമായി മുന്നോട്ട് പോകുന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. സി. മോയീൻ കുട്ടി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. മുന്ന് വർഷം പിന്നിട്ട ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും നിഷേധാത്മകമായി സംസാരിക്കാൻ സാധിക്കാത്ത ശ്രീ. മൊയ്തീൻ മുതൽ സീനിയർ മെമ്പർമാർ വരെ ഇവിടെ ആരോപിച്ചിട്ടുള്ളത് പാർലമെന്റിലേയ്ക്ക് മൽസരിച്ചപ്പോൾ നേരിട്ട പരാജയത്താൽ വന്നിട്ടുള്ള ക്ഷീണവും അതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുമാണ്. ഇതിൽ നിങ്ങൾക്കെന്താണ് അഭിമാനിക്കാനുള്ളത്? . നിങ്ങൾക്ക് അഭിമാനിക്കാനായി ഒന്നുമില്ല. വികസന പദ്ധതിയിൽ ചെന്നെത്തി നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദിശാബോധം വാസ്തവത്തിൽ വികസന പദ്ധതിയുമായിട്ട് ബന്ധപ്പെട്ട് വിശദീകരിക്കുമ്പോൾ ഒട്ടേറെ നേട്ടങ്ങളുമായിട്ട് തന്നെയാണ് നമ്മുടെ മന്ത്രി മുന്നോട്ട് പോകുന്നത്. ഈ രംഗത്തുള്ള കഴിഞ്ഞകാല പ്രവർത്തനങ്ങൾ ഞാൻ പറയുന്നില്ല. ജനകീയാസൂത്രണമായിരുന്നാലും വികേന്ദ്രീകരണാ സൂത്രണമായിരുന്നാലും ശരി ഈ കാര്യങ്ങളിൽ കാലാകാലങ്ങളിൽ ഗവൺമെന്റുകൾ ഒട്ടേറെ നേട്ടങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ പഠനങ്ങളിലൂടെ, അനുഭവ സമ്പത്തിലൂടെ ഇന്ന് കേരളം വികസന പദ്ധതിയിൽ നിൽക്കുമ്പോൾ വളരെ വ്യക്തമായ ദിശാബോധം ഗ്രാമങ്ങൾക്കുമുണ്ടായി എന്ന യാഥാർത്ഥ്യബോധം നമുക്ക് ഉണ്ടാകണം എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ത്രിതല പഞ്ചായത്ത് സംവിധാനം വാസ്തവത്തിൽ ഇന്ന് സജീവമാണ്; ചലനാത്മകമാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ആരോപണം ഉണ്ടാകും. കഴിഞ്ഞകാലമൊക്കെ എന്തായിരുന്നു? ഇതിന്റെ ശിൽപ്പികൾ തന്നെ തള്ളിപ്പറഞ്ഞില്ലേ? ശ്രീ. ഗുലാത്തി മുതൽ ഡോ. തോമസ് ഐസക് വരെയുള്ള ആളുകൾ അഴിമതികളെക്കുറിച്ചും സ്വജനപക്ഷപാതത്തെക്കുറിച്ചും കൺവീനർമാരെക്കുറിച്ചും എന്തുമാത്രം കഥകളാണ് ഈ നിയമസഭയിൽ ഉയർന്നുവന്നിട്ടുള്ളത്? അതിനൊക്കെ ഉപരിയായി ജനകീയ വികാരങ്ങളെ തല്ലിത്തകർത്തു കൊണ്ടുള്ള വിദഗ്ധ സമിതികളുടെ കൂത്തരങ്ങായിരുന്നു ഈ സംസ്ഥാനം. ശ്രീധരൻ നമ്പൂതിരിപ്പാട്, ഡോ. ഇക്ബാൽ, ഡോ. തോമസ് ഐസക് മുതൽ ഗുലാത്തിവരെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അത് വാസ്തവത്തിൽ നിങ്ങളുടെ മനസ്സിന് വല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഭീതിയുണ്ടാക്കുന്നുണ്ട്. ഇപ്പോഴും നിങ്ങൾ ആവർത്തിക്കുന്നുണ്ടാകും. അല്ലാതെ കാര്യമായി ഇന്ന് പറയാനുണ്ടോ? സ്വയംപര്യാപ്തമായ പ്രാദേശിക ഗവൺമെന്റുകൾ ഗ്രാമപ്രദേശങ്ങളിലെ വികസനത്തോടെ കുറ്റമറ്റ നിലയിൽ ആയിരിക്കുകയാണ്. പദ്ധതി ആസൂത്രണം പഞ്ചായത്തുകളിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് സ്വാതന്ത്ര്യം നൽകിയിരുന്നു. വികസനത്തിൽ രാഷ്ട്രീയം വേണ്ട എന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചു എന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്? അതുവഴി കാർഷിക മേഖലയിലും വ്യവസായ മേഖലയിലും ഗ്രാമീണ മേഖലയിലും പുതിയ ഉണർവുണ്ടായി എന്ന വസ്തുത ആർക്കും നിഷേധിക്കാൻ സാധ്യമല്ല. ശുചിത്വത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ബഹുമാന്യനായ ശ്രീ. സുജനപാൽ പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കുകയാണ്. ഡ്രെയിനേജ് സിസ്റ്റം നമ്മുടെ രാജ്യത്ത് സാർവ്വത്രികമായി തകരുകയാണ്. വളരെ വ്യക്തമായ കാഴ്ചപ്പാടില്ലാത്ത തരത്തിലുള്ള ഡ്രെയിനേജ് സിസ്റ്റം ഈ രാജ്യത്തിന് മഹാഭീഷണിയായി വളർന്നുവരികയാണ്. നമുക്കറിയാം എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലോക്കൽ കമ്മിറ്റികളിലും, തദ്ദേശഭരണ സ്ഥാപനങ്ങളിലും ശക്തമായ സ്വാധീനം ചെലുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി ഗവൺമെന്റ് കാണണം. കൂണുപോലെ മുളച്ചു പൊന്തുന്ന കോൺക്രീറ്റ് കുന്നുകൾ വാസ്തവത്തിൽ വളരെ ഗൗരവമായ ഭീഷണി തന്നെയാണ് സംസ്ഥാനത്ത് ഉയർത്തുന്നത്. അതുപോലെ പുത്തൻ വികസന കാഴ്ചപ്പാടോടുകൂടി വിഭവ വിനിയോഗത്തിന്റെ കാര്യത്തിലായാലും, കാര്യക്ഷമതയുടെ കാര്യത്തിലായാലും, ജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന കാര്യത്തിലായാലും കേരള വികസന പദ്ധതി വളരെയേറെ ഗുണഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഫണ്ട് കൊടുക്കുന്ന കാര്യം പറഞ്ഞു, 2001-2002-ൽ 850 കോടി രൂപ വക കൊള്ളിച്ചു; 637 കോടി രൂപ കൊടുത്തു. 2002-03-ൽ 1342 കോടി രൂപ കിട്ടി. 1248 കോടി രൂപ വിതരണം ചെയ്തു. 2003-ൽ 1317 കോടി രൂപ വക കൊള്ളിച്ചു. അധികാര വികേന്ദ്രീകരണം പ്രഖ്യാപിക്കുന്നതിലല്ല, സാമ്പത്തിക ദുരിതംമൂലം ഗവൺമെന്റ് ശ്വാസം മുട്ടുന്ന സന്ദർഭത്തിൽപ്പോലും ഫണ്ട് ലഭ്യമാക്കുന്ന കാര്യത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരുത്തു പകരുന്ന കാര്യത്തിൽ, ഒരിഞ്ചുപോലും പുറകോട്ട് പോകാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഒരു സമഗ്ര നഗര വികസന നയം ഈ ഗവൺമെന്റ് കൊണ്ടുവന്നത് നിഷേധിക്കാൻ സാധിക്കുമോ? വളരെ വേഗം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ആസൂത്രിതമായിട്ടുള്ളതും, ക്രമാനുഗതമായിട്ടുള്ളതുമായ വളർച്ചയെ ഇത് ലക്ഷ്യമിട്ടു. പട്ടണങ്ങളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള വികസനം ലക്ഷ്യം വച്ചുകൊണ്ട് നഗര പ്രദേശത്തെ പ്രധാന വളർച്ചാ കേന്ദ്രങ്ങളാക്കുന്നതിന് ഈ നയം സ്വാഗതാർഹമായിരുന്നു. ക്ളീൻ കേരളാ പദ്ധതി എന്തായിരുന്നു? മാലിന്യ കൂമ്പാരങ്ങളായിരുന്നില്ലേ? നമ്മുടെ തലസ്ഥാന നഗരി മാലിന്യങ്ങളുടെ കൂമ്പാരമായി ഈ നഗരത്തെപ്പോലും വിഴുങ്ങും എന്നു വന്നില്ലേ? ആ സന്ദർഭത്തിൽപോലും വളരെ ശക്തമായ ഇടപെടലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് നടത്തി. അതിന്റെ ഗുണഫലങ്ങൾ ഉണ്ടായി. എത്രയോ പത്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിച്ചാവർത്തിച്ച് മുഖപ്രസംഗം എഴുതിയത് ഞാൻ ഓർക്കുകയാണ്. ക്ളീൻ കേരള പദ്ധതി ഏറെ പ്രശംസ പിടിച്ചുപറ്റി എന്ന കാര്യത്തിൽ തർക്കമില്ല. അതുപോലെ തന്നെ ക്ളീൻ കേരളാ മിഷൻ ഈ രാജ്യത്ത് വമ്പിച്ച കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. അയൽകൂട്ടങ്ങളും കുടുംബശ്രീകളും സംഘർഷനിർഭരമായ സാമൂഹ്യ പശ്ചാത്തലത്തിൽ ചലനാത്മകമായിട്ടുള്ള നമ്മുടെ ഗ്രാമസ്വരാജ് സങ്കല്പങ്ങൾ സാക്ഷാത്കരിക്കുന്ന തരത്തിൽ വളരെയേറെ മുന്നോട്ടുപോയി. അവർ ഒരുപാട് പ്രവർത്തനങ്ങൾ നടത്തി. തൊഴിൽരഹിതരായ, വിദ്യാഭ്യാസരഹിതരായ നമ്മുടെ സഹോദരിമാർക്ക് ജീവിതത്തിൽ പ്രതീക്ഷ ഉളവാക്കുന്ന സാഹചര്യം ഉണ്ടായി. എല്ലാവരും ഒന്നിച്ച് ഒരു മുഖ്യധാരയിൽ സഹകരിച്ചു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീ പ്രവർത്തനങ്ങളെ ദേശീയ പ്ളാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ അടക്കം വളരെ മുക്തകണ്ഠം പ്രശംസിച്ചതായി പത്രത്തിൽ വാർത്ത കണ്ടു. അതുപോലെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി കൊച്ചുകൊച്ചു സമ്പാദ്യങ്ങൾവഴി 340 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. ഇതുവഴി സംസ്ഥാനത്തെ സഹോദരിമാർക്ക് സാമ്പത്തിക രംഗത്ത് വ്യക്തമായ ചുവടുറപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാനും സംഘടിത സ്വഭാവത്തോടുകൂടി കക്ഷി രാഷ്ട്രീയത്തിനതീതമായി സ്ത്രീ ശാക്തീകരണ രംഗത്ത് ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും സാധിച്ചു. ഒന്നേകാൽ ലക്ഷത്തിൽപരം വരുന്ന അയൽക്കൂട്ടങ്ങളാണ് കക്ഷിരാഷ്ട്രീയത്തിനതീതമായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. അത് വാസ്തവത്തിൽ നിങ്ങൾക്ക് ഏറെ പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടക്കാത്ത കാര്യങ്ങളാണ്. അതുകൊണ്ടാണ് രാജ്യത്തെ എല്ലാ വിഭാഗം ആളുകളേയും പ്രത്യേകിച്ച് വിദ്യാസമ്പന്നരല്ലാത്ത പിന്നോക്ക സമുദായത്തിലുള്ള സഹോദരിമാരെ ഒന്നിച്ചുനിർത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സജീവമായി കർമ്മ രംഗത്തായാലും വ്യവസായ രംഗത്തായാലും സാക്ഷരതാ രംഗത്തായാലും സാംസ്കാരിക രംഗത്തായാലും ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു എന്നതാണ് ഇക്കാര്യത്തിലുള്ളത്. അതുപോലെ തന്നെ സംസ്ഥാനത്തെ ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിൽ ക്ളീൻ കേരള പദ്ധതി ചെറിയ സ്വാധീനമല്ല ചെലുത്തിയിട്ടുള്ളത്. മാലിന്യ നിർമ്മാർജ്ജനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്വമായി മാറി എന്നതും സന്തോഷകരമായ കാര്യമാണ്. നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഗവൺമെന്റ് പരിപൂർണ്ണ സപ്പോർട്ട് ഇക്കാര്യത്തിൽ കൊടുക്കുക മാത്രമല്ല വ്യക്തമായ ദിശാബോധത്തോടുകൂടി ഇക്കാര്യം ഫോളോ അപ് ചെയ്യുന്നതിനും നിരന്തരമായ അവലോകനത്തിന് വിധേയമാക്കുന്നതിനും പഞ്ചായത്തുകളെ സജീവമാക്കിയതാണ് അതുകൊണ്ടുള്ള പ്രധാന നേട്ടങ്ങളിൽ ഒന്ന്. വ്യക്തി ശുചിത്വത്തിൽ നമ്മളെല്ലാം മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിൽ നമ്മൾ പരാജിതരായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. ഇവിടെ കച്ചവടക്കാർ പിന്തള്ളുന്ന അവശിഷ്ടങ്ങൾ വളരെ ഗുരുതരമായ ഭീഷണി, പാരിസ്ഥിതിക

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. ഇതു സംബന്ധിച്ച് നിയമ നിർമ്മാണം വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുമായി ബന്ധപ്പെട്ട് രോഗങ്ങൾ ഉണ്ടാകുന്നു, ദുരിതങ്ങളുണ്ടാകുന്നു. ഇക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. പഞ്ചായത്തുതല സംവിധാനത്തെപ്പറ്റി എനിക്ക് വിമർശനപരമായി പറയാനുള്ള ഒരു കാര്യം ഗ്രാമ പഞ്ചായത്തുകളുടേതായിട്ടുള്ള നിർദ്ദേശം മാനിക്കുന്നതിന് പലപ്പോഴും ജില്ലാ ഭരണകൂടം അവഗണന കാണിക്കുന്നു എന്നുള്ളതാണ്. വെള്ളപ്പൊക്ക പ്രശ്നമായാലും വരൾച്ചാ പ്രശ്നമായാലും ഗ്രാമ പഞ്ചായത്തുകളുടെ റെസല്യൂഷന് മുഖ്യ പരിഗണന കൊടുക്കുന്ന കാര്യത്തിലും എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾക്ക് മുഖ്യ പരിഗണന കൊടുക്കുന്ന കാര്യത്തിലും ജില്ലാ ഭരണകൂടം നിഷേധാത്മകമായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, തദ്ദേശ ഭരണ സ്ഥാപനമായാലും ഏത് തലത്തിലുള്ള ജനപ്രതിനിധികളായാലും അവരുടെ നിർദ്ദേശങ്ങൾക്ക് മുഖ്യ പരിഗണന കൊടുക്കുന്ന കാര്യത്തിൽ ജില്ലാ ഭരണകൂടങ്ങൾ പലപ്പോഴും കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. വെള്ളപ്പൊക്കമായാലും മറ്റ് ദുരിതങ്ങളായാലും ബന്ധപ്പെട്ട റോഡുകളുടെ കാര്യമായാലും അവർ അവരുടേതായ നയ സമീപനങ്ങളുമായി മുന്നോട്ടു പോകുന്നത് തീർച്ചയായും അവസാനിപ്പിക്കുന്നതിന് സാധിക്കണം. അതുകൊണ്ട് ഗൗരവമായി ഈ കാര്യത്തെ ഗവൺമെന്റ് കാണണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നോട്ടു പോകുന്നു എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കാലാകാലങ്ങളായുള്ള അലംഭാവം മാറ്റി വച്ചുകൊണ്ട് നികുതി പിരിവ് ഊർജ്ജിതമായി മുന്നോട്ടു പോവുകയാണ്. അധികാര വികേന്ദ്രീകരണത്തെത്തുടർന്ന് പഞ്ചായത്തുകളുടെ ചുമതലകളും വിഭവങ്ങളും ഏറെ വർദ്ധിക്കുകയുണ്ടായി. അത് ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് സാധിക്കണം. പഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റിന് ശക്തി പകരുന്ന നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി തിളക്കങ്ങളും ഉപഹാരങ്ങളുമായാണ് ഇവിടെ കടന്നുവന്നത്. അദ്ദേഹത്തിന്റെ വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അതുപോലെ യഥാസമയം അടിസ്ഥാന നികുതിഗ്രാന്റ് ആയാലും സ്റ്റാമ്പ് ഡ്യൂട്ടി ആയാലും വെഹിക്കിൾ ടാക്സ് ആയാലും പിരിക്കുന്നതിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് വാങ്ങുന്നതിന് നൽകിയ തുക മടക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഗുണഭോക്തൃ ലോൺ എടുത്തിട്ടുണ്ടെങ്കിലും ഇനിയും അവർക്ക് ലോൺ കൊടുക്കണമെന്നകാര്യംകൂടി ശ്രദ്ധിക്കണം:

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്നത്തെ ചർച്ചയിൽ സാധാരണ മനുഷ്യരുടെ ജീവിതത്തിൽ വലിയ പ്രസക്തിയുള്ള രണ്ടു വകുപ്പുകളാണ് പഞ്ചായത്തും സഹകരണവും. സഹകരണവും പഞ്ചായത്തും വകുപ്പുകൾ ഇല്ലാതെ ഇന്നത്തെ സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യന് ജീവിക്കാൻ പറ്റില്ല. ഈ സന്ദർഭത്തിൽ ഈ രണ്ട് വിഷയങ്ങളും ഒന്നിച്ചു കാണാനും കേൾക്കാനും അതുപോലെ പറയാനും സന്ദർഭം കിട്ടിയതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ ആദ്യം സഹകരണത്തിലേയ്ക്ക് കടക്കാം. സഹകരണമാണല്ലോ മനുഷ്യന് ഏറ്റവും ആവശ്യം. ഇവിടെ ഇപ്പോൾ ഇല്ലാത്തതും അതാണ്. ഇവിടെ സഹകരണം ഒരു മേഖലയിലും കാണുന്നില്ല. അവിടെയുമില്ല, ഇവിടെയുമില്ല. നല്ല കാര്യങ്ങൾ പറഞ്ഞാൽ അത് എവിടെ പറഞ്ഞാലും അംഗീകരിക്കണം. ആ മനഃസാക്ഷിയാണ് ഇത്രയുമൊക്കെ വിദ്യാഭ്യാസം ഉണ്ടായിട്ടും നമുക്കാർക്കും കിട്ടാതെ പോകുന്നത് കഷ്ടമാണെന്നു മാത്രമേ വലത്തോട്ടു നോക്കി എനിക്ക് പറയാനുള്ളൂ. നല്ലതാണെങ്കിൽ അത് അംഗീകരിക്കണം. തെറ്റാണെങ്കിൽ എതിർക്കണം. ഞാൻ ആരേയും ഉദ്ദേശിച്ച് പറയുകയല്ല. ആരു പറഞ്ഞാലും ഭരണ കക്ഷിയാണെങ്കിൽ ഞാൻ എതിർക്കുന്നു. പ്രതിപക്ഷമാണെങ്കിൽ ഞാൻ അനുകൂലിക്കുന്നു. അത് ശരിയല്ല. നമ്മളൊക്കെ പള്ളിക്കൂടത്തിലും സ്കൂളിലുമൊക്കെ പോയവരാണ്. മനസിന്റെ വികസനം പഞ്ഞിയിട്ട് നിറയ്ക്കലല്ല. മനസിന് വളർച്ചയാകുമ്പോൾ ആ വലിയ ഹൃദയം മുഴുവൻ വിവരം കൊണ്ടും സ്നേഹം കൊണ്ടും നിറയും. അതു രണ്ടും ഇല്ലാത്ത ഒരു പശ്ചാത്തലത്തിലാണ് അബദ്ധത്തിൽ നമ്മൾ ഇവിടെ വന്നു മുങ്ങിയത്. ഇവിടെ വന്നപ്പോൾ സ്നേഹമില്ല, വിവരമില്ല, വിവേകവും ഇല്ല. അതുകൊണ്ട് ഞാൻ പറയുന്നത് സാവകാശം കേൾക്കുക. ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചിട്ട് 100 വർഷമാവുകയാണ്. 100 വർഷമായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തിൽ നമ്മൾ എത്രമാത്രം വളർന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. ഞാൻ ആരേയും പ്രത്യേകിച്ച് പൊക്കാൻ വേണ്ടിയോ താക്കാൻ വേണ്ടിയോ പറയുന്നതല്ല. സഹകരണ പ്രസ്ഥാനത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നല്ല വെളിച്ചവും തെളിച്ചവും കാണുന്നു; ധാരാളം മെച്ചവുമുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കുറെയൊക്കെ വികസന പരിപാടിയിലേയ്ക്ക് കടക്കാൻ പോകുന്നു. ഒരിക്കലും എത്തി നോക്കാൻ പാടില്ലാതിരുന്ന പല മേഖലകളിലേക്കും ഇന്ന് സഹകരണ പ്രസ്ഥാനം എത്തി നോക്കുന്നുണ്ട്. ഇവിടെ സ്ഥാപനങ്ങളുണ്ട്; സ്ഥാപനങ്ങൾ

12 Noon] കൊണ്ട് നമുക്ക് പ്രയോജനവുമുണ്ട്. അത് നല്ല കീഴ്വഴക്കമാണ്. ഇപ്പോൾ സഹകരണം "all for each and each for all" എന്നുള്ള നിലയിലായിക്കഴിഞ്ഞു. ഈ കടം കൊടുക്കലും വാങ്ങലും, കടം മേടിക്കലും, അല്ലാതെ ഇതിലപ്പുറത്തേയ്ക്കൊന്നും പോകാൻ പണ്ടൊക്കെ ഈ മേഖലയ്ക്ക് കഴിഞ്ഞിട്ടില്ല. ഇന്ന് അതല്ല. 100-ാം വർഷത്തിന്റെ ആഗ്രഹമായിട്ട് ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിക്കുന്നതാണോ എന്നെനിക്കറിഞ്ഞുകൂടാ. വികസന പ്രക്രിയയിലേയ്ക്കൊക്കെ കോളേജുകളും സ്കൂളുകളുമൊക്കെ നടത്താനും നാട്ടുകാർക്ക് ആവശ്യമായ എല്ലാ പ്രശ്നങ്ങൾക്കും പണം ചെലവഴിക്കാനും ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളത് സന്തോഷകരമാണ്. ആ രീതിയിലാണ് ഞാൻ ഈ സഹകരണ പ്രസ്ഥാനത്തെ കാണുന്നത്. നമുക്കെല്ലാപേർക്കുംകൂടി ധാരാളം കാര്യങ്ങൾ ഈ രാജ്യത്ത് ചെയ്യാൻ കഴിയും. പക്ഷെ, സഹകരണമില്ല. സഹകരണം വാക്കിൽ മാത്രമേയുള്ളൂ, പ്രവൃത്തിയിലില്ല. തമ്മിൽ പൊരുതാനല്ലാതെ തമ്മിൽ ചേരാൻ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്ത്യാ രാജ്യത്തിന്റെ കഴിവിനൊപ്പം കേരളത്തിന് കഴിവുണ്ട്. പക്ഷെ, ആ കഴിവൊക്കെ തല്ലിത്തകർത്തു കളയുന്നുവെന്നല്ലാതെ നാടിനു വേണ്ടിയോ നാട്ടുകാർക്ക് വേണ്ടിയോ ഉപയോഗിക്കാൻ, ഒരു യോജിപ്പുണ്ടാക്കാൻ നമുക്ക് കഴിയുന്നില്ല. അവനെ അടിച്ചില്ലായെങ്കിൽ പിന്നെ ഞാനാരാ, എന്നെ അടിച്ചില്ലായെങ്കിൽ പിന്നെ അവൻ ആരാ എന്ന് ചിന്തിക്കുന്ന ബോധമില്ലായ്മയ്ക്ക് വിദ്യാഭ്യാസംകൊണ്ട് എന്ത് പ്രയോജനം? മറ്റുള്ള മനുഷ്യരുടെ നന്മ കാണാനും, അവനെ സ്നേഹിക്കാനും കഴിയാത്ത ആളുകളാണ്. അല്ലെങ്കിൽ ഈ സഹകരണ വകുപ്പിനെപ്പറ്റി ഇത്ര തർക്കിക്കേണ്ട കാര്യമുണ്ടോ? പണ്ടെങ്ങും കാണാത്ത രീതിയിൽ, കേൾക്കാത്ത രീതിയിൽ, അനുഭവിക്കാത്ത രീതിയിൽ ധാരാളം നല്ല കാര്യങ്ങൾ ഇവിടെ ചെയ്തു. അങ്ങനെ ചെയ്ത ബഹുമാനപ്പെട്ട മന്ത്രിയേയും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിനേയും ഞാൻ അനുമോദിക്കുകയാണ്. എല്ലാം പൂർണ്ണമാണെന്ന് പറയാൻ കഴിയുകയില്ല. പക്ഷെ, ഒച്ചപ്പാടുകൾ വളരെയേറെ കുറവാണ്. എല്ലാം സംശുദ്ധമാണെന്ന് പറയാൻ കഴിയുകയില്ല. പക്ഷെ, പല ആളുകളും സംശുദ്ധമായിത്തന്നെ കാര്യങ്ങൾ നിറവേറ്റുന്നുവെന്നത് ആശാവഹമാണ്. ഏതായാലും സഹകരണ പ്രസ്ഥാനം കേരളത്തിന് ഇന്ന് ആഭരണമാണ്, ഭൂഷണമാണ്. നൂറാം വർഷത്തിൽ അഭിമാനിക്കത്തക്ക പലതും ഈ പ്രസ്ഥാനത്തിലൂടെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിക്കും ഡിപ്പാർട്ടുമെന്റിനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിനെപ്പറ്റി പറയുമ്പോൾ അതൊരു പ്രത്യേക വകുപ്പാണ്. സർക്കാരിന്റെ ചെറിയ ചെറിയ ഗവണ്മെന്റുകളാണ് പഞ്ചായത്തുകൾ. ആ ചെറിയ ചെറിയ ഗവണ്മെന്റുകളെ സമാഹരിച്ചെടുത്തുകൊണ്ട് വലിയ ഗവണ്മെന്റിനെ സഹായിക്കാനാണ് പോകുന്നത്. വലിയ ഗവണ്മെന്റ് ചെറിയ ഗവണ്മെന്റിനെ സഹായിക്കുന്നുണ്ടോ എന്നിവിടെ ആരോ സംശയം പ്രകടിപ്പിച്ചു. പലപ്പോഴും സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടതെല്ലാം കൊടുക്കാൻ ഗവണ്മെന്റിന് കഴിയാതെ പോകുന്നുണ്ട്. ഭൂരിപക്ഷം പഞ്ചായത്തുകളും സ്വന്തം പഞ്ചായത്തുകളെ നന്നാക്കാൻ കെൽപ്പുള്ളതല്ല. അവർക്ക് ശംബളം കൊടുക്കാനില്ല. എല്ലാം സർക്കാരിന്റെ ഗ്രാന്റായി കൊടുത്തുവെങ്കിൽ മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. അപൂർവ്വം ചില പഞ്ചായത്തുകൾക്ക് മാത്രമേ സ്വന്തമായി തീരുമാനമെടുക്കാനും ചെലവാക്കാനും കഴിയൂ. അങ്ങനെയുള്ള പഞ്ചായത്തുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഏഴ് പഞ്ചായത്തുകളുണ്ട്. അതിൽ രണ്ട് പഞ്ചായത്തുകൾക്കുമാത്രമേ സ്വന്തമായി കാപ്പിവെള്ളംപോലും മേടിച്ചുകുടിക്കാൻ കഴിയൂ. മറ്റെല്ലാം പാവപ്പെട്ട പഞ്ചായത്തുകളാണ്. ആ രണ്ട് പഞ്ചായത്തുകൾ കുറേ കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. കൂടുതൽ സാമ്പത്തിക സഹായം ഈ പഞ്ചായത്തുകൾക്ക് കൊടുക്കാനുള്ള വഴിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിനെപ്പറ്റി ആലോചിക്കണം. സ്വന്തമായി റോഡ് വെട്ടാനും റോഡിലെ കാട് പറിക്കാനും നിവൃത്തിയില്ലാത്ത അനേകം പഞ്ചായത്തുകൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് എവിടെ നിന്നാണ് പണം കിട്ടുന്നത്? പഞ്ചായത്തുകൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. നല്ല പഞ്ചായത്തുകളാണ്. പക്ഷെ, പണമില്ല. നല്ലവനാണെന്ന് പറഞ്ഞിട്ട് കൈയിൽ കാശില്ലായെങ്കിൽ പട്ടിണി കിടക്കേണ്ടിവരില്ലേ? അതുപോലെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അറിയേണ്ട കാര്യം, നമ്മുടെ മുരിപക്ഷം പഞ്ചായത്തുകളും ആ രീതിയിൽ പട്ടിണിയിലാണ്; സ്വന്തമായി പ്രവർത്തിക്കാനിടയില്ല. അപൂർവ്വം ചില പഞ്ചായത്തുകൾക്കേ സാമ്പത്തികമായി ശേഷിയുള്ളൂ. അവ വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്. മന്ത്രി പല കാര്യങ്ങളും കർശനമായി അവരെക്കൊണ്ട് ചെയ്യിക്കുന്നുമുണ്ട്. ഒരു കാര്യം എടുത്തു പറയേണ്ടതായിട്ടുണ്ട്. ഏതായാലും പഞ്ചായത്തുകളെ ഈ സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്ന് വളരെ പൊക്കണമെന്ന് ഞാൻ പറയുന്നില്ല—ഒരു നിരപ്പിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. 18 വർഷക്കാലം ഒരു പഞ്ചായത്തിന്റെ പ്രസിഡന്റായിട്ട് ഒരു കുഗ്രാമത്തെ പട്ടണമാക്കി മാറ്റിയവനാണ് കുറുപ്പ്. എന്റെ ജീവിതം തന്നെ തുടങ്ങിയത് പഞ്ചായത്തിൽക്കൂടിയാണ്. നിങ്ങളിപ്പോൾ ഈ മാജ്യത്തെ സ്നേഹിക്കാനും സേവിക്കാനും പഠിച്ചിരുന്നുവെങ്കിൽ ഈ പഞ്ചായത്തിന്റെ നില എന്താകുമായിരുന്നു? പക്ഷെ, ഇപ്പോൾ ഒരുത്തൻ കൊടുക്കുന്നത് മറ്റവൻ എടുത്തുകളയുന്ന പ്രകൃതമാണ് നടക്കുന്നത്. രാഷ്ട്രീയം അങ്ങനെ പറയുന്നതിൽ കാര്യമില്ല. ചെയ്യാവുന്ന രീതിയിലുള്ള സഹകരണങ്ങൾ ഇവിടെ നിന്ന് അങ്ങോട്ടും അവിടെ നിന്ന് ഇങ്ങോട്ടും വേണം. ഏതായാലും പഞ്ചായത്തിൽ അത്യാവശ്യം ചില മാറ്റം വരുത്തുന്ന കാര്യം മാത്രമേ പറയുന്നുള്ളൂ. തെരഞ്ഞെടുപ്പ് എന്നു പറയുമ്പോൾ പഞ്ചായത്തുകളിലുള്ള കാലുമാറ്റവും കൂറുമാറ്റവും ആണ്. ഒരിക്കലും ഉറച്ചിരുന്ന് ഭരിക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. അങ്ങനെ കഴിയത്തക്ക രീതിയിലേയ്ക്ക് മാറ്റിയെടുക്കാൻ എല്ലാപേരുംകൂടി ആലോചിക്കണം. പ്രസിഡന്റിനെ എല്ലാപേരും കൂടി തെരഞ്ഞെടുക്കുകയാണെങ്കിൽ അവിടെ കൂറുമാറ്റവും കാലുമാറ്റവും നടക്കുകയില്ല. പ്രസിഡന്റുണ്ടെങ്കിൽ പഞ്ചായത്ത് മുന്നോട്ടുപോകും. അതുകൊണ്ട് ഭാവിയിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടത് പ്രസിഡന്റുമാരെ പഞ്ചായത്തിലെ ആളുകൾ ചേർന്ന് തെരഞ്ഞെടുക്കുന്ന സംവിധാനത്തെക്കുറിച്ചാണ്.

<u>ശ്രീ. പി. സി. ജോർജ്ജ്</u> : പഞ്ചായത്ത് പ്രസിഡന്റിനെ ഡയറക്ടായിട്ട് എടുക്കുന്ന കാര്യമാണല്ലോ അങ്ങ് സൂചിപ്പിച്ചത്. ഒരു കമ്മിറ്റി പ്രവർത്തനം വരുമ്പോൾ കൂടുതൽ അംഗങ്ങളും മറുഭാഗത്താണെങ്കിൽ എങ്ങനെ തീരുമാനമെടുക്കാൻ കഴിയും?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : ഭൂരിപക്ഷം ആളുകളുള്ള കക്ഷിക്കു മാത്രമേ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ കഴിയൂ. അപ്പോൾ കുഴപ്പമൊന്നുമില്ല. മറ്റൊന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടത് വോട്ടേഴ്സ് ലിസ്റ്റിന്റെ കാര്യമാണ്. ഇപ്പോൾ എത്ര സ്ഥാപനമുണ്ടോ അത്രയും വോട്ടേഴ്സ് ലിസ്റ്റാണ്. പഞ്ചായത്തിന് ഒന്ന്, ബ്ലോക്കിന് ഒന്ന്, ജില്ലയ്ക്ക് ഒന്ന്, അസംബ്ലിക്ക് ഒന്ന്, പാർലമെന്റിന് ഒന്ന്, രാജ്യസഭയ്ക്ക് വേറൊന്ന്. ഇത്രയും വോട്ടേഴ്സ് ലിസ്റ്റിന്റെ ആവശ്യമുണ്ടോ? അതിനെപ്പറ്റി ആലോചിക്കണം. കഴിയുമെങ്കിൽ ആളുകളെ കുഴയ്ക്കാതെ ഒരൊറ്റ ലിസ്റ്റ്കൊണ്ട് എല്ലാപേർക്കും എല്ലായിടത്തും വോട്ട് ചെയ്യാനുള്ള അവകാശം കൊടുക്കണം. ബുത്തുകൾ ചെറുതോ വലുതോ ആയാലും അവിടെയും കാണും ഇവിടേയും കാണും എന്ന രീതിക്ക് കുറേക്കൂടി വ്യക്തതയുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ തിരിമറി നടക്കുന്നത് വോട്ടർ പട്ടിക വച്ചാണ്. തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയ്ക്ക് സുതാര്യതയുണ്ടെങ്കിൽ തെരഞ്ഞെടുപ്പിലെ തിരിമറിയുടെ ഒരു നല്ല ശതമാനം ഇല്ലാതെയാകും. അതുകൊണ്ട് സുതാര്യമായ വോട്ടർ പട്ടികയെപ്പറ്റി അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സുതാര്യമായ വോട്ടർ പട്ടികയായിരിക്കണം. അത് എല്ലാത്തിനുംകൂടി ഒന്നുമതി. പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് നേരിട്ടായിരിക്കണം. വോട്ടർപട്ടിക മാറ്റണം. പഞ്ചായത്തിൽ ചെയ്യേണ്ട ധാരാളം കാര്യങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതൊക്കെ വളരെപ്പെട്ടെന്ന് ചെയ്യുവാൻ കഴിയുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും പഞ്ചായത്തുകളെയൊക്കെ അറിയപ്പെടുന്ന ചെറിയ സർക്കാരുകളാക്കി മാറ്റണം. പഞ്ചായത്തുകൾക്ക് അവകാശപ്പെട്ടത് പഞ്ചായത്തുകൾക്ക് കൊടുക്കണം. പഞ്ചായത്തിന് പണം വിനിയോഗിക്കുന്നതിലുള്ള അധികാരവും അവകാശവും സംബന്ധിച്ച രൂപരേഖ തയ്യാറാക്കാനുള്ള അവകാശം മെമ്പർമാർക്ക് നൽകണം.

മി. ചെയർമാൻ ശ്രീ. ജോണി നെല്ലൂർ: പ്ളീസ്,..... കൺക്ളൂഡ്,.....

ശ്രീ. കെ. നാരായണക്കുറുപ്പ് : അങ്ങനെ ഒരു ചെറിയ ഗവൺമെന്റായാൽ മാത്രമേ ഈ വലിയ ഗവൺമെന്റ്,.....

മി. ചെയർമാൻ ശ്രീ. ജോണി നെല്ലൂർ: അങ്ങ് മാതൃക കാട്ടേണ്ട ആളാണ്. പ്ളീസ്,... അവസാനിപ്പിക്കൂ. പ്ളീസ് കൺക്ളൂഡ്. അങ്ങ് ഇതുംകൂടി പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട ചെയർ ഒരു വാക്കുപോലും കൂടുതൽ പറയുവാൻ എന്നെ അനുവദിക്കാത്തതുകൊണ്ടും ധാരാളം കാര്യങ്ങൾ പറയുവാനുള്ളതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രിക്ക് മുന്നിൽ പരാതി എഴുതിക്കൊടുത്ത് പറയുവാനുള്ളത് അതിൽ പറയാം. ഞാൻ നിർത്തുന്നു. നമസ്ക്കാരം.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ ജനകീയാസൂത്രണത്തിൽ മാത്രം ഒതുക്കി നിർത്തുകയും ആ ജനകീയാസൂത്രണം നടത്തിയതിലുള്ള തകർച്ചകൊണ്ട് പ്രതിപക്ഷത്തിരിക്കേണ്ടിവന്നവരുമാണ് ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണത്തെക്കുറിച്ച് വിമർശനം നടത്തുന്നത്. എന്നുമാത്രമല്ല തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട അവസാന ഗഡു കൊടുക്കാതെ ഇറങ്ങിപ്പോയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. കൊടുത്ത പണത്തിൽ കോടികൾ ചെലവഴിക്കാതെ വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യുകയായിരുന്നു അവരുടെ ഭരണകാലത്ത്. അതിന്റെ പെർഫോമൻസ് ആഡിറ്റുപോലും നടത്താൻ തയ്യാറാകാത്തത് ജനകീയാസൂത്രണം നടപ്പാക്കിയതിലെ വലിയ അഴിമതിയും പാളിച്ചകളും മനസ്സിലാക്കാതിരിക്കുവാൻ വേണ്ടിയാണ്. ഈ ഗവൺമെന്റ് തദ്ദേശ

ഭരണ സ്ഥാപനങ്ങൾക്ക് പണം കൊടുത്തു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്തതിനെക്കാൾ എത്രയോ കൂടുതൽ തുകയാണ് ഈ ഗവൺമെന്റ് കൊടുത്തത്. 2001-02-ൽ 850 കോടിരൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി. പ്ലാൻ ഫണ്ടിന്റെ കുറവ് 637 കോടിരൂപ ആ വർഷം കൊടുക്കുകയുണ്ടായി. 2002-03-ൽ 1023 കോടി രൂപ നൽകിയിട്ടുണ്ട്. 2003-04-ൽ 1097 കോടി രൂപ നൽകുകയുണ്ടായി. 2004-05-ൽ 1350 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ കണക്കുകൾ മാത്രം പരിശോധിച്ചാൽമതി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തേക്കാൾ എത്രയോ കൂടുതൽ തുക ഓരോ വർഷവും കൊടുത്തിരുന്നുവെന്ന് മനസ്സിലാകും. എന്നാൽ ജനകീയാസൂത്രണത്തിന്റെ പരിധിയിൽവരാത്ത മറ്റ് വിവിധ മേഖലകളിൽ വളരെയധികം ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കുന്നതാണ് നാം ഇപ്പോൾ കാണുന്നത്. ശാസ്ത്രീയമായ രീതിയിൽ ടൗൺ പ്ലാനിംഗ് സ്കീം നടപ്പാക്കുകയും സ്ത്രീ ശാക്തീകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവുമൊക്കെ നടത്തിവരികയുമാണ്. എന്നാൽ ഒരുകാര്യം പ്രത്യേകമായി പറയുവാനുള്ളത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എസ്.സി.പി.യിൽ 10 ശതമാനവും ടി.എസ്.പി.യിൽ 2 ശതമാനവുമാണ് തുക അനുവദിച്ചത്. എന്നാൽ ഇപ്പോൾ കാണുന്നത് ഈ തുക വിവിധ വാർഡുകളുടെ പ്രവർത്തനങ്ങൾക്ക് കുറേശ്ശെ വീതിച്ചുകൊടുത്തതുകൊണ്ട് ലക്ഷംവീട് കോളനികൾ പോലുള്ളവ വികസിപ്പിക്കുന്നതിന് സമഗ്രവും ബൃഹത്തുമായ ഒരു വികസന പദ്ധതി പൂർത്തിയാക്കുവാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല എന്നതാണ്. ഇതുതന്നെയാണ് കാർഷിക രംഗത്തും. കാർഷിക രംഗത്ത് ഏതാണ്ട് പ്ലാൻ ഫണ്ടിൽ 70 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണ്. എന്നാൽ വളരെ തുച്ഛമായ തുക വീതിച്ച് എല്ലാ വാർഡുകളിലും കൊടുക്കുന്നതുകൊണ്ട് കാർഷിക രംഗത്ത് ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകുന്നതിനും അത് ഡെവലപ് ചെയ്യുന്നതിനുമുള്ള സമഗ്രമായ വികസനം നടത്തുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ കൃഷിക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മാറ്റിവച്ചിട്ടുള്ള പ്ലാൻ പദ്ധതികൾ സമഗ്രമായ പദ്ധതികളിലൂടെ അടിസ്ഥാനപരമായ പുരോഗതി വരത്തക്കരീതിയിൽ രൂപീകരിച്ച് നടപ്പാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. വി. കെ. ചന്ദ്രൻ</u> : ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചാണ് എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കുകയും അത് ഡി.പി.സി. അംഗീകരിച്ച് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ടതുമാണ്. അതല്ലാതെ ഈ ഫണ്ട് വകമാറ്റി 5 ശതമാനം 6 ശതമാനം എന്നിങ്ങനെ വീതിക്കുന്നത് ശരിയല്ലായെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

<u>ശ്രീ. എ. എൻ. രാജൻ ബാബു</u> : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് എന്റെ അഭിപ്രായം. ആ രീതിയിൽ പരിപൂർണ്ണമായി പദ്ധതികൾ നടപ്പിലാക്കുന്നില്ല എന്നതാണ് എന്റെ ഇപ്പോഴത്തെ പരാതി. പുതിയതും ശാസ്ത്രീയമായതുമായ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരളാ മിഷൻ എന്ന സംവിധാനം ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഒന്നാണ്. ഏതാണ്ട് അമ്പതിനായിരം മൈക്രോ സംരംഭങ്ങൾ ഈ സംസ്ഥാനത്തുകൊണ്ടുവന്ന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആശ്വാസം നൽകിയിട്ടുണ്ട്. കൂടാതെ പെർഫോമൻസ് ആഡിറ്റുകൊണ്ടുവന്ന് ഈ രംഗത്തെ പല വെട്ടിപ്പുകളും പാളിച്ചകളും തടയുവാൻ ശ്രമിക്കുന്നുണ്ട്. ഇൻഡ്യയിൽ ആദ്യമായി ഒരു നഗരവികസന നയം സ്വീകരിച്ചതും അതിനു അനുയോജ്യമായ പദ്ധതികൾ നടപ്പാക്കിയതും ഈ ഗവൺമെന്റാണ്. സഹകരണ വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ കാലഘട്ടത്തിൽ സാധാരണക്കാരന് പ്രയോജനംവരുന്ന രീതിയിൽ വളരെയധികം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലിശ ഇളവ് ചെയ്ത്, പിഴപ്പലിശ ഇളവുചെയ്ത്, കൂട്ടുപലിശ ഇളവുചെയ്ത് കർഷകരേയും വായ്പ എടുത്തിട്ടുള്ളവരേയും സഹായിക്കുന്ന നടപടികൾ ഉണ്ടായി. അതുപോലെയാണ് വരൾച്ചാ കാലഘട്ടത്തിൽ ചെയ്തിട്ടുള്ള നടപടികൾ. കൂടാതെ തുറമുഖ പ്രവർത്തനങ്ങൾ. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ചതായിരുന്നു കായംകുളം-അഴീക്കൽ മൽസ്യത്തുറമുഖം. ആ മൽസ്യത്തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതി സ്റ്റേ രണ്ടരക്കൊല്ലമായും നീക്കാത്ത അവസ്ഥയിലായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആറ് മാസത്തിനുള്ളിൽ ആ സ്റ്റേ നീക്കുകയും ഏതാണ്ട് പന്ത്രണ്ടരക്കോടി രൂപ എസ്റ്റിമേറ്റുവരുന്ന അഴീക്കൽ മൽസ്യത്തുറമുഖത്തിന്റെ പണി ഏതാണ്ട് 65 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ നടപടി സ്വീകരിച്ച സഹകരണ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. സൊസൈറ്റികളുടെ പുനർ ആവിഷ്ക്കരണത്തെ സഹായിക്കാത്ത ഒരു കോടതി വിധി ഇപ്പോഴുണ്ട്. അത് എത്രയുംവേഗം നീക്കണം. കേരളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പ്രൊവിഷൻ ഉണ്ടായിട്ടും ഡീലിമിറ്റേഷന് രജിസ്ട്രാർമാർക്ക് അത് ചെയ്യുന്നതിന് സ്റ്റാറ്റ്യൂട്ടറി ആക്ട് ഉണ്ടായിട്ടും ആ അധികാരം ഇല്ലാത്ത രീതിയിലുള്ള കോടതി വിധികൾ നിലനിൽക്കുന്നുണ്ട്; അതിന് അപ്പീലുകൾ നിലനിൽക്കുന്നുണ്ട്. ആ വിധികൾ ഇല്ലാതാക്കി പ്രത്യേകിച്ച് സൊസൈറ്റികൾ പുനർ ആവിഷ്ക്കരിക്കുകയും പുനഃസംഘടനയ്ക്ക് സഹായകമായ നടപടികൾ എത്രയും വേഗം എടുക്കുകയും വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സഹകരണ സ്ഥാപനങ്ങളിൽ കർഷകന് കൂടുതൽ ആശ്വാസമായിട്ടുള്ള നടപടികൾകൂടി സ്വീകരിക്കണം.

<u>ശ്രീ. ടി. യു. രാധാകൃഷ്ണൻ:</u> സർ, പുറത്തു പരുക്കനെന്നു തോന്നുമെങ്കിലും ഹൃദയം നിറയെ കേരളത്തിലെ ജനങ്ങളുടെ വികസനസ്വപ്നവുമായി കേരളം മുഴുവൻ ഓടിനടക്കുന്ന കേരളത്തിലെ പഞ്ചായത്തുവകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. ചെർക്കളം അബ്ദുള്ള അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. അതുപോലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് വിപ്ലവവീര്യം കൊടുത്ത വിപ്ലവത്തിന്റെ നായകൻ ശ്രീ. എം.വി. രാഘവൻ അവതരിപ്പിച്ചിരിക്കുന്ന സഹകരണം, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളേയും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നു. സംസ്ഥാനം അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ, അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. 73, 74 എന്നീ ഭരണഘടനാ ഭേദഗതിയിൽക്കൂടി അധികാരം ജനങ്ങൾക്ക് കൊടുക്കുന്നു എന്ന് പ്രഖ്യാപിച്ച രാജീവ് ഗാന്ധിയുടെ സ്വപ്നങ്ങൾ, 1995-ൽ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ആയിരുന്ന ശ്രീ. എ. കെ. ആന്റണി കേരളത്തിൽ നടപ്പിലാക്കി. കേരളത്തിലെ ത്രിതല പഞ്ചായത്തുകളെ അധികാരത്തിൽ കൊണ്ടുവരാൻ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമായി നിൽക്കുന്നു. പക്ഷേ 1996-ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രാജീവ് ഗാന്ധിയുടെ സങ്കൽപ്പങ്ങളെ തകിടം മറിക്കുന്ന പ്രവർത്തനങ്ങളാണ് തുടങ്ങിവച്ചത്. രണ്ടാം തവണയും കേരളത്തിലെ ജനങ്ങൾക്ക് പറ്റിയ തെറ്റ് ആവർത്തിക്കപ്പെട്ടു. കേരള സംസ്ഥാനം രൂപം കൊണ്ടശേഷം ആദ്യമായി കേരളത്തിൽ 1957-ൽ തെരഞ്ഞെടുപ്പ് നടന്നു. ഈ സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നതാണ് ഇന്നുവരെയുള്ള കേരളത്തിന്റെ വികസന പ്രശ്നങ്ങൾക്ക് മുഴുവൻ ഉത്തരവാദി. ഏറ്റവും നല്ല സ്വപ്നങ്ങളോടുകൂടി ഇൻഡ്യയിൽ ജനങ്ങൾക്ക് അധികാരം കൈമാറാൻ തീരുമാനിച്ച രാജീവ്ഗാന്ധിയുടെ സങ്കല്പങ്ങളെ അട്ടിമറിക്കപ്പെട്ട പ്രവർത്തനമാണ് 1996-ൽ നമ്മൾ കണ്ടത്. ജനകീയാസൂത്രണം എന്ന ഓമനപ്പേരിട്ട് അധികാരവികേന്ദ്രീകരണം കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ചത് വിദേശ ചാര സംഘടനകളെ കൂട്ടുപിടിച്ചുകൊണ്ട് കേരളത്തിലെ വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കാനായിരുന്നു എന്ന് ഇപ്പോൾ പുറത്തുവരുന്ന ലേഖനങ്ങളും കഥകളും നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ജനകീയാസൂത്രണം എന്ന സങ്കല്പം രൂപപ്പെട്ടത് കേരളത്തിന്റെ രാഷ്ട്രീയ അധികാര കേന്ദ്രത്തിൽ നിന്നോ ബുദ്ധികേന്ദ്രത്തിൽ നിന്നോ അല്ല. മറിച്ച് അമേരിക്കൻ ചാര സംഘടനയുടേയും അതുപോലുള്ള ഏജൻസികളുടേയും ബുദ്ധികേന്ദ്രത്തിൽ നിന്ന് ഉയർന്നുവന്നതാണ് എന്ന് ആക്ഷേപം ഉണ്ടായിരിക്കുന്നു. ആ ആക്ഷേപത്തിന്റെ ഫലമായി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി രണ്ട് ബുദ്ധിജീവികളെ പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തിരിക്കുന്ന ഒരവസ്ഥ കേരളത്തിൽ ഉണ്ടായിരിക്കുന്നു. അതിനെക്കുറിച്ച് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. പഞ്ചായത്ത്രാജിനെക്കുറിച്ച് ഇവിടെ ഒരുപാട് ആക്ഷേപങ്ങൾ തുടക്കത്തിൽ പ്രസംഗിച്ച ശ്രീ. എ.സി. മൊയ്തീൻ പറഞ്ഞു. ആദ്യമായി നിയമസഭയിലേയ്ക്ക് കടന്നുവന്ന ആളാണ് ശ്രീ. മൊയ്തീൻ. അദ്ദേഹം ജയിച്ചുവരാനിടയായ രാഷ്ട്രീയസാഹചര്യത്തെക്കുറിച്ച് പറയുകയുണ്ടായി. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കെതിരായിട്ടാണോ അദ്ദേഹം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വടക്കാഞ്ചേരിയിൽ വോട്ടു ചോദിച്ചത്? അല്ല എന്നാണ് എനിക്കു പറയാനുള്ളത്. അവിടെ മൽസരിച്ച ശ്രീ. കെ. മുരളീധരനെ വ്യക്തിപരമായി സമൂഹത്തിന്റെ മുമ്പിൽ താറടിച്ച്, ഒറ്റപ്പെടുത്തി, ഡീ-മോറലൈസ്ഡ് പൊളിറ്റിക്സ് ഉയർത്തിക്കാണിച്ചുകൊണ്ടാണ് ശ്രീ. എ.സി. മൊയ്തീന് അവിടെ ജയിക്കാൻ കഴിഞ്ഞത്. അത്രയും നീചമായ രാഷ്ട്രീയ പ്രവർത്തനങ്ങളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വടക്കാഞ്ചേരിയിൽ ഉണ്ടായത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള ഒരു തെരഞ്ഞെടുപ്പല്ല വടക്കാഞ്ചേരിയിൽ നടന്നത്. കഴിഞ്ഞ പാർലമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിൽ കേരളത്തിലെ സർക്കാരിന് പറ്റിയ വീഴ്ചയുടേയും രാഷ്ട്രീയ തീരുമാനങ്ങൾക്കുമെതിരായിട്ടുള്ള ഷോക്ക് ട്രീറ്റ്മെന്റാണെന്ന് ഞങ്ങൾ സമ്മതിച്ചു. തെറ്റുകൾ തിരുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ചങ്കൂറ്റമുള്ള യു.ഡി.എഫ്. നേതൃത്വം കേരളത്തിലുള്ളപ്പോൾ ഞങ്ങൾക്കാർക്കും സംശയമില്ല, ഒരുപാട് നേട്ടങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിരത്തിവച്ചുകൊണ്ടാണ് കഴിഞ്ഞ മുന്ന് വർഷം സർക്കാർ ഭരണം പൂർത്തീകരിച്ചത്. പഞ്ചായത്ത്രാജ് സംവിധാനം രാഷ്ട്രീയ വിമുക്തമാക്കിയത് ഈ സർക്കാരാണ്. രാജീവ്ഗാന്ധി അധികാരം ജനങ്ങൾക്കു കൊടുക്കാൻ പറഞ്ഞുവെങ്കിൽ 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കൈമാറുകയാണ് ചെയ്തത്. മാർക്സിസ്റ്റ് പാർട്ടിയുടേയും ഇടതുപക്ഷത്തിന്റേയും കയ്യിൽ നിന്നും അധികാരം ജനങ്ങളിലേയ്ക്ക് കൈമാറ്റപ്പെട്ടു എന്നതാണ് ഈ ഭരണകൂടത്തിന്റെ ഏറ്റവും വലിയ നേട്ടം. കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റിൽ നീക്കി വച്ച തുകയേക്കാൾ കൂടുതൽ സംഖ്യ പഞ്ചായത്ത്രാജ്-ന് കൊടുക്കാൻ കഴിഞ്ഞു എന്ന അഭിമാനത്തോടുകൂടി ഈ സർക്കാർ നിൽക്കുന്നു. എന്നാലും അധികാരവികേന്ദ്രീകരണത്തിലുള്ള കുറച്ച് പോരായ്മകൾ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒമ്പതാം പഞ്ചവൽസര പദ്ധതി നടപ്പാക്കിയപ്പോൾ ഓരോ വർഷവും ഓരോ സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളാണ് നമ്മൾ തയ്യാറാക്കിയിരുന്നത്. പത്താം പഞ്ചവൽസരപദ്ധതി മുതൽ അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾ സമർപ്പിക്കാനാണ് പഞ്ചായത്തുകളോട് പറഞ്ഞത്. അങ്ങനെ സമർപ്പിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷമെന്ന് പറയുന്നത്, 2003-ൽ ഇറക്കിയ ഓർഡർ പ്രകാരം മാർച്ച് 31-ന് ചെലവഴിക്കപ്പെടാത്ത സംഖ്യ തിരിച്ചടയ്ക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്കും ഒരു പ്രശ്നമുണ്ട്. 10 ലക്ഷം രൂപ 10 വാർഡുള്ള ഒരു പഞ്ചായത്തിൽ കൊടുത്താൽ മെമ്പറുടെ ആളോഹരിയായി ഓരോ ലക്ഷം രൂപ ഡിവൈഡ് ചെയ്തുപോകുകയാണ്. ചുരുക്കിപ്പറഞ്ഞാൽ 10 ലക്ഷം രൂപയും പ്രയോജനരഹിതമായി പോകുന്ന സംവിധാനമുണ്ട്. അതുകൂടി കണക്കിനകത്ത് ഉൾക്കൊള്ളിക്കാൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ: പഞ്ചായത്ത് മെമ്പർമാരുടെ അക്കൗണ്ട് അനുസരിച്ച് വീതം വയ്ക്കുന്നതും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നതുമായ ഒരു പ്രധാനപ്പെട്ട ഘടകമാണ്, മാർച്ച് 31-ാം തീയതി ചെലവഴിക്കപ്പെടാത്ത സംഖ്യ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന ഗവൺമെന്റ് ഓർഡർ ഒരു വിധത്തിൽ പഞ്ചായത്തിന് ഗുണകരമാണ്. 31-ാം തീയതിക്കു മുമ്പായി ആ സംഖ്യ പൂർണ്ണമായും ചെലവഴിക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെങ്കിലും പൂർത്തീകരിക്കപ്പെടാത്ത പദ്ധതിക്കുവേണ്ടി വരുന്ന സാമ്പത്തിക വർഷത്തെ സംഖ്യയിൽ നിന്നും പണം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തേണ്ടിവരുന്നു. അതുകൊണ്ട് ആ വർഷം തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് കുറവു വരുന്ന ഒരവസ്ഥയുണ്ടാകും. അതിനൊരു പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണം. മാത്രമല്ല, ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്ന പുതിയ പദ്ധതികൾക്കുവേണ്ടി ഇതോടൊപ്പം തന്നെ പഞ്ചായത്തുകൾ പണം കണ്ടെത്തണം. അങ്ങനെ വരുമ്പോൾ അവരുടെ പഞ്ചായത്തിന്റെ 5 വർഷക്കാലത്തേയ്ക്ക് നിജപ്പെടുത്തിയിരിക്കുന്ന പല പദ്ധതികളിൽ നിന്നും പഞ്ചായത്തുകൾക്ക് പുറകോട്ടുപോകേണ്ട അവസ്ഥയുണ്ടാകും. അതിനൊരു മാറ്റം വരുത്താൻ സർക്കാർ ശ്രമിക്കണം. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി വളരെ ഭാവനാപൂർണ്ണമായി പഞ്ചായത്ത് വകുപ്പ് വിഭാവന ചെയ്ത ഒരു പദ്ധതിയാണ്. ഓരോ വീട്ടിലും കമ്പ്യൂട്ടർ സാക്ഷരത ഉറപ്പു വരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പക്ഷേ 5 വർഷക്കാലത്തേയ്ക്ക് സമഗ്രമായ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്ന പഞ്ചായത്തുകൾ ഈ വർഷം പൂർണ്ണമായും അക്ഷയ പദ്ധതിക്കുവേണ്ടി പണം മുടക്കേണ്ടിവരുമ്പോൾ പഞ്ചായത്തുകൾക്കുണ്ടാകുന്ന വികസനപ്രശ്നങ്ങൾ ഒരുപാടാണ്. അവർ തയ്യാറാക്കിവച്ചിരിക്കുന്ന പദ്ധതികളിൽ നിന്നും പലരും പിന്നോട്ട് പോകേണ്ടിവരും. അതിൽ എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, മിനിമം പത്താം ക്ളാസ് യോഗ്യതയില്ലാത്ത ഒരാളിനെ ആദ്യഘട്ടത്തിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നത് അപ്രായോഗികമാണ്. രണ്ടു ഘട്ടത്തിലായി പഞ്ചായത്തിൽ അക്ഷയ പദ്ധതി നടപ്പാക്കാനുള്ള ഒരു ക്രമീകരണമുണ്ടാകണം. പത്താം ക്ളാസ് കഴിഞ്ഞ വിദ്യാർത്ഥികളുള്ള വിധത്തിൽ ആദ്യ ഘട്ടത്തിലും, രണ്ടാം ഘട്ടത്തിൽ അങ്ങനെയല്ലാത്ത ആളുകളേയും പഠിപ്പിക്കണം. അങ്ങനെ അക്ഷയ പദ്ധതി ക്രമീകരിച്ചുകഴിഞ്ഞാൽ പഞ്ചായത്തുകളുടെ പണച്ചെലവിൽ അവർക്ക് ക്രമീകരണമുണ്ടാക്കാൻ കഴിയും. അക്കാര്യം ശ്രദ്ധിക്കണം. പി.ഡബ്ളിയു.ഡി. റേറ്റിന്റെ കാര്യത്തിൽ പഞ്ചായത്തുകൾക്ക് ഒരുപാട് പ്രതിസന്ധി നേരിടുകയാണ്. 1999-ൽ ഉണ്ടാക്കിയ പി.ഡബ്ളിയു.ഡി. റേറ്റ് വച്ചാണ് പി.ഡബ്ളിയു.ഡി-യും പഞ്ചായത്തും എസ്റ്റിമേറ്റുണ്ടാക്കുന്നത്. പഞ്ചായത്തുകൾ ഉണ്ടാക്കുന്ന എസ്റ്റിമേറ്റിന് അവർക്ക് എക്സസ്സ് കൊടുക്കാൻ അധികാരമില്ല. പി.ഡബ്ളിയു.ഡി. ഇപ്പോഴത്തെ റേറ്റ് വച്ചുണ്ടാക്കുന്ന എസ്റ്റിമേറ്റുകളിൽ 25 മുതൽ 45 ശതമാനം വരെ എക്സസ്സ് കൊടുക്കുമ്പോൾ പഞ്ചായത്തുകൾക്ക് അതു നടപ്പാക്കാൻകഴിയാത്തതുകൊണ്ട് പല പദ്ധതികളും അവർക്ക് പൂർണ്ണമാക്കാൻ കഴിയുന്നില്ല. വർക്ക് ടെണ്ടർ എടുക്കാൻ ആളില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് എത്രയും വേഗം ആ ഷെഡ്യൂൾ റേറ്റ് അവർക്കുകൂടി റിവൈസ് ചെയ്തു കൊടുക്കാൻ നടപടികളുണ്ടാകണം. അല്ലെങ്കിൽ പഞ്ചായത്തുകളുടെ പദ്ധതികൾ തകരാറിലാകും. ഇപ്പോൾ പഞ്ചായത്തുകൾക്ക് നമ്മുടെ പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഉദ്യോഗസ്ഥരെ വിന്യസിച്ചു കൊടുത്തിട്ടുണ്ട്. ഒരു എ.ഇ.-യുടെ കീഴിൽ ഡിപ്പാർട്ടുമെന്റ് കണക്കനുസരിച്ച് 3 ഓവർസിയർമാരാണ്. എന്നാൽ നാല് പഞ്ചായത്തുകൾക്കും കൂടി ഒരു എ.ഇ.-യേയും ഒരു ഓവർസിയറേയും മാത്രമാണ് കൊടുത്തിരിക്കുന്നത്. ഒരു പദ്ധതിയും അവർക്ക് കൃത്യസമയത്ത് സൂപ്പർവൈസ് ചെയ്യാൻ കഴിയുന്നില്ല; അവർക്ക് പ്രോജക്ട് ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് ഒരു എ. ഇ.യും മൂന്ന് ഓവർസിയർമാരും എന്ന ലെവലിൽ ക്രമീകരണമുണ്ടാക്കിക്കഴിഞ്ഞാൽ മാത്രമേ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയൂ. എന്റെ നിയോജക മണ്ഡലത്തിൽ ഒരുപാട് ചെറുകിട ജലസേചന പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് എൽ.ഐ.സി. സ്കീമുകളുടെ മെയിന്റനൻസുകളും മറ്റും നടപ്പാക്കുന്നത്. പഞ്ചായത്ത് പദ്ധതികളിൽ നിന്നും എൽ.ഐ.സി. സ്കീമിന്റെ റിപ്പയറിംഗിന് പണം ചെലവാക്കാൻ ആഡിറ്റ് ഒബ്ജക്ഷൻ വന്നിരിക്കുന്നു. സംസ്ഥാന സർക്കാരിന് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇറിഗേഷന്റെ റിപ്പയറിംഗ് നടത്താം. അതേ ഫണ്ട് പഞ്ചായത്തുകൾ വഴി റിപ്പയർ നടത്താൻ കഴിയുകയില്ല എന്ന രണ്ട് രീതിയിലുള്ള സമീപനം ശരിയല്ല. അതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കുറേ വർഷങ്ങളായി നമ്മുടെ ആസൂത്രണ ബോർഡ് ഇറിഗേഷൻ സെക്ടറിൽ പണം ചെലവാക്കാൻ സഹായിക്കാത്തതുകൊണ്ട്, ഇറിഗേഷൻ സെക്ടർ നശിച്ചുകൊണ്ടിരിക്കുകയാണ്. അവയെ സംരക്ഷിക്കാൻ പഞ്ചായത്തിന് അധികാരം കൊടുക്കുന്ന ക്രമീകരണമുണ്ടായില്ലെങ്കിൽ ഇതെല്ലാം തകർന്നുപോകുന്ന അവസ്ഥയുണ്ടാകും. കുടിവെള്ളം, ജലസേചനം, കൃഷി ഉൾപ്പെടെയുള്ള മേഖലകളിൽ പണം ചെലവാക്കുമ്പോൾ 10 ശതമാനം ഫണ്ട് കർഷകരുണ്ടാക്കണം, ഗുണഭോക്താക്കൾ ഉണ്ടാക്കണമെന്നാണ് സർക്കാരിന്റെ പുതിയ നിർദ്ദേശം. പ്ലാൻ ഫണ്ടുപയോഗിച്ച് കൃഷി വകുപ്പ് കുടിവെള്ള പദ്ധതിയുണ്ടാക്കുമ്പോൾ നമ്മളാരും ഗുണഭോക്താക്കളിൽ നിന്ന് 10 ശതമാനം ഫണ്ട് കണ്ടെത്തണമെന്നു പറയുന്നില്ല. പിന്നെ പഞ്ചായത്തുകൾ പ്ലാൻ ഫണ്ട് കൊടുത്ത് പദ്ധതികളുണ്ടാക്കുമ്പോൾ ഗുണഭോക്താക്കൾ പത്ത് ശതമാനം ഫണ്ട് കണ്ടെത്തണമെന്നു പറയുന്നത് എന്ത് ന്യായമാണ്? മാത്രമല്ല, കേരളത്തിലെ കർഷകരുടെ നട്ടെല്ലൊടിഞ്ഞിരിക്കുന്ന സമയമാണ്. നട്ടെല്ലൊടിഞ്ഞിരിക്കുന്ന കർഷകരോട് അവരുടെ പാടശേഖരങ്ങളിൽ വെള്ളമെത്തിക്കാനുള്ള പദ്ധതി, നെൽവിത്ത് വാങ്ങാനുള്ള പദ്ധതി, മറ്റുപകരണങ്ങൾ വാങ്ങാനുള്ള പദ്ധതി എന്നിവയിൽ നിന്നു പത്ത് ശതമാനം ഫണ്ട് കണ്ടെത്തണമെന്ന് പറയുന്നത് അന്യായമാണ്. അതുകൊണ്ട് കർഷകരിൽ നിന്നും ഇത്തരത്തിൽ ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പാക്കണമെന്ന സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്തണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എല്ലാ കാര്യത്തിലും എക്സംപ്ഷൻ ഉള്ളതാണ്. പക്ഷേ കാർഷിക മേഖലയിൽ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയിൽ അവരുടെ വിഹിതം കണ്ടെത്തുന്ന കാര്യത്തിൽ എക്സംപ്ഷൻ ഇല്ല. അവരെ അതിൽ നിന്ന് ഒഴിവാക്കിയേ മതിയാകൂ. സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടി നടപ്പാക്കുന്ന ഈ പദ്ധതികളിൽ നിന്ന് 10 ശതമാനം തുക കണ്ടെത്താനുള്ള നടപടികൾ ക്രമീകരിക്കണം. ചെറുകിട ജലസേചന പദ്ധതികൾക്ക് വേണ്ടി പണം ചെലവഴിച്ചതിന് കഴിഞ്ഞ വർഷം ആഡിറ്റ് ഒബ്ജക്ഷൻ വന്നിരുന്നു. അതുകൊണ്ട് പല പഞ്ചായത്തുകളും തുടർന്നുവരുന്ന വർഷങ്ങളിൽ അത് ചെലവാക്കാതെ ബുദ്ധിമുട്ടനുഭവിക്കാൻ പോകുന്ന അവസ്ഥയുണ്ടാകും. അതിന് പ്രത്യേകമായ ക്രമീകരണം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് ചെറുകിട ജലസേചന പദ്ധതികൾക്ക് പഞ്ചായത്തുകൾക്ക് സംരക്ഷണം കൊടുക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിൽ ക്രമീകരണമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യംവച്ചുകൊണ്ട് വളരെയധികം പദ്ധതികൾ പഞ്ചായത്ത് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. എന്റെ മുൻ പ്രാസംഗികരായ സുഹൃത്തുക്കളും ഈ പദ്ധതികളെപ്പറ്റി ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന വികസന സമീപനം പ്രധാനമായും 5 ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. (1) ധനവിനിയോഗത്തിലെ അപാകതകളും ധാരാളിത്തവും ഒഴിവാക്കി കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുക, ചെലവുകൾ ചുരുക്കുക; (2) താഴേയ്ക്കിടയിലുള്ള നിരാശരും അവശരുമായ ജനവിഭാഗങ്ങൾക്കുള്ള പദ്ധതികൾ കൃത്യമായും ഉപയോഗപ്രദമായും നടപ്പാക്കുക; (3) ഉല്പാദന മേഖലയിൽ വൻനേട്ടം ലക്ഷ്യം വയ്ക്കുന്ന 10-ാം പഞ്ചവൽസര പദ്ധതി പ്രാദേശിക സർക്കാർ വഴി ഫലപ്രദമായി നടപ്പാക്കുക; (4) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിൽദാനത്തിനുമുള്ള ആസൂത്രിത പദ്ധതികളെ ഉല്പാദന വളർച്ച എന്നുള്ള ലക്ഷ്യത്തിലേയ്ക്ക് തിരിച്ചുവിടുക; (5) വികസന പദ്ധതികൾക്കാവശ്യമായ പണത്തിന് സർക്കാർ ധനസ്രോതസ്സിനെമാത്രം ആശ്രയിക്കുന്ന പ്രവണത അവസാനിപ്പിച്ച് അടിസ്ഥാന വികസനം, സേവനം തുടങ്ങിയ മേഖലകളിൽ കാര്യമായ സ്വകാര്യനിക്ഷേപം ഉറപ്പുവരുത്തുക. വളരെ സമഗ്രമായ ലക്ഷ്യത്തോടുകൂടി കേരളത്തിന്റെ വികസനത്തെ ലക്ഷ്യമിട്ടുകൊണ്ട് മുന്നോട്ടുപോകുന്ന ഈ പഞ്ചായത്ത് ഭരണ സംവിധാനത്തിന് കൂടുതൽ പണം അനുവദിക്കാൻ കഴിയുന്ന രൂപത്തിൽ ഏർപ്പാടുകൾ ഉണ്ടാക്കണമെന്നുള്ളതു തന്നെയാണ് എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം. ഇന്ന് ഒരു ബഹുമാനപ്പെട്ട അംഗം കേരളത്തിലെ സഹകരണ ജീവനക്കാരുടെ ഒരു പ്രശ്നം ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ സഹകരണ മേഖലയെ രാഷ്ട്രീയ വിമുക്തമാക്കുന്ന വളരെയധികം പ്രവർത്തനങ്ങൾ കേരളത്തിൽ സഹകരണ വകുപ്പുമന്ത്രി ചെയ്യുന്നുണ്ട്. അതോടൊപ്പം ആ സഹകരണ മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾകൂടി ശ്രദ്ധിക്കാൻ അദ്ദേഹം തയ്യാറാകണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്. അതുപോലെ ഈ കാലഘട്ടത്തിൽ കേരളത്തിൽ ധാരാളം ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടായിരിക്കുന്നു, റിസർവ് ബാങ്കുകൾ ആ ബാങ്കുകളെ പ്രവർത്തിക്കാൻ അനുവദിക്കില്ല. ചില ബാങ്ക് ഡയറക്ടർമാർക്കെതിരായി റിസർവ് ബാങ്ക് ഹൈക്കോടതിയിലും മറ്റും കേസ് കൊടുത്തിരിക്കുന്നു, അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. ഈ കാര്യം പലപ്പോഴും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്; എങ്കിൽപ്പോലും ഇപ്പോഴും ബാങ്കുകളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന ചില കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിൽ നിന്നും ആ ബാങ്കുകളെ വിമുക്തമാക്കി റിസർവ് ബാങ്കിന്റെ നിയന്ത്രണം വേണമെങ്കിൽ ആ തരത്തിൽ മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട് ചെയ്യാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ നമ്മുടെ സമുദ്രവുമായി ബന്ധപ്പെട്ട് വളരെയധികം വികസനത്തിന് സാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഒരു വിദേശയാത്ര കഴിഞ്ഞ് കേരളത്തിൽ തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹം പോയത് കേരളത്തിലെ തുറമുഖവികസനവുമായി ബന്ധപ്പെട്ടും മറ്റ് കാര്യങ്ങൾക്കുമാണെന്നാണ് ഞങ്ങൾ അറിഞ്ഞത്. തുറമുഖ വികസനവുമായി ബന്ധപ്പെട്ട് അദ്ദേഹം നേടിയിട്ടുള്ള പുതിയ പദ്ധതികളെക്കുറിച്ചൊക്കെ ഒരുപക്ഷേ ഈ സഭയിൽ പ്രഖ്യാപിക്കുമായിരിക്കും. തൃശ്ശൂർ ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു തുറമുഖമായി വികസിപ്പിച്ചെടുക്കാൻ കഴിയുന്നതാണ് ചേറ്റുവ തുറമുഖവും അഴീക്കോട് തുറമുഖവും. മത്സ്യബന്ധന സാധ്യതകളും ഇറക്കുമതി സാധ്യതകളുമുള്ള ഈ രണ്ട് തുറമുഖങ്ങളുടെ വികസന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് കേരളത്തിന്റെ സമഗ്രവികസനത്തെ ലക്ഷ്യമിട്ടുകൊണ്ട് മുന്നോട്ടുപോകുന്ന സഹകരണ വകുപ്പിന്റേയും പഞ്ചായത്ത് വകുപ്പിന്റേയും ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്ന സർക്കാർ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തന്റെ കന്നി പ്രസംഗത്തിൽ സഖാവ് എ.സി. മൊയ്തീൻ ഇന്ന് നടക്കുന്ന മാർച്ചിനെപ്പറ്റി ഇവിടെ പറഞ്ഞു. അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കാൻ യു.ഡി.എഫ്. നടത്തുന്ന ശ്രമത്തിനെതിരെയാണ് സമരം നടത്തുന്നത്. എൽ.ഡി.എഫ്. ഭരണകാലത്ത് നൽകിയിരുന്ന പദ്ധതി ഗ്രാന്റിന്റെ പകുതിപ്പണംപോലും ഇപ്പോൾ നൽകുന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 3258 കോടിരൂപ 5 വർഷംകൊണ്ട് നൽകിയെന്നുപറഞ്ഞു. എന്നാൽ യു. ഡി. എഫ്. ഗവൺമെന്റ് 3 വർഷം 3075 കോടി രൂപ പഞ്ചായത്തുകൾക്ക് നൽകി എന്നുപറഞ്ഞു. ഈ പണം വകുപ്പുമന്ത്രി നൽകി എന്നുള്ളതല്ലാതെ അതെവിടെയെന്നറിയില്ല. ഈ പണം അവിടെ എത്തിയിട്ടുണ്ടെങ്കിൽ ഈ 3 വർഷംകൊണ്ട് 3075 കോടി രൂപ എന്തിനെല്ലാം ചെലവഴിച്ചു? ആർക്കൊക്കെ കിട്ടി? സാധാരണക്കാരന്റെ ജീവിതം സുഗമമായോ? ഇത്രയും രൂപ കൊടുത്തിട്ട് അതെവിടെപ്പോയി എന്നറിയണം. പഞ്ചായത്തുകൾക്ക് എന്തെങ്കിലും കിട്ടിയോ? സാധാരണക്കാർക്ക് ഒന്നും കിട്ടിയില്ല. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിക്കണം. എൽ.ഡി.എഫ്-ന്റെ 5 വർഷക്കാല ഭരണം ക്ഷേമപ്രവർത്തനങ്ങൾക്കായിരുന്നു. രാഷ്ട്രീയം മറന്നുകൊണ്ട്, ജാതി മറന്നുകൊണ്ട്, മതം മറന്നുകൊണ്ടുള്ള പ്രവർത്തനമാണ് നടന്നത്. 3 വർഷംകൊണ്ട് 3075 കോടി രൂപ കൊടുത്തുവെന്നുപറഞ്ഞു, അത് പരിശോധിക്കണം. അത് തിരിച്ചുപിടിച്ച കണക്കിൽപ്പെടുമോ? കൊടുത്തിട്ട് ഇങ്ങോട്ട് വാങ്ങുകയാണ്, അത് പരിശോധിക്കണം. ഇന്ന് പഞ്ചായത്തുകൾ സർക്കാർ നയത്തിന്റെ ഊരാക്കുടുക്കിൽപ്പെട്ട് നട്ടം തിരിയുകയാണ്, ഒന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല. യു.ഡി.എഫ്. തിരിച്ചുപിടിച്ച പണത്തിൽ ഗുണഭോക്തൃ വിഹിതം, അവാർഡു പണം, തനതുഫണ്ട് എന്നിവയുണ്ട്. സാധാരണക്കാരന് ഗുണകരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

തടസ്സമുണ്ടാക്കുന്ന രീതിയിലാണ് ഈ സർക്കാരിന്റെ പ്രവർത്തനം. പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതം ജനസംഖ്യാ അനുപാതത്തിലാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നൽകിയത്. ആദ്യം അങ്ങനെ ചെയ്തു, പിന്നീട് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാറ്റംവരുത്താൻ തീരുമാനിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു. ഉദാഹരണമായി ജനസംഖ്യ കൂടുതലും പ്രശ്നങ്ങൾ കുറവും, ജനങ്ങൾ കുറവും പ്രശ്നങ്ങൾ കൂടുതലും, ഇപ്പോൾ ജനസംഖ്യ മാത്രം നോക്കിയാൽ പോരാ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടുകൾ നൽകണം, അതിന് തയ്യാറാകണം. അതിന് കേരള വികസന പദ്ധതിയെന്ന് പേരുമാറ്റി, ആദ്യം ജനകീയാസൂത്രണം എന്നായിരുന്നു. അതിവിടെ പതിവാണ്, ഇപ്പോൾ പലതിന്റേയും പേരുമാറ്റി. അടിത്തട്ടിലുള്ള ജനങ്ങളുടെ പ്രശ്നങ്ങൾ കാണണം, അത് പൂർത്തീകരിക്കാൻ സഹായിക്കണം. ഇപ്പോൾ ചില നിയമങ്ങൾ പഞ്ചായത്തുകൾക്ക് കൊടുത്ത് ചെക്ക് സിസ്റ്റം മാറ്റി ബിൽ സിസ്റ്റമാക്കാൻ നടപടികളെടുക്കുകയാണ്. ചെക്ക് സിസ്റ്റം മാറിയിട്ട് ബിൽ സിസ്റ്റമാകുമ്പോൾ പണം സെക്രട്ടറിയുടെ കൈയിൽ സൂക്ഷിക്കാം. ഉദ്യോഗസ്ഥർക്ക് സൂക്ഷിക്കാം., അങ്ങനെ പണം കൈയിൽ സൂക്ഷിച്ചാൽ കരാറുകാരന് പണമായിട്ടാണ് കൊടുക്കുന്നത്. അപ്പോൾ പണമായി കൊടുക്കുന്നത് കുറേക്കാലം കൈയിൽ വയ്ക്കാം; അതുപോലെ സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുകയും ചെയ്യാം. കരാറുകാരനെയടക്കം ബുദ്ധിമുട്ടിക്കുന്ന രീതിയിൽ കാര്യങ്ങൾ പോകും. കേരള വികസന പദ്ധതി എന്നാൽ അഴിമതിവികസന പദ്ധതിയായി മാറ്റിയിട്ടുണ്ട്, അത് മാറണം. കൂടുതൽ അഴിമതിയുണ്ടാകുന്ന രീതിയിൽ ആ പദ്ധതികൾ പോകും. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നില്ല. പഞ്ചായത്തുകളുടെ ശുദ്ധജല പദ്ധതികളെ സംബന്ധിച്ച് നേരത്തെ ശ്രീ.ടി.യു. രാധാകൃഷ്ണൻ സൂചിപ്പിച്ചു. ശുദ്ധജല പദ്ധതികളെല്ലാം ഇപ്പോൾ പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുകയാണ്. അപ്പോൾ എന്താണ് സ്ഥിതി? അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുന്നില്ല. പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതികൾക്ക് 3.90 രൂപയാണ് യൂണിറ്റിന് വൈദ്യുതി ചാർജ്ജ് ചെയ്യുന്നത്. അത് അടയ്ക്കാൻപോലും പഞ്ചായത്തിന് അനുവാദം കൊടുക്കുന്നില്ല. പ്രത്യേകം അനുവാദം വാങ്ങിക്കൊണ്ട് ചിലപ്പോൾ അവർക്ക് അടയ്ക്കാൻ സാധിക്കുന്നുണ്ട് പക്ഷേ എല്ലാ പഞ്ചായത്തുകൾക്കും അത് അടയ്ക്കാൻ സാധിച്ചിട്ടില്ല. ശുദ്ധജലവിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് കൊടുക്കണം എന്നാൽ മാത്രമേ സഹായമാകുകയുള്ളൂ. ഇവിടെ കംപ്യൂട്ടറിനെപ്പറ്റി പറഞ്ഞു, ഐ.ടി. കാലമാണ്, നമുക്ക് കംപ്യൂട്ടറുകൾ വേണം. പക്ഷേ ഓരോ വീട്ടിലും കംപ്യൂട്ടർ നിർബന്ധമാക്കുന്നതിനുപകരം ആവശ്യക്കാർക്കും അർഹതപ്പെട്ടവർക്കും കമ്പ്യൂട്ടർ കൊടുക്കുന്ന രീതിയിൽ കാര്യങ്ങൾ എത്തിച്ചേരണം. പഞ്ചായത്തുകൾക്കൊക്കെ വലിയ വിഷമമാണ്, 2004-ൽ നബാർഡിൽ നിന്നുമെടുത്ത വായ്പകൾ കൂടി ഉൾപ്പെടുത്തിയായിരിക്കും ഇപ്പോഴുള്ള പദ്ധതികൾക്കൊക്കെ പണം നൽകുന്നത്. ഇതുവഴി വിഹിതത്തിന്റെ 35 ശതമാനം ഗ്രാന്റായി നൽകണമെന്ന നിയമവും ലംഘിച്ചു. ഇത് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 40-70 ശതമാനം ആർ.ഐ.ഡി.എഫ്. പ്രകാരമുള്ള നബാർഡ്

LIBRARY ARCHIVES Kerala Legislative Assembly

വായ്പയാണ്. ആർ.ഐ.ഡി. ഫണ്ട് പ്രത്യേകമായി ചേർത്തതിന്റെ ഫലമായി അത് നബാർഡ് മാനദണ്ഡപ്രകാരം മാത്രമേ നിർവ്വഹിക്കാനാകൂ എന്നതിനാൽ വാർഷിക പദ്ധതി രൂപീകരണം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഇതൊക്കെ വലിയ വിഷമമാണ്. പദ്ധതി രൂപരേഖ തയ്യാറാക്കി നിർബന്ധമായും 12-ാം തീയതി ഡി.പി.സി.-ക്ക് നൽകണമെന്നുപറഞ്ഞ് ഇന്നലെ പഞ്ചായത്തുകൾക്ക് ഒരു ഓർഡർ കിട്ടി. ഇനി 5 ദിവസം മാത്രമേയുള്ളൂ, അത് നൽകാൻ സാധിക്കില്ല, അതുകൊണ്ട് ആ തീയതി നീട്ടിക്കൊടുക്കുന്ന രൂപത്തിൽ കാര്യങ്ങൾ ചെയ്യണം. സാധാരണക്കാരന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമെന്നുള്ള നിലയിലാണ് പഞ്ചായത്തുകളെ കാണുന്നത്. അധികാരവികേന്ദ്രീകരണം ജനങ്ങൾക്ക് കിട്ടുന്ന രൂപത്തിലായിട്ടുണ്ട്, അതിൽ വളരെയധികം ഇടപെടലുകളുണ്ടാകുന്നുണ്ട്, അതൊക്കെ മാറ്റണം. പ്രാഥമിക സഹകരണ ബാങ്കുകൾ മുതൽ സംസ്ഥാന സഹകരണ ബാങ്കുകൾ വരെയുള്ള ദൈനംദിന ഭരണത്തിൽ ഇടപെടാൻ ഇപ്പോൾ റിസർവ് ബാങ്കിന് അധികാരം നൽകിയിരിക്കുകയാണ്. അത് സഹകരണ പ്രസ്ഥാനത്തിന്റെ അടിത്തറ മാറ്റുന്ന രീതിയിൽ, ജനാധിപത്യ സംവിധാനം മാറ്റുന്ന രീതിയിൽ എത്തിച്ചേരുകയാണ്. അതിനൊക്കെയെതിരായി നമ്മൾ കാര്യമായി പ്രവർത്തിച്ചില്ലെങ്കിൽ സഹകരണമേഖല തന്നെ തകരും. ഇതെല്ലാം കൊണ്ടുതന്നെ പ്രത്യേകിച്ചും ഈ ഗ്രാമപഞ്ചായത്തിനോട് കാണിക്കുന്ന ജനവിരുദ്ധ നയത്തിലും സഹകരണപ്രസ്ഥാനങ്ങളോടുള്ള സർക്കാരിന്റെ നയത്തിലും പ്രതിഷേധിച്ച് ഈ ഡിമാൻഡുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഈ ഡിമാന്റുകളെ ഞാൻ എതിർക്കുന്നു. പഞ്ചായത്തുകളുടെ പദ്ധതി വിഹിതങ്ങളൊന്നും കട്ടു ചെയ്യുന്നില്ല എന്ന് ശ്രീ. എ. സുജനപാൽ പറഞ്ഞു. ഞാൻ വിളിച്ചു ചോദിച്ചു മനസ്സിലാക്കിയ ഒരു കാര്യം പറയുകയാണ്. പൂഞ്ഞാർ പഞ്ചായത്തിൽ 2002-03-ൽ ആകെ പദ്ധതി വിഹിതം 35 ലക്ഷം രൂപയാണ്. അതിൽ നാല് ലക്ഷം രൂപ ഗവൺമെന്റ് തിരിച്ചു പിടിച്ചു. 2003-04-ൽ 32 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. അതിൽ നിന്നും അഞ്ച് ലക്ഷം രൂപ ഗവൺമെന്റ് തിരിച്ചുപിടിച്ചു. ഇങ്ങനെ ത്രിതല പഞ്ചായത്ത് സംവിധാനത്തെ, ജനാധിപത്യ സംവിധാനത്തെ കുരുതി കൊടുക്കണമെന്നുള്ള നിർബന്ധബുദ്ധിയോടുകൂടി ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നു എന്നു ഞങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ പറയുമ്പോൾ നിങ്ങൾ എതിർക്കേണ്ട കാര്യമില്ല. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള ബാദ്ധ്യത നമുക്കെല്ലാവർക്കുമുണ്ട്. നമ്മൾ എല്ലാവരും കൂടി കൈപൊക്കി പാസ്സാക്കി നിയമപ്രകാരം അധികാരത്തിൽ വന്ന ജനകീയ സമിതികളല്ലേ അവർ? നമ്മളെപ്പോലെ വോട്ടു വാങ്ങുന്നവരല്ലേ അവർ? അവരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ഗ്രാമീണ മേഖലയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി പണം കൊടുക്കുന്നതിൽ എന്തുകൊണ്ട് ഈ ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നു എന്ന് എനിക്കു മനസ്സിലാകുന്നില്ല. തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഒരു മാറ്റം ഉണ്ടാകണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ വെളുത്ത മുഖം പോലെതന്നെ വെളുത്ത മനസ്സും ഈ പണം കൊടുക്കുന്ന കാര്യത്തിൽ ഉണ്ടാകണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി എം.വി. രാഘവൻ ലോകമെല്ലാം കറങ്ങി സന്തോഷത്തോടുകൂടി വന്ന സ്ഥിതിക്ക് ഒരു കാര്യം പറയുകയാണ്. നമ്മുടെ വിഴിഞ്ഞം പോർട്ട് നാചറൽ പോർട്ടല്ലേ? ലോകത്ത് എവിടെയെങ്കിലും കിട്ടുമോ ഇതുപോലൊരു പോർട്ട്? ആ പോർട്ടിനെ ശക്തിപ്പെടുത്തിയെടുക്കാൻ, നന്നാക്കിയെടുക്കാൻ പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണം എന്നാണ് എനിക്കു പറയാനുള്ളത്. ഞാൻ പറയുമ്പോൾ മറ്റൊന്നും വിചാരിക്കരുത്, 1980-ൽ ഞാൻ ഈ നിയമസഭയിൽ വരുമ്പോൾ, ശ്രീ. എം. വി. രാഘവൻ പ്രതിപക്ഷ ഉപനേതാവ് ആയിരുന്നു. പ്രതിപക്ഷ ഉപനേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വളരെ സന്തോഷത്തോടുകൂടി നോക്കിക്കണ്ട ഒരാളാണ് ഞാൻ. അദ്ദേഹം മന്ത്രിയായപ്പോൾ, ശക്തനായ ഒരു മന്ത്രി എന്നുള്ള നിലയ്ക്ക്, അദ്ദേഹത്തിന്റെ വകുപ്പിൽ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട്, തന്റേടത്തോടുകൂടി മുന്നോട്ടുപോകാൻ കഴിയുന്ന ഒരു മന്ത്രിയാണ് ശ്രീ. എം. വി. ആർ. എന്ന വിശ്വാസമാണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നത്. എന്തിനാണ് അങ്ങയുടെ ഉടുപ്പിൽ ചെളി പറ്റിക്കുന്നത്? എനിക്ക് അങ്ങയോടു വളരെ സ്നേഹമുണ്ട്. അങ്ങയെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ഒരാളാണ് ഞാൻ. പക്ഷേ ഒരു കാര്യം ചോദിക്കട്ടെ, കൺസ്യൂമർ ഫെഡറേഷനിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? അവിടെ നടക്കുന്ന കൊള്ളയ്ക്ക് ഉത്തരവാദിത്വം അങ്ങേയ്ക്ക് ഇല്ല. എന്തുകൊണ്ട് ഉത്തരവാദിത്വം അങ്ങേയ്ക്കില്ലെന്ന് പറയാൻ താങ്കൾക്കു കഴിയുന്നില്ല? ആ ഉത്തരവാദിത്വം അങ്ങ് ഏൽക്കണ്ടേ? കൺസ്യൂമർ ഫെഡറേഷന്റെ എം.ഡി.-യായി ഒരു ഉദ്യോഗസ്ഥനെ വച്ചിരിക്കുന്നു. അയാൾ രാജ്യം മുഴുവൻ നടന്ന് പണപ്പിരിവ് നടത്തുകയാണ്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സഹകരണ വകുപ്പുമന്ത്രിക്കും പരാതി നൽകിയിട്ട് ആ പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ആ പരാതിയിൽ പറയുന്ന ഒന്ന് രണ്ട് കാര്യങ്ങൾ ഞാൻ വായിക്കാം. എല്ലാ വിദേശ മദ്യഷാപ്പുകളിലും കമ്പനി കൊടുത്തിരിക്കുന്ന പരാതിയാണ്. "എല്ലാ മദ്യഷാപ്പുകളിലും ഞങ്ങളുടെ മദ്യം വിൽക്കുന്നുണ്ട്. എന്നാൽ കൺസ്യൂമർ ഫെഡറേഷനിൽ പുതിയ എം.ഡി. ചാർജ്ജെടുത്തതോടെ ഷാപ്പുകളിൽ മദ്യം വിൽക്കണമെങ്കിൽ കമ്മീഷൻ നൽകണമെന്ന അവസ്ഥമൂലം ഞങ്ങൾക്ക് മദ്യം വിതരണം ചെയ്യാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. ഒരു കെയ്സ് മദ്യത്തിനു 40 രൂപ മുതൽ 100 രൂപ വരെ കമ്മീഷൻ നൽകണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേശം". ആരാണ് ഈ ഉദ്യോഗസ്ഥൻ? കൈക്കൂലിയും പിടിച്ചുപറിയും നടത്തുന്ന ഉദ്യോഗസ്ഥൻ അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ ഇരിക്കുകയാണ്. പരാതി തന്നിട്ട് അയാളുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു? അയാളെപ്പറ്റി വിജിലൻസ് എൻക്വയറിയില്ലേ? വിജിലൻസ് എൻക്വയറി വന്ന സ്ഥിതിക്ക് അയാളെ സസ്പെന്റ് ചെയ്യേണ്ട ബാധ്യതയില്ലേ? ബഹുമാനപ്പെട്ട കോടതിയിൽ കേസില്ലേ?

<u>ശ്രീ. എം. വി. ജയരാജൻ:</u> ഓവർബ്രിഡ്ജിന്റെ അടുത്ത് രണ്ടു മദ്യഷാപ്പുകളുണ്ട്. ഒന്ന് ബിവറേജസ് കോർപ്പറേഷന്റേതും മറ്റൊന്ന് കൺസ്യൂമർ ഫെഡിന്റേതുമാണ്. ബിവറേജസ് കോർപ്പറേഷന്റെ മദ്യഷോപ്പിൽ റിനോ റം

LIBRARY ARCHIVES Kerala Legislative Assembly

(Rhino Rum) എന്നു പറയുന്ന, ജനങ്ങൾ കൂടുതൽ വാങ്ങിക്കുന്ന മദ്യം കിട്ടും. കൺസ്യൂമർ ഫെഡിന്റെ മദ്യഷോപ്പിൽ റിനോ റം എന്നു പറയുന്ന ജനപ്രിയ മദ്യം കിട്ടില്ല. കിട്ടാതിരിക്കാൻ കാരണം റിനോ റമ്മിന്റെ മദ്യമുതലാളി കമ്മീഷൻ കൊടുക്കാൻ പറഞ്ഞപ്പോൾ കമ്മീഷൻ കൊടുത്തില്ല. അതാണു കാര്യം. അക്കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. സി. ജോർജ്: ഇതു വ്യാപകമായ ഒരു പരാതിയാണ്. നമ്മുടെ ബിവറേജ്സ് കോർപ്പറേഷനുകൾ നടത്തുന്ന ഔട്ട്ലറ്റുകൾ ലാഭം. കൺസ്യൂമർ ഫെഡറേഷൻ നടത്തുന്ന ഔട്ട്ലറ്റുകൾ നഷ്ടം. ഒരു കെയ്സ് മദ്യത്തിന് 40 രൂപ മുതൽ 100 രൂപ വരെ കമ്മീഷൻ നൽകണം എന്നാണ് എം.ഡി.-യുടെ നിർദ്ദേശം. പരാതിയിൽ അദ്ദേഹം തുടരുന്നു, "ഇതിൻ പ്രകാരം കഴിഞ്ഞ ജൂൺ മാസം ഞാൻ ഒരു ലക്ഷത്തിഇരുപതിനായിരം രൂപ നൽകാൻ നിർബന്ധിതനായി". ഏജൻസി ഔദ്യോഗികമായി മുഖ്യമന്ത്രിക്കും സഹകരണ വകുപ്പുമന്ത്രിക്കും പരാതി നൽകിയിട്ട് എന്ത് നടപടി സ്വീകരിച്ചു എന്നറിയാൻ ആഗ്രഹമുണ്ട്. വളരെ വിനയത്തോടുകൂടി ഞാൻ പറയുന്നു, ഈ ഷർട്ടിൽ കറ വേണ്ട എന്ന്. അങ്ങ് അങ്ങനെയുള്ളവനല്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ വളർന്നുവന്നവനാണ്. ആ നിലയ്ക്ക് അങ്ങേയ്ക്കും ചില ബാദ്ധ്യതകളുണ്ട്. ഇത്രമാത്രം വികൃതമായ ഒരു മുഖവുമായി ഒരു ഉദ്യോഗസ്ഥൻ ഇരുന്ന് കച്ചവടം നടത്തുമ്പോൾ ആ കച്ചവടത്തിനു കൂട്ടുനിൽക്കുന്നവനാണ് പ്രിയങ്കരനായ എം.വി.ആർ. എന്നു കേൾക്കുന്നത് ദുഃഖകരമാണ്. അതംഗീകരിക്കാൻ കഴിയില്ല. ഇന്നു തന്നെ അങ്ങ് നടപടി സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.. ബിവറേജ്സ് കോർപ്പറേഷൻ ലാഭകരമായി നടത്തണം. വില കുറഞ്ഞ മദ്യത്തിന്റെ Espos 150 എം.എൽ., അതായത് ക്വാർട്ടർ എന്നു പറയും, അതിനു 35 രൂപയാണ് വില. ഫുൾ ബോട്ടിലിന് 125 രൂപ മാത്രമേയുള്ളൂ. എന്തുകൊണ്ട് കൺസ്യൂമർ ഫെഡറേഷൻ അതു എടുക്കുന്നില്ല, അതേസമയം ബിവറേജ്സ് കോർപ്പറേഷൻ അതെടുക്കുന്നു. കുടിക്കാൻ ഇഷ്ടമുള്ളവർ ചെന്നു വാങ്ങുന്ന ഇഷ്ടമുള്ള മദ്യം, കമ്മീഷന്റെ അടിസ്ഥാനത്തിൽ എടുക്കുന്നു. എന്തുകൊണ്ട് അങ്ങേയ്ക്കു നടപടി സ്വീകരിക്കാൻ കഴിയുന്നില്ല? ഈ രണ്ട് മന്ത്രിമാരും കൊണ്ടുവന്ന ഡിമാന്റുകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു. ധനകാര്യവകുപ്പ് 23-1-2004-ൽ ഒരു പ്രസിദ്ധീകരണം പുറത്തിറക്കിയിട്ടുണ്ട്. Medium Term Fiscal Policy and strategy statement with Medium Term Fiscal Plan for Kerala 2004-2005 to 2006-2007. ഈ പേരിലാണ് ആ പ്രസിദ്ധീകരണം പുറത്തിറങ്ങിയിരിക്കുന്നത്. Kerala Fiscal Responsibility Act III പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് അത്യാവശ്യവുമാണ്. മെമ്പർമാർക്ക് വിതരണം ചെയ്ത ഈ രേഖ ഞാൻ വായിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും ഈ രേഖ വായിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നു. ധനകാര്യ വകുപ്പ് പ്രസിദ്ധീകരിച്ച രേഖയെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. നമുക്കു തന്ന രേഖയാണ്. കാര്യമുണ്ടോ ഇല്ലയോ എന്ന് വായിച്ചു നോക്കിയാൽ അറിയാം. പോയ രണ്ടു വർഷങ്ങളിലെ evaluation ഈ സ്ട്രാറ്റജിയിൽപ്പെടുന്നതാണ്. സ്ട്രാറ്റജി സംബന്ധമായിട്ടുള്ള മുൻഗണനകൾ, Key Fiscal Policy ഇതെല്ലാം ഈ പ്രസിദ്ധീകരണത്തിലുണ്ട്. 2001-ൽ അനുഭവപ്പെട്ട സാമ്പത്തിക പ്രതിസന്ധി വളരെ രൂക്ഷമായിരുന്നു. അതിന്റെ വെളിച്ചത്തിൽ നമുക്ക് ക്യാപ്പിറ്റൽ അസറ്റ്സൊക്കെ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. രണ്ടാം തലമുറയുടെ പ്രശ്നങ്ങൾ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. പ്രതിസന്ധികളെ സന്ദർഭങ്ങളായി കണ്ടുകൊണ്ട് അവയെ അതിജീവിക്കാൻ ഈ സർക്കാർ ശ്രമിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. 1980 മുതൽ നമ്മുടെ റവന്യൂ ബാലൻസ് ഡെഫിസിറ്റിലേയ്ക്ക് തിരിഞ്ഞിരിക്കുകയായിരുന്നു. സംസ്ഥാനത്തേയ്ക്കു ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട സെൻട്രൽ റവന്യൂവും കുറഞ്ഞു വരികയാണ്. ഇന്ന് രാവിലെ ഈ സഭയിൽ പറഞ്ഞു കേട്ടപ്പോൾ, ഇനി അല്പസ്വല്പ വിമാനക്കൂലിയിൽ ചെലവൊക്കെ വന്നാലും, അതു പ്രതിപക്ഷാംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കാൻ ശ്രമിച്ചാലും ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ ഡൽഹിയിൽ പോകണമെന്നാണ് എന്റെ പക്ഷം. പോയ സർക്കാരുകൾ ചെയ്തതുപോലെ അമേരിക്കയിലെ നയാഗ്രാ വെള്ളച്ചാട്ടം കാണാനോ ഈജിപ്തിലെ ഈഫൽ ഗോപുരത്തിന്റെ മുകളിൽ കയറാനോ ഒന്നും പോകണ്ട. ഡൽഹി വരെ പോയി കേന്ദ്രത്തിൽ നിന്നും കിട്ടേണ്ട സഹായം പൂർണ്ണമായും ലഭ്യമാക്കുന്നതിന് സാഹചര്യം സൃഷ്ടിക്കണം. ഉദാഹരണത്തിന് നഗരങ്ങളിലെ ചേരിവികസനം ഇന്നത്തെ ഡിമാന്റുമായി വളരെയധികം ബന്ധപ്പെട്ടതാണ്. നൂറു ശതമാനവും സെൻട്രൽ ഗവൺമെന്റ് എയിഡുള്ളതാണ്. ഇവിടെ ചിലർ പറഞ്ഞതുപോലെ സംസ്ഥാന വിഹിതം വേണ്ടാത്ത ഒന്നാണ് അത്. പത്തരക്കോടി രൂപ പ്രസ്താവനയിൽ ഉണ്ട്. നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വക കഴിച്ചതിനുശേഷം സർക്കാരിന്റെ സാമ്പത്തിക നില പരിഗണിച്ച് ഭരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അധികതുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് പറയുന്നു. പതിവു വാചകമാണെങ്കിലും അതു ഗൗരവത്തോടുകൂടി പരിഗണിക്കേണ്ടുന്ന ഒന്നാണ് എന്നാണ് എന്റെ അഭിപ്രായം. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ കാര്യത്തിലേയ്ക്ക് കടക്കുന്നതിനു മുൻപ് തുറമുഖവും സഹകരണവുമായി ബന്ധപ്പെട്ട് അത്യാവശ്യം ചിലത് പറഞ്ഞോട്ടെ. കർഷകരാണ് ഈ നാടിന്റെ നട്ടെല്ലെന്ന് സർക്കാരിന് നല്ലതുപോലെ അറിയാം. ഗവൺമെന്റ് മുൻഗണനയിൽ കാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതറിഞ്ഞ് ബന്ധപ്പെട്ടവർ കാർഷികോൽപ്പാദന സബ്സിഡിയുമായി ബന്ധപ്പെട്ട് 26 കോടി രൂപ അധികം ചോദിച്ചു എന്നാണ് എന്റെ അറിവ്. ബഡ്ജറ്റിൽ മൂന്ന് കോടി രൂപയേയുള്ളു, അതുതന്നെ 2.31 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞതാണ്. ചുരുങ്ങിയത് 30 കോടി രൂപയെങ്കിലും കൂടുതൽ വേണം. അതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവാക്കിയതിനുശേഷം സർക്കാരിന്റെ സാമ്പത്തിക നിലകൂടി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ച് തുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നാണ്. ഇനി മുക്കാൽ ലക്ഷം രൂപ കൂടി ചെലവഴിച്ചാൽ ഇപ്പോൾ തന്നിരിക്കുന്ന തുക തീരും. ആ നിലയ്ക്ക് ബന്ധപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇത് ബന്ധപ്പെട്ടവർ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അഴീക്കൽ തുറമുഖം, ബേപ്പൂർ വാണിജ്യ തുറമുഖ വികസനം, തങ്കശ്ശേരി കാർഗോ ബർത്ത് തുടങ്ങിയവയ്ക്ക് അനുവദിച്ച പണം പോരാ എന്ന വിഷയം സംബന്ധിച്ചും വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. അതുപോലെ Kerala State Maritime Development Corporation എന്നൊരു കോർപ്പറേഷൻ കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ പോലുമില്ലാതെ ഇത്തരം കോർപ്പറേഷനുകൾ പ്രവർത്തിക്കുന്ന കാര്യത്തിൽ മാറ്റം വരുത്തണം. അതുസംബന്ധമായും സർക്കാർ ഔപചാരികമായ ഒരു തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. ആ തീരുമാനമെടുക്കുന്ന മുറയ്ക്ക് ടോക്കൺ പ്രൊവിഷൻ നൽകുമെന്നാണ് സർക്കാരിന്റെ ഉറപ്പ്. ആ ഉറപ്പ് അറിഞ്ഞ് ഞാൻ സന്തോഷിക്കുന്നു. സഹകരണ വകുപ്പും തുറമുഖവുമായി ബന്ധപ്പെട്ട് ചേറ്റുവ അഴിമുഖം പൂർണ്ണമായും മണ്ണുമൂടി കിടക്കുന്നു. മണ്ണുമൂടിപ്പോയി എന്നുള്ളതുകൊണ്ട് ഇതുപോലുള്ള ചെറിയ ചെറിയ തുറമുഖങ്ങളുടെ കാര്യങ്ങളിലും കൂടുതൽ കൂടുതൽ ശ്രദ്ധ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നവർ എടുക്കുമെന്ന് വിശ്വസിക്കുന്നു. ഞാൻ അവതരിപ്പിച്ച ഈ നിർദ്ദേശങ്ങൾ ഈ വകുപ്പുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉപകാരപ്രദമാകുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ പിൻതാങ്ങുന്ന എന്റേയും കൂടിയായ സർക്കാരിന് സഹായകരമായ നിർദ്ദേശങ്ങളാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമായാൽ വിഭവസമൃദ്ധമായി കൈകാര്യം ചെയ്യാവുന്ന ഒരു മന്ത്രിയുടെ വകുപ്പുകളാണെന്ന് എനിക്ക് ഉത്തമ ബോദ്ധ്യമുള്ളതുകൊണ്ട് ഈ രണ്ട് വകുപ്പുകൾക്കും കൂടി 7,46,06,000 രൂപ പോര. സമയക്കുറവുകൊണ്ട് നഗര വികസനത്തിലേയ്ക്കും പഞ്ചായത്തിലേയ്ക്കും കടക്കുകയാണ്. നഗരവികസനത്തിനും പഞ്ചായത്തിനുമായി 1,39,09,46,000 രൂപയുണ്ട്. എന്നിട്ടും നേരത്തെ സൂചിപ്പിച്ചതുപോലെ, ചേരിപ്രദേശങ്ങളുടെ വികസനത്തിന് പത്തരക്കോടി രൂപയേയുള്ളൂ. കഴിഞ്ഞ വർഷം മുനിസിപ്പാലിറ്റികൾക്ക് ഈ ഇനത്തിൽ ഒൻപതേകാൽ കോടിരൂപയാണുണ്ടായിരുന്നതെന്നകാര്യം ഞാൻ മറക്കുന്നില്ല. സംസ്ഥാന തലസ്ഥാന വികസനവുമായി ബന്ധപ്പെട്ട് 50 കോടി 25 ലക്ഷം രൂപ എന്നത് 70 കോടിരൂപയാക്കിയെങ്കിലും ഉയർത്തണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ അറിയാൻ സാധിച്ചു. ബഡ്ജറ്റിൽ ഈ ഇനത്തിൽ 50 കോടി 75 ലക്ഷം രൂപ കാണുന്നുണ്ട്. കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് 28,28,20,000 രൂപ ആയിരുന്നു. ഈ വർഷം 22,54,80,000 രൂപ കൂടുതൽ അനുവദിക്കപ്പെടേണ്ടുന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണോ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയിൽ ബന്ധപ്പെട്ട ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് വിശേഷാൽ സ്റ്റേറ്റുമെന്റ് ഇറക്കാത്തതെന്നും സംശയിക്കുന്നു. അതേസമയം ചെറുതും ഇടത്തരവുമായ നഗരങ്ങളുടെ സംയോജിത വികസനത്തിന് വെറും 25 ലക്ഷം രൂപ മാത്രമേ കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റിലുള്ളതിനേക്കാൾ കൂടുതലായി കാണുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന് നഗര വികസന പദ്ധതികൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ 41 ലക്ഷം രൂപ അധികം നൽകിയിട്ടുണ്ട് എന്നുള്ളതാണ്. ഈ വർഷം എന്നെ കൂടുതൽ ആകർഷിച്ച വസ്തുത ജനറൽ വിഭാഗത്തിൽ ഈ വർഷം 1,65,81,34,000 രൂപ കൂടുതൽ അനുവദിച്ചിരിക്കുന്നു എന്നുള്ളതാണ്. ഈ വർഷം 4,13,25, 86,000 രൂപയുണ്ട്. ആ അനുവദിക്കപ്പെടുന്ന തുകയുടെ ഓരോ പൈസയ്ക്കും പെരുവെള്ളമാകേണ്ട പല തുള്ളിയുടെ മഹത്വമുണ്ട്. അതുകൊണ്ട് ഓരോ പൈസയും ചെലവാക്കുന്നത് വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അറവുശാലകളുടെ പുനസംഘടനയ്ക്കും നവീകരണത്തിനുംവേണ്ടി 75 ലക്ഷം രൂപ പോരാ എന്ന അഭിപ്രായം ഉയർന്നുവരാൻ കാരണമുണ്ട്. എന്റെ കുട്ടിക്കാലത്ത് വടക്കേക്കരയിൽ നിന്ന് പറവൂർ വരെ നടന്നുപോയി പഠിക്കുന്നതിനിടയ്ക്ക് ഏതാണ്ട് എല്ലാ ദിവസവും ചിറ്റാറ്റുകര എന്ന സ്ഥലത്ത് തലയറുത്ത് നിരത്തിവച്ചിരിക്കുന്ന ആട്ടിൻ തലകളും അതിനു സമീപത്തെ കുറ്റിയിൽ കെട്ടിയിട്ടിരിക്കുന്ന പിറ്റേദിവസത്തെ അറുത്ത തലകളായി മാറേണ്ട ആടുകളിലെ ജീവനുള്ള കണ്ണുകളിലെ നീറിപ്പടരുന്ന വേദനയും കണ്ണീരും കണ്ടുകൊണ്ടാണോ ഞാൻ ഒരു വെജിറ്റേറിയൻ ആയത് എന്നുവരെ എനിക്ക് സംശയമുണ്ട്. പൊതുജനങ്ങൾക്ക് അലോസരമുണ്ടാക്കാതെ അരോചക ദൃശ്യങ്ങൾക്ക് അവസരം കൊടുക്കാതെ അറവുശാലകൾ നവീകരിക്കുകയും ശുചിത്വത്തിന് പ്രാധാന്യം നൽകുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും വേണം. ഇതുസംബന്ധിച്ചും നേരത്തെ പറഞ്ഞതുപോലെ സ്റ്റേറ്റുമെന്റ് തന്നിട്ടുണ്ട്. ഈ തുക തീരുന്ന മുറയ്ക്ക് കാര്യങ്ങൾ പരിഗണിക്കാം എന്ന്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വേണ്ടി ഈ വർഷം 1391 കോടിയോളം രൂപ ചെലവാക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് അഭിമാനത്തോടെ അൽപ്പം പറയാതിരിക്കുവാൻ നിവൃത്തിയില്ല. ശ്രീ. ടി.യു. രാധാകൃഷ്ണനെപ്പോലെ ഞാനും അന്തരിച്ച രാജീവ് ഗാന്ധിക്ക് ആവർത്തിച്ച് ആദരാഞ്ജലികൾ അർപ്പിക്കുന്നു. 1994-ൽ അധികാര വികേന്ദ്രീകരണം വിളംബരം ചെയ്ത സർക്കാർ ഐക്യജനാധിപത്യ മുന്നണിയുടേതായിരുന്നുവെന്ന് എല്ലാപേർക്കുമറിയാം. അത് ആർക്കും ചോദ്യം ചെയ്യാൻ പറ്റുകയുമില്ല. 1994-ലാണ് ആക്റ്റ് വന്നത്. ദീർഘ മാസങ്ങളിലൂടെ ഗർഭ ക്ലേശങ്ങൾ സഹിച്ച് ഒരമ്മ ഒരോമനക്കുഞ്ഞിനെ നൊന്തുപ്രസവിക്കുന്നതുപോലെ തന്നെയാണ് വിവിധ വകുപ്പുകളിൽ നിന്ന് താഴെത്തട്ടിലേയ്ക്ക് പോകേണ്ട അധികാരങ്ങളൊക്കെ സുനിശ്ചിതമാക്കി യു.ഡി.എഫ്.-ന്റെ ആ ശിശു പിറന്നുവീണത്. നല്ല കുഞ്ഞുങ്ങളുടെ പിതൃത്വം ഏറ്റെടുക്കുന്ന നാണംകെട്ട ഒരേർപ്പാടാണ് പിന്നെ കണ്ടത്. ഓമനയായി ഓടിക്കളിക്കേണ്ടിയിരുന്ന ആരോഗ്യമുള്ള ആ കുഞ്ഞ് എല്ലും തോലുമായി മുക്കൊലുപ്പിച്ച്, വയർ ഉന്തി, ചേറിൽ മുങ്ങി ചുമച്ചു നടക്കുന്നതുകണ്ട് കാര്യം മനസ്സിലാക്കിയ കരളുരുകിയ ജനങ്ങളാണ് 2001-ലെ തെരഞ്ഞെടുപ്പിലൂടെ കൊള്ളാവുന്ന ഡോക്ടർമാർ ഇനി ചികിൽസിക്കട്ടെ എന്ന് നിശ്ചയിച്ചതെന്ന് പൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. നമുക്ക് ആസൂത്രണം മാത്രം പോരാ. ഫലപ്രദമായ നിർവ്വഹണവും വേണം. അതിലൂടെ ആത്യന്തികമായ വികസനം സ്വന്തമാക്കുകയും വേണം. ഈ വികസനത്തിനിടയ്ക്ക് രാഷ്ട്രീയം വേണ്ട. നമ്മുടെ ആസ്തികളൊക്കെ കൃത്യമായി തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭം അങ്ങനെ നിശ്ചയിക്കപ്പെടണമായിരുന്നു. അത് ചെയ്യാതിരുന്നതുകൊണ്ടാണ് കോടികൾ പാഴായിപ്പോയത്. അധികാര വികേന്ദ്രീകരണത്തിന്റെ പാഠം ഒന്ന് ഒരു വിലാപമായി. പക്ഷെ ഈ സർക്കാർ സ്ഥിതിഗതികൾ മാറ്റിയെടുത്തിട്ടുണ്ട്. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ആസൂത്രണം നടത്തി തളരുകയായിരുന്നു എന്നാണ് എന്റെ പക്ഷം. ഒൻപതാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷം അധികാരത്തിൽ കയറിയ ഈ സർക്കാരിന് ആസൂത്രണത്തിന്റെ കെടുതികൾ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കാൻ സാധിച്ചു. നിർവഹണത്തിന് സമയം കിട്ടുന്നില്ലെന്ന് ഈ സർക്കാർ അറിഞ്ഞു. അതുകൊണ്ടാണ് പത്താം പഞ്ചവൽസര പദ്ധതി തുടങ്ങിയപ്പോൾ അൽപ്പം കഷ്ടപ്പെട്ടിട്ടാണെങ്കിലും അഞ്ച് വർഷത്തേത് ഒരുമിച്ച് പ്ലാൻ ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയത്. ആദ്യ വർഷം പദ്ധതി രൂപീകരണത്തിനുവേണ്ടി ചെലവ് ചെയ്യേണ്ടിവന്ന കൂടുതൽ സമയം കണക്കിലെടുത്തിട്ടാണ് മൂന്ന് മാസത്തെ ഗഡു സംഖ്യയ്ക്ക് തുല്യമായ 355 കോടി രൂപ അധികം വിതരണം ചെയ്തത്. പോയവർഷത്തെ 1432.5 കോടി രൂപ കേരള ചരിത്രത്തിലെ സർവ്വകാല റിക്കാർഡാണ്. അതാർക്കും നിഷേധിക്കാൻ പറ്റുകയില്ല. ബഹുമാനപ്പട്ട അംഗങ്ങൾ സംസാരിക്കുമ്പോൾ കണക്കിൽ അൽപസ്വൽപം വ്യത്യാസത്തോടുകൂടി അവതരിപ്പിക്കപ്പെട്ടത് ഞാൻ കൗതുകത്തോടെ നോക്കിയിരിക്കുകയായിരുന്നു. 2003-04 സാമ്പത്തിക വർഷത്തിൽ 1092 ½ കോടി രൂപയെന്നു പറയുന്നത് 10 ഗഡുക്കളായി വിതരണം ചെയ്തതാണ്. പിന്നീട് അത് 1432.5 കോടി രൂപയായി ഉയർത്താൻ സാധിച്ചു. ഞാൻ ആദ്യം സൂചിപ്പിച്ച സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിനനുസൃതമായിത്തന്നെ തദ്ദേശ സ്വയംഭരണ വകുപ്പ് 31-3-2004-ൽ മാർഗ്ഗരേഖ ഇറക്കിയിരുന്നു. ഈ മാർഗ്ഗരേഖയെക്കുറിച്ച് ആവർത്തിച്ച് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഈ മാർഗ്ഗരേഖ ഒന്ന് വായിച്ചു നോക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പോരായ്മകൾ നികത്തി അധികാര വികേന്ദ്രീകരണത്തിന്റെ സത്ഫലങ്ങൾ പ്രാപ്യമാക്കുമാറ് പ്രവർത്തിക്കേണ്ട എല്ലാ കമ്മിറ്റികളും നന്നായി പ്രവർത്തിക്കുന്നതിന് ഈ സർക്കാർ ട്രെയിനിംഗ് നൽകി. പഞ്ചായത്ത് അംഗങ്ങൾക്ക് 'കില'യിൽവച്ച് വേറെ ട്രെയിനിംഗ് നടത്തി. സർട്ടിഫിക്കറ്റ് കോഴ്സ് എന്ന് പേരിട്ടുകൊണ്ടാണ് ട്രെയിനിംഗ് കൊടുത്തത്. ഈ ട്രെയിനിംഗിൽ പങ്കെടുക്കുന്ന പഞ്ചായത്ത് അംഗങ്ങൾക്ക് അതിന്റേതായ മറ്റ് നേട്ടങ്ങൾ സ്വന്തം വാർഡിന് നൽകാൻ സാധിക്കുന്ന വിധത്തിൽ, നാടിന് നൽകാൻ സാധിക്കുന്ന വിധത്തിലാണ് ഈ ഏർപ്പാട് മുന്നോട്ടുപോയത്. ഇൻഡ്യയിൽ ആദ്യമായി നഗര വികസന നയം ഈ സർക്കാരാണ് പ്രഖ്യാപിച്ചത്. കുടുംബശ്രീയെക്കുറിച്ച് ഏറെ പറയണമെന്നുണ്ടായിരുന്നു. സമയക്കുറവുകൊണ്ട് ചുരുക്കുകയാണ്. കുടുംബശ്രീകൾ വഴി വീടുകളിലെ മാലിന്യം ശേഖരിച്ച് പുഴകളേയും തോടുകളേയും ഓടകൾ വരേയും വൃത്തിയാക്കാനുള്ള ഏർപ്പാടായി. പരീക്ഷണങ്ങൾ വിജയകരമായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ 1,35,320 അയൽക്കൂട്ടങ്ങളുണ്ട്. എ.ഡി.എസ്സുകളുടെ എണ്ണം 13,841 ആണ്. 28,25,194 കുടുംബങ്ങളാണ് ഇതിന്റെ ഐശ്വര്യം അനുഭവിക്കുന്നത്. 340 കോടി രൂപയാണ്

1.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ലഘുസമ്പാദ്യം. ബാക്കി ലക്ഷങ്ങളുടെ കണക്ക് ഞാൻ പറയുന്നില്ല. വായ്പ അനുവദിച്ചത് 670-ൽ ചില്വാനം കോടി രൂപയാണ്. കുടുംബശ്രീകൾവഴി 9292 ഹെക്ടർ സ്ഥലത്ത് കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാശ്രീ, കേരശ്രീ, ഭവനശ്രീ എന്നിങ്ങനെ ശ്രീകളെക്കുറിച്ച് പറയുമ്പോൾ ശ്രീകളുടെ വേലിയേറ്റമാണ് സ്ത്രീകളിൽക്കൂടി നടക്കുന്നത്. ആ വേലിയേറ്റം സ്ത്രീകളിലൂടെ പ്രാവർത്തികമാക്കുന്നതുകണ്ട് ആഹ്ളാദത്തോടുകൂടിയാണോ ഇപ്പോൾ അമ്മുമ്മമാർ പേരക്കുട്ടികളെ ശ്രീകുട്ടാ. . ., ശ്രീകുട്ടീ . . . എന്നു വിളിക്കുന്നത് എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അത്രയ്ക്ക് 'ശ്രീ' കേരളത്തിലെ വ്യക്തികളുടെ മനസ്സിൽ സ്ഥാനം പിടിച്ചുതുടങ്ങിയിരിക്കുന്നു. ഇൻഡ്യയിലെ 20 ഉത്തമ വികസന മാതൃകകളിലൊന്നായി കുടുംബശ്രീ മാറിയിട്ടുണ്ട് എന്നുള്ളത് ഞാൻ മറക്കുന്നില്ല. ഭാരതത്തിൽ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണ പഞ്ചായത്ത് കേരളത്തിലെ വെള്ളനാട് ആണെന്ന് അഭിമാനത്തോടുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. സൂചികയിലൂടെ, സുലേഖയിലൂടെ, മൾട്ടി പർപ്പസ് ജോക്ക് ക്ളബ്ബുകളിലൂടെ കേരളം വളരുകയാണ്. ആ വളർച്ച കണ്ട് ആഹ്ളാദത്തോടുകൂടി ഈ മൂന്നു വർഷങ്ങൾകൊണ്ട് ഉണ്ടാക്കാൻ സാധിച്ച നിസ്സാരമല്ലാത്ത നേട്ടങ്ങളുടെ പുറത്ത് ഒരിക്കൽക്കൂടി ഈ ഡിമാന്റുകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കടൽപോലെയുള്ള രണ്ടു വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇവിടെ നടക്കുന്നത്. കർഷകത്തൊഴിലാളികളെ സഹായിക്കുന്നതുമുതൽ ഡോക്ടർമാരെ സഹായിക്കുന്നതുവരെയുള്ള സഹകരണ വകുപ്പും ചവർ വാരുന്നതുമുതൽ നഗരസഭയുടെ അങ്ങേയറ്റംവരെയുള്ള ആളുകളെ സഹായിക്കുന്നതും അതിനെ കൈകാര്യം ചെയ്യുന്നതുമായ നഗരവികസന വകുപ്പും. അങ്ങനെ കടലുപോലെയുള്ള രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാത്തിനേയും സംബന്ധിച്ച് സൂചിപ്പിക്കുവാൻ കഴിയുകയില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം റിക്കോർഡ് ധനസഹായമാണ് കൊടുത്തിരിക്കുന്നത്; ഇതുവരെ കൊടുക്കാൻ കഴിയാത്ത രീതിയിലുള്ള ധനസഹായമാണ് കൊടുത്തിരിക്കുന്നത്. പഞ്ചായത്തുകൾക്കുള്ള വരുമാനം ഇതു മാത്രമല്ല. തനതു ഫണ്ട്, പ്ളാൻ ഫണ്ട്, കൂടാതെ അദർ ഫണ്ട്സ് തുടങ്ങിയവയും ഉണ്ട്. Other funds എന്ന് പറഞ്ഞാൽ വി.ടി.സി., സ്റ്റാമ്പ് ഡ്യൂട്ടി, എം.പി. ഗ്രാന്റ് ഉൾപ്പെടെ മൾട്ടി പർപ്പസ് ഗ്രാന്റ് എന്നിവയുമുണ്ട്. സർക്കാരിൽനിന്ന് കിട്ടുന്നത് പ്ളാൻ ഫണ്ടാണ്. സർക്കാരിൽനിന്ന് കിട്ടുന്ന ഫണ്ടുകൾ സൂക്ഷ്മമായി വാങ്ങിക്കുന്ന പഞ്ചായത്തുകളാണ് ഇവിടെയുള്ളത്. ഞാൻ പഞ്ചായത്ത് മെമ്പറും പ്രസിഡന്റുമൊക്കെയായിരുന്നു. ഞങ്ങളുടെ കാലത്ത് ഇങ്ങനെ ഒരു ധനസഹായവും ഉണ്ടായിരുന്നില്ല. പഞ്ചായത്തുകൾ തനതു ഫണ്ട് പിരിച്ചാണ് കാര്യങ്ങൾ നടത്തിയിട്ടുള്ളത്. അന്നൊക്കെ എല്ലാ പഞ്ചായത്തുകളിലും 100 ശതമാനം പിരിവ് നടത്തുന്നതിന് അവാർഡ് കൊടുക്കുമായിരുന്നു. ജനകീയാസൂത്രണം വന്ന് നടുവൊടിച്ചതോടുകൂടി നമ്മുടെ പഞ്ചായത്ത് തലത്തിലുള്ള റവന്യൂ വരുമാനം പൂർണ്ണമായി നിന്നിരിക്കുകയാണ്. ചില

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിൽ പിരിക്കുന്നില്ല. പല സ്ഥലങ്ങളിലും മൈനസ് ഫണ്ടാണെന്ന് ഇവിടെ ശ്രീ. മൊയ്തീൻ പറയുകയുണ്ടായി. മൈനസ് ഫണ്ട് വരാൻ കാരണം ഇത്തരം ധനസമാഹരണ മാർഗ്ഗങ്ങളിലേയ്ക്ക് പഞ്ചായത്ത് കടക്കാത്തതുകൊണ്ടാണ്. ഞങ്ങളൊക്കെ പഞ്ചായത്ത് മെമ്പറായിരുന്ന കാലത്ത് ഓരോ മെമ്പറിനും അതാതു വാർഡിലെ ടാർജറ്റ് കൊടുക്കും. എത്ര സ്ഥലത്ത് ഡിമാന്റ് കൊടുത്തു; ഡിമാന്റ് കൊടുക്കാത്തത് എത്രയാണ്; ഡിമാന്റ് കൊടുക്കേണ്ടത് എത്രയാണ്; എത്ര പിരിച്ചു; അതുപോലെ ഫെബ്രുവരി മാസമാകുമ്പോൾ മുഴുവൻ പണവും വസൂലാക്കാൻവേണ്ടി ആർ.ആർ. നടപടികളും അതേപോലെ പ്രോസിക്യൂഷൻ കേസ്സുകളും എടുത്ത് ധനസമാഹരണമാർഗ്ഗം നടത്തിയിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ഇപ്പോൾ പഞ്ചായത്ത് മെമ്പർമാരിൽനിന്ന് അതൊക്കെ കൈവിട്ടുപോയിരിക്കുകയാണ്. ഇപ്പോൾ പഞ്ചായത്തുകളിലെല്ലാം കോടികളുടെ കണക്കാണ്. അത് സർക്കാർ കൊടുക്കുന്ന പണമാണ്. ഇങ്ങനെ കോടികൾ കൈകാര്യം ചെയ്യുന്ന പഞ്ചായത്തുകളെ നോക്കി കാൽ വയ്യാത്ത, കൈ വയ്യാത്ത, മറ്റ് രോഗം ബാധിച്ച പഴയ പഞ്ചായത്ത് മെമ്പർമാർ തങ്ങൾക്ക് പെൻഷൻ കിട്ടുമെന്ന് പറഞ്ഞ് കൊതിച്ചിരിക്കുകയാണ്. അത് വളരെ ദയനീയമായ ഒരു കാഴ്ചയാണ്. ശ്രീ. ബി. വിജയകുമാർ കഴിഞ്ഞ ദിവസം കൊണ്ടുവന്ന സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, പെൻഷൻ കൊടുക്കാൻ പറ്റുകയില്ലെന്നാണ്. എല്ലാ വിഭാഗങ്ങൾക്കും പെൻഷനുണ്ട്. ജീവിതകാലം മുഴുവൻ ജനസേവനം നടത്തി പഞ്ചായത്ത് മെമ്പറായി പഞ്ചായത്തിന്റെ സേവനം നടത്തിയ കുറേ ആളുകൾക്ക് പെൻഷൻ കിട്ടുന്നില്ല; അവർക്ക് ഒരു ആനുകൂല്യവും കിട്ടുന്നില്ല. ഇതിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി കരുണ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരലോകത്തിൽ വിശ്വാസമില്ലാത്ത ആളാണ് എന്നാണ് എന്റെ അറിവ്. അതേസമയം ഞാനും ബഹുമാനപ്പെട്ട മന്ത്രിയും ഇഹലോകവാസം കഴിഞ്ഞ് പരലോകത്തിൽ പോകും. അപ്പോൾ നമ്മളെല്ലാം സ്വർഗ്ഗത്തിൽ പോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഞങ്ങളൊക്കെ സ്വർഗ്ഗത്തിൽ പോകണമെങ്കിൽ സിറാത്തുൽ മുസ്തക്കീൻ എന്നൊരു പാലമുണ്ട്. 'മുടിനാരേഴായ് കീറിയിട്ട് അതിലൊരു പാലം കെട്ടിയിട്ട് അതിൽ നടക്കണം' എന്നാണ് നമ്മളെ പഠിപ്പിച്ചിട്ടുള്ളത്. ഈ പാവപ്പെട്ട പഞ്ചായത്ത് മെമ്പർമാർ റോഡുകളിൽ കിടന്ന് മരിക്കുന്നു, കടത്തിണ്ണയിൽ കിടന്ന് മരിക്കുന്നു, മാവിന്റെ ചുവട്ടിൽ കിടന്ന് മരിക്കുന്നു. രോഗം വന്നാൽ ചികിത്സിക്കാൻ ആവശ്യമായ മരുന്നു വാങ്ങാൻ കഴിയാത്ത, ഇൻസുലിനോ ഡയോനിൽ ഗുളികയോ വാങ്ങാനുള്ള പൈസയില്ലാതെ എത്രയോ പഞ്ചായത്ത് മെമ്പർമാരും നഗരസഭകളിലെ വാർഡ് മെമ്പർമാരും കൗൺസിലർമാരും വഴിയിൽക്കിടന്ന് മരിക്കുന്നു. അവർക്ക് പെൻഷൻ കൊടുക്കാനുള്ള ദയവ് ഈ സഭ കാണിക്കേണ്ടതല്ലേ? നിഷ്ക്കരുണമാണ് അത് തള്ളിക്കളഞ്ഞത്. 60,000 പേർക്ക് പെൻഷൻ കൊടുക്കണമെന്നുള്ള ധനകാര്യ വകുപ്പിന്റെ കണക്ക് ശരിയല്ല. മുൻ പഞ്ചായത്ത് മെമ്പറായ എനിക്ക് തരേണ്ട കാര്യമില്ല. എനിക്ക് വേറെ പെൻഷൻ കിട്ടും. ഇവിടെ ഇരിക്കുന്ന പല പഴയ പഞ്ചായത്ത് മെമ്പർമാർക്കും പെൻഷന്റെ ആവശ്യമില്ല. ഉദ്യോഗസ്ഥരായ ഒരുപാട് ആളുകളുണ്ട്. അവർക്ക് പെൻഷന്റെ ആവശ്യമില്ല. പത്തോ ഇരുപതിനായിരമോ വരുന്ന ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കാൻവേണ്ടി ധനകാര്യ വകുപ്പിനെ അന്വേഷിക്കാൻ ഏർപ്പെടുത്തി. ധനകാര്യ വകുപ്പ് ഇന്നുവരെ എന്തെങ്കിലും ഒരു കാര്യം അനുകൂലമായി എഴുതിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ധനകാര്യ വകുപ്പ് എന്നു പറഞ്ഞാൽ കൊടുക്കാതിരിക്കുന്നതിനെക്കുറിച്ച് എഴുതുന്ന ആളുകൾ ഉൾക്കൊള്ളുന്ന ഒരു വകുപ്പാണ്. അങ്ങനെ ഒരു വകുപ്പിൽ അന്വേഷിക്കാൻ ഏല്പിച്ചപ്പോൾ 60,000 പേരുണ്ടെന്ന് അവർ ഒരു പൊട്ടക്കണക്കു കൊണ്ടുവന്നു. 60,000 പേർ ഇല്ല. കേവലം 20,000 പേർ മാത്രമേ കാണുകയുള്ളൂ. വേണമെങ്കിൽ ഈ നിയമസഭയിലെ ഒരു കമ്മിറ്റിയെവച്ച് അന്വേഷിപ്പിക്കണം. അല്ലെങ്കിൽ മറ്റൊരു കമ്മിറ്റിയെ വയ്ക്കണം. ജീവിതകാലം മുഴുവനും നാടിനുവേണ്ടി സേവനം അർപ്പിച്ച പാവപ്പെട്ട ജനപ്രതിനിധികൾക്ക് പെൻഷൻ കൊടുക്കാൻ കോടികൾ കൈകാര്യം ചെയ്യുന്ന പഞ്ചായത്തുകൾ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കമ്മിറ്റിയെ ഇന്ന് പ്രഖ്യാപിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ പഞ്ചായത്ത് പ്രസിഡന്റുമാരെ നേരിട്ട് തെരഞ്ഞെടുക്കണമെന്ന് ഒരു അഭിപ്രായം വന്നു. ഇത് വലിയ അപകടകരമായ സ്ഥിതിയാണ്. പഞ്ചായത്ത് പ്രസിഡന്റുമാരെ നേരിട്ട് തെരഞ്ഞെടുത്താൽ യു.ഡി.എഫ്.-ലെ ആളാണ് പ്രസിഡന്റായി വരുന്നതെങ്കിൽ മറ്റ് മെമ്പർമാർ ഭൂരിപക്ഷവും എൽ.ഡി.എഫ്. ആണെങ്കിൽ ഒരു കാര്യവും അവിടെ നടക്കുകയില്ല. തിരിച്ചാണെങ്കിലും നടക്കുകയില്ല. പക്ഷേ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സ്ഥിരത വേണം. ആഴ്ച തോറും പഞ്ചായത്ത് മെമ്പർമാർ മാറാൻ പാടില്ല. അതിന് ഒരു വകുപ്പുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 243(Q) അനുസരിച്ച് നിയമസഭയിലെ അയോഗ്യതകൾ പഞ്ചായത്തുകൾക്കും ബാധകമാണ്. അതിന് ഒരു സർക്കുലർ മാത്രം ഇറക്കിയാൽ മതി. ഒരു അംഗത്തിനുപോലും കൂറുമാറാൻ കഴിയില്ല. കൂറുമാറ്റ നിരോധന നിയമം പഞ്ചായത്തുകൾക്ക് ബാധകമാക്കുവാൻ ആർട്ടിക്കിൾ 243(Q)-ൽ പറയുന്നുണ്ട്. പഞ്ചായത്ത് ആക്ടിലെ വകുപ്പിലും അത് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇത് ഒരു സർക്കുലറിലൂടെ നടപ്പാക്കിയാൽ ജനാധിപത്യ സംവിധാനത്തിൽ പഞ്ചായത്തുകളേയും തദ്ദേശഭരണ സ്ഥാപനങ്ങളേയും അട്ടിമറിക്കാൻ കഴിയില്ല. അതുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് തെരഞ്ഞെടുക്കുന്നത് ഭാവിയിൽ വലിയ അപകടമുണ്ടാക്കും. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പുനരാലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഒരു സ്റ്റേറ്റ്മെന്റ് കണ്ടു. അതിൽ ഞാനും കക്ഷിയാണ്. ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കാതെ മുനിസിപ്പാലിറ്റി ഉണ്ടാക്കാൻ പാടില്ല. ഭരണഘടനയിലെ ബന്ധപ്പെട്ട വകുപ്പു തന്നെ ഇക്കാര്യം പ്രത്യേകമായി പറയുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഞാൻ കൗൺസിലറായിരുന്നപ്പോൾ തിരുവനന്തപുരം നഗരസഭയിൽ അന്ന് ഭരിക്കുന്ന പാർട്ടി ജയിക്കില്ലായിരുന്നു. അടുത്തുള്ള ഒന്നുരണ്ട് പഞ്ചായത്തുകളെ വിട്ടിട്ട് ഇടയ്ക്ക് ഒന്നുരണ്ട് പഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് കോർപ്പറേഷനാക്കി. അന്ന് ഇലക്ഷൻ കമ്മീഷണറായിരുന്ന ശ്രീ. എം.എസ്. ജോസഫിന്റെ മുമ്പിൽ 243 ബി (എ) അനുസരിച്ചും, മുനിസിപ്പൽ ആക്ടിലെ 4 (എഫ്) ആന്റ് (ജി) വകുപ്പു പ്രകാരവും ഞാൻ പരാതി സമർപ്പിച്ചു. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതുവരെ അത് നീട്ടിക്കൊണ്ട് പോയി. അതിന് ഒരു തീരുമാനവും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞില്ല. അതിന് മറുപടി പറഞ്ഞാലേ എനിക്ക് കോടതിയിൽ പോകാൻ പറ്റുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട വകുപ്പിലും നിയമത്തിലും ഭരണഘടനയിലും പറയുന്നത്, ഒരു പഞ്ചായത്ത് ആദ്യം ടൗൺ പഞ്ചായത്ത് ആക്കണം. അതിനുശേഷം ടൗൺ പഞ്ചായത്തിനെ മാത്രമേ അപ്ഗ്രേഡ് ചെയ്ത് മുനിസിപ്പാലിറ്റി ആക്കാൻ പറ്റുകയുള്ളൂ. മുനിസിപ്പാലിറ്റി ആക്കുന്ന മുനിസിപ്പൽ പ്രദേശത്തെ മാത്രമേ കോർപ്പറേഷനിൽ ചേർക്കാൻ പറ്റുകയുള്ളൂ. ഇവിടെ എന്താണ് ചെയ്തത്? എന്റെ നിയോജകമണ്ഡലത്തിലെ ആറ്റിപ്ര പഞ്ചായത്ത് ഉൾപ്പെടെ വരുമാനം കൂടുതലുള്ളവയെ ഗ്രാമ പഞ്ചായത്തിൽ നിന്നും തിരുവനന്തപുരം നഗരസഭയിലേയ്ക്ക് നേരെ ചേർത്തു. നിയമവിരുദ്ധമായാണ് അത് ചെയ്തത്. തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ട ഐകൃജനാധിപത്യ മുന്നണി ഇപ്പോഴും അത് തുടരുകയാണ്. അതുകൊണ്ട് നിയമവിരുദ്ധമായി ചെയ്തിരിക്കുന്നത് നിയമവിധേയമാക്കുവാൻ, ഭരണഘടനാവിരുദ്ധമായി ചെയ്ത ഉദ്യോഗസ്ഥരുടെ പേരിൽ; തെരഞ്ഞെടുപ്പ് കമ്മീഷനായിരുന്നാലും, നിയമപരമായി എന്ത് നടപടി സ്വീകരിക്കാൻ കഴിയുമോ തീർച്ചായും അത് സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. എം.എസ്. ജോസഫ് എന്ന് പറയുന്ന തെരഞ്ഞെടുപ്പ് കമ്മീഷണർ കഴിഞ്ഞ 5 വർഷക്കാലം തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻപിൽ ഇല്ലാത്ത അധികാരം പ്രയോഗിച്ച് ഒരുപാട് കുഴപ്പങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ ആരും അത് പുനഃപരിശോധിച്ചിട്ടില്ല. കഴിയുമെങ്കിൽ ശ്രീ. എം. എസ്. ജോസഫിനെ ഈ നിയമസഭയിൽ വിളിച്ച് ഇംപീച്ച് ചെയ്യണം എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അല്ലെങ്കിൽ ശിക്ഷ നടപ്പാക്കണം. ഭരണഘടനയ്ക്കും നിയമസഭ പാസാക്കിയ നിയമത്തിനുമെതിരെ നടപടി സ്വീകരിച്ച ഒരാളെ ആ സ്ഥാനം പോയാലും വിടാൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ജനാധിപത്യത്തെ അട്ടിമറിച്ചതാണ്. നിയമസഭയെ അവഹേളിച്ചതാണ്. അങ്ങനെ നിയമസഭയെ അവഹേളിച്ച ഒരാളിന്റെ പേരിൽ നടപടിയെടുക്കണം.

മി. ചെയർമാൻ (ശ്രീ. വി. കെ. ചന്ദ്രൻ): പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ വലിയ പഞ്ചായത്തുകളായ കഠിനംകുളത്തെ വിഭജിച്ച് മേനംകുളവും ശ്രീകാര്യം പഞ്ചായത്തിനെ വിഭജിച്ച് ചെമ്പഴന്തി പഞ്ചായത്തും മംഗലാപുരം പഞ്ചായത്തിനെ വിഭജിച്ച് തോന്നയ്ക്കൽ പഞ്ചായത്തും രൂപീകരിക്കണമെന്നുള്ള ആവശ്യം ഞാൻ പറഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീ. എം. വി. ആറിനെക്കുറിച്ച് ശ്രീ. പി.സി. ജോർജ് ഒരു ആരോപണം പറഞ്ഞു. അദ്ദേഹം ഒരുപാട് നല്ല കാര്യങ്ങൾ സഹകരണ വകുപ്പിലും തുറമുഖ വകുപ്പിലും ചെയ്തിട്ടുണ്ട്. ഇവിടെ പറഞ്ഞത് തെറ്റിദ്ധരിക്കപ്പെട്ട ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർഫെഡ് ലാഭം ഉണ്ടാക്കുകയും ബിവറേജസ് കോർപ്പറേഷൻ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞു.

മി. ചെയർമാൻ (ശ്രീ. വി. കെ. ചന്ദ്രൻ): . പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. വി. ജയരാജൻ: റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെ ഇംപീച്ച് ചെയ്യാൻ, നിയമസഭാ ചട്ടം പരിശോധിച്ച് നോക്കുമ്പോൾ ഒരു അധികാരവും ഇല്ല. അങ്ങനെ ഈ നിയമസഭയിൽ ഇല്ലാത്ത ഒരാളെ ഇംപീച്ച് ചെയ്യണമെന്ന് പറഞ്ഞിട്ട് ഇങ്ങനെ ഒരു പ്രസംഗം നടത്തുന്നത് ഓർഡറിലാണോ? ഇത് നിയമസഭാ രേഖയിൽ കാണാൻ പാടുണ്ടോ? ഏത് ഉദ്യോഗസ്ഥനോ ആയിക്കോട്ടെ.

ശ്രീ. എം. എ. വാഹീദ്: അത് ഞാൻ വിശദീകരിക്കാം. അങ്ങനെ ഒരു ഉദ്യോഗസ്ഥൻ സർവ്വീസിൽ ഉണ്ടെങ്കിൽ വിളിച്ചു വരുത്തി ഇംപീച്ച് ചെയ്യണം. സർവ്വീസിൽ നിന്നും പുറത്തു പോയിട്ടുണ്ടെങ്കിൽ ഈ നിയമസഭ പാസാക്കിയ നിയമമാണ് ഒരു ഉദ്യോഗസ്ഥൻ ബൈപാസ് ചെയ്തുപോയത്. അങ്ങനെയുള്ള ശ്രീ. എം. എസ്. ജോസഫിന് ആരാണ് ഈ അധികാരം കൊടുത്തത്? ഇവിടെ ഒരു അഴിമതി ആരോപണം ശ്രീ. പി.സി. ജോർജ് ഉന്നയിച്ചു. സഹകരണവകുപ്പിൽ എന്തോ കുഴപ്പം നടക്കുന്നു. കൺസ്യൂമർ ഫെഡിൽ എന്തോ കുഴപ്പം നടക്കുന്നു എന്നൊക്കെ. വിദേശമദ്യ വ്യാപാരത്തിൽ കൺസ്യൂമർഫെഡ് ലാഭം ഉണ്ടാക്കുകയും അതേസമയത്ത് ബിവറേജസ് കോർപ്പറേഷൻ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു എന്ന് പറയുന്നു. നേരെമറിച്ച് രാഷ്ട്രീയ ദുരുദ്ദേശ്യത്തിനു വേണ്ടി ആരെയോ സംരക്ഷിക്കാൻ.....

മി. ചെയർമാൻ (ശ്രീ. വി. കെ. ചന്ദ്രൻ): പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. എ. വാഹീദ്: ശ്രീ. എം. വി. ആറിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞത് ദുരുദ്ദേശ്യപരമാണ്. തിരുവനന്തപുരത്തിന് ഏറ്റവും കൂടുതൽ നന്മ നൽകുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പുമന്ത്രി മുന്നോട്ട് പോവുകയാണ്. പല മന്ത്രിമാരും മാറി മാറി വന്നു. വിഴിഞ്ഞം തുറമുഖവികസനം കടലാസിലായിരുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച രണ്ട് പ്രധാനപ്പെട്ട വകുപ്പുകളുടേയും ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. രാഷ്ട്രീയ മുക്തമാക്കി ശക്തമായ സഹകരണ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട്നീങ്ങുകയാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന രംഗത്ത് നൂതന മാർഗ്ഗങ്ങൾ രചിച്ചുകൊണ്ട് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

നീങ്ങുകയാണ്. വികസനത്തിന്റെ സമസ്ത മേഖലകളിലും ചൈതന്യവത്തായ ചലനങ്ങൾ ഉണ്ടാക്കാൻ ബഹുമാനപ്പെട്ട ചെർക്കളം അബ്ദുള്ള സാഹിബിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അത് ആർക്കും നിഷേധിക്കാൻ കഴിയില്ല. ആരവങ്ങൾ ഇല്ലാതെ, പ്രചരണ കോലാഹലങ്ങളില്ലാതെ അതിന്റെ ഒരു നിശ്ശബ്ദ വിപ്ലവം നടക്കുകയാണ്. പ്രാദേശിക വികസന രംഗത്ത് പുതുവസന്തം തുടരുകയും അത് നിലനിർത്തുകയും ചെയ്തുകൊണ്ട് ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ തിളക്കമാർന്ന നേട്ടങ്ങളാണ് ഈ വകുപ്പ് ഉണ്ടാക്കിയത്. മഹാത്മജിയുടേയും രാജീവ് ഗാന്ധിയുടേയും സഖാവ് ഇ.എം.എസിന്റേയും അഹമ്മദ് കുരിക്കളുടേയും വികേന്ദ്രീകൃത ആസൂത്രണത്തിനും അധികാര വികേന്ദ്രീകരണത്തിനുമുള്ള സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനുള്ള ഭഗീരഥ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണ പരിപാടികൾ നടപ്പിലാക്കിയതിന്റെ വെളിച്ചത്തിൽ ഉണ്ടായ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ പരിഷ്ക്കാരങ്ങൾ നടത്തി കേരള വികസന പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുനീങ്ങുകയാണ്. കേരള വികസന പദ്ധതി സംസ്ഥാനത്ത് അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കുകയാണ്. വികസന പദ്ധതി സുഗമമായി നടപ്പാക്കാൻ ഉതകുന്ന വിധത്തിൽ പദ്ധതി വിഹിതം കൃത്യമായി മാസ ഗഡുക്കളായി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ അനുഭവങ്ങൾ നിങ്ങൾക്ക് അറിയാം. എല്ലാ തലങ്ങളിലുമുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുകയാണ്. ഞാൻ തന്നെ സഭയിൽ പറഞ്ഞ കാര്യമാണ്. നമ്മുടെ നാട്ടിൽ പോയാൽ ജില്ലാ കോഴികൾ കാണാം. പഞ്ചായത്ത് കോഴികൾ കാണാം. ബ്ലോക്ക് കോഴികൾ കാണാം. ജില്ലാ പഞ്ചായത്തിൽ കോഴി കൊടുക്കുന്നു. ഗ്രാമ പഞ്ചായത്തിൽ കോഴി കൊടുക്കുന്നു. ബ്ലോക്ക് പഞ്ചായത്തിൽ കോഴി കൊടുക്കുന്നു. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും മാത്രം വ്യക്തിഗത ആനുകൂല്യങ്ങൾ കൊടുത്താൽ മതി. അത് ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനുള്ള നടപടികളും നിബന്ധനകളും എല്ലാം തന്നെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. പഞ്ചായത്തുകളിൽ സി. ആന്റ് എ. ജി. യുടെ ആഡിറ്റ് നടപ്പാക്കാനുള്ള നടപടികൾ ആവുകയാണ്. അതിനുള്ള അക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കാൻ പോവുകയാണ്. നഗരസഭകളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ജോണി നെല്ലൂർ)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഏറ്റവും കൂടുതൽ പ്ലാൻ ഫണ്ട് അനുവദിച്ചത് ഈ വർഷമാണ്. 1437 കോടി രൂപ. 2003-വർഷത്തെ കണക്കാണ് പറയുന്നത്. 1251.95 കോടി രൂപ ഈ വർഷം ചെലവഴിച്ചു. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ എന്റെ സുഹൃത്ത് ശ്രീ. രാജൻ ബാബു ഇവിടെ വായിച്ചു. ഈ മേഖലയിലുണ്ടായ മാറ്റങ്ങളും നേട്ടങ്ങളും പറയാൻ സമയം പോരാ. രണ്ടു ദിവസം ഉണ്ടായാൽ പോലും നേട്ടം പറഞ്ഞുതീർക്കാൻ പറ്റില്ല. സമയം പരിമിതമായതുകൊണ്ട് പറയാൻ എനിക്ക് കഴിയുന്നില്ല. ഇൻഡ്യയിലെ ഏറ്റവും മികച്ച ദാരിദ്ര്യ നിർമ്മാർജന പരിപാടിയെന്ന് പ്രശംസ പിടിച്ചുപറ്റിയ ഒരു പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിൽക്കൂടി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കുടുംബശ്രീ പദ്ധതിക്ക് തുടക്കമിട്ടത്. ശ്രീ. എ. ബി. വാജ്പേയി ആണ് മലപ്പുറത്ത് ഇത് ഉൽഘാടനം ചെയ്തത്. അന്ന് മുന്ന് വർഷംകൊണ്ട് 321 പഞ്ചായത്തുകളിലാണ് ആകെ നടപ്പിലാക്കിയത്. ഇവർക്ക് എന്തെങ്കിലും നടപ്പിലാക്കാൻ കഴിയുമോ? ഞങ്ങളുടെ ഗവൺമെന്റ്, ശ്രീ. ചെർക്കളം അബ്ദുള്ള സാഹിബിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ആറ് മാസം കൊണ്ട് ബാക്കിയുള്ള പഞ്ചായത്തുകളിലും 58 നഗര സഭകളിലും കുടുംബശ്രീ പദ്ധതി നടപ്പിലാക്കി.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 1991-ൽ കേരളത്തിലെ പഞ്ചായത്തുകളിൽ ഏതാണ്ട് നൂറോളം പഞ്ചായത്തുകൾ മാത്രമാണ് ഈ പദ്ധതി തുകയിൽ 100 ശതമാനം ചെലവഴിച്ചിട്ടുള്ളത്. ആ പഞ്ചായത്തുകളെ പ്രത്യേകമായി പ്രോൽസാഹിപ്പിക്കാൻ വേണ്ടി ഒന്നുകിൽ പ്ളാൻ ഫണ്ടിൽ നിന്ന് വെട്ടിക്കുറച്ചിട്ടുള്ള തുക അവർക്ക് നല്കുകയോ, അല്ലെങ്കിൽ അവർക്ക് ബോണസ് നൽകുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അത് പരിഗണിക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. ഉണ്ണിയാടൻ പറഞ്ഞത്, വെട്ടിക്കുറച്ച പൈസ കൂടുതൽ ചെലവഴിച്ച പഞ്ചായത്തിന് കൊടുക്കണമെന്നല്ലേ? പക്ഷെ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് ശ്രീ. ചെർക്കളം അബ്ദുള്ള എന്റെ സാന്നിദ്ധ്യത്തിൽ അവാർഡ് തുക ചെക്കായി കൊടുക്കുകയാണ് ചെയ്തത്. ആ ചെക്ക് തിരിച്ചുപിടിച്ചു, ആരെങ്കിലും ഈ കൊടുത്ത സമ്മാനം തിരിച്ചുപിടിക്കുമോ? അത് അങ്ങേയ്ക്ക് അറിയില്ലേ; അത് കൊടുക്കാൻ പറയുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ പറയാനുള്ളത് പറഞ്ഞിട്ട് ഇഷ്ടംപോലെ വഴങ്ങാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാർഗിലിൽ കൊടുത്ത പൈസ പോലും കൊടുക്കാതെ തിരിച്ചുപിടിച്ച കാര്യം അറിയാം. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ആറ് മാസംകൊണ്ട് 675 പഞ്ചായത്തുകളിലും 58 നഗരസഭകളിലും കുടുംബശ്രീ നടപ്പിലാക്കി. സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള ഭാവനാപൂർണ്ണവും പ്രായോഗികവുമായ ഒരു പദ്ധതിയാണ് കുടുംബശ്രീ. ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി മാതൃകയാണെന്ന് യു.എൻ.ഡി.പി. രാജ്യത്ത് നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൻ കീഴിലാണ് കുടുംബശ്രീ സംവിധാനം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കിയത്. ഏറ്റവും ഫലപ്രദമായി ഈ സംവിധാനം നടത്തിയത് ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലാണ്. ഏഷ്യയിലെ ഏറ്റവും നല്ല കുടുംബശ്രീ സംവിധാനം മലപ്പുറത്ത് ആണെന്നുള്ളതുകൊണ്ട് തന്നെ മലപ്പുറത്ത് വച്ച് മുഖ്യമന്ത്രി അവാർഡ് നല്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അത് ഏത് ഗവൺമെന്റായാലും മുൻപിൽ നിൽക്കുന്നത് മലപ്പുറമാണ്. അതിന് കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ജനകീയാസൂത്രണത്തിലും സാക്ഷരതയിലും ഒക്കെ ട്രോഫി നേടിയത് ഞങ്ങളാണ്. നല്ല കാര്യത്തിന് എന്നും ഞങ്ങൾ മുൻപിലുണ്ടാകും. പക്ഷേ നിങ്ങൾക്ക് അത് കാണാൻ കഴിയില്ല. നിങ്ങൾ പിന്നിൽക്കൂടി കുത്തുകയും ചെയ്യും. ഇത് നല്ല പദ്ധതിയാണെന്നാണ് യു.എൻ.ഡി.പി കണ്ടെത്തിയത്. തുടങ്ങിവച്ചത് ഇവരുടെ കാലത്താണ്. പക്ഷേ മൂന്ന് വർഷംകൊണ്ട് വളരെ ചെറിയ ശതമാനം പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞുള്ളൂ. ലഘു സമ്പാദ്യത്തെ മൂലധന നിക്ഷേപമാക്കി മാറ്റിക്കൊണ്ട് അയൽക്കൂട്ടങ്ങളെ ലഘു സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പ്രേരിപ്പിക്കത്ത വിധത്തിലുള്ള ബാങ്ക് ലിങ്കേജ് പ്രോഗ്രാമും മൈക്രോ സംരംഭങ്ങളും ദരിദ്ര കുടുംബങ്ങൾക്ക് അധിക വരുമാനം കണ്ടെത്തുന്നതിന് വളരെയധികം സഹായകരമാണ്. കുടുംബശ്രീയിൽ നടക്കുന്ന ലീസ് ലാന്റ് ഫാമിംങ്, വിദ്യാശ്രീ, കേരശ്രീ എല്ലാംതന്നെ ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾക്ക് പുതിയ ജീവിത മാർഗങ്ങൾ തുറന്നുകൊടുക്കുന്നു. ഒരു ശ്രീതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ട്. സ്ത്രീകളുടെ കാര്യം മാത്രമല്ല, സമസ്ത മേഖലയിലെ ആളുകളേയും ശ്രദ്ധിക്കുന്നുണ്ട്. അടുത്ത തലമുറയിലേയ്ക്ക് ദാരിദ്ര്യവ്യാപനം തടയുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും ഊന്നൽ നൽകിക്കൊണ്ട് അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ബാലസഭകൾ രൂപീകരിക്കുന്നതിനും വിദ്യാഭ്യാസ തൊഴിൽ പരിശീലനം നടത്തുന്നതിനുമായി 50 ലക്ഷം രൂപ പ്രത്യേക ധനസഹായമായി ലഭിച്ചിട്ടുണ്ട്. ബാലസഭാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എടുത്തു പറയേണ്ട മറ്റൊരു പ്രവർത്തനവും ഉണ്ട്. അത് ചൂണ്ടിക്കാണിക്കാതെ പോയാൽ വലിയ തെറ്റാണ്. സഭ മുഴുവൻ പ്രശംസ ചൊരിയേണ്ട ഒരു പദ്ധതി നമ്മുടെ വകുപ്പിന്റെ കീഴിൽ നടക്കുന്നുണ്ട്. ദരിദ്രരിൽ ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്ക് വീട് നിർമ്മിച്ച് നൽകി, കുടിവെള്ളവും മറ്റ് സൗകര്യങ്ങളും നൽകി. തൊഴിലും ആവശ്യമെങ്കിൽ ഭക്ഷണവും നൽകി സമ്പൂർണ്ണമായി അവരെ പുനരധിവസിപ്പിക്കുന്ന 'ആശ്രയ' പദ്ധതിയാണ്. 2002-2003 വർഷത്തിൽ 101 പഞ്ചായത്തുകളിൽ ഈ പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കപ്പെട്ടിട്ടുണ്ട്. 8239 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 4126 ലക്ഷം രൂപയാണ് ചെലവഴിക്കപ്പെടുന്നത്. ശ്രീ. മൻമോഹൻസിംഗിന്റെ പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ വായിക്കുകയാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ സർക്കാരിന്റെ മുൻഗണനാക്രമത്തിന്റെ കാര്യത്തിൽ നിങ്ങളോടൊപ്പം ഞാനും ഓർക്കുകയാണ്. എല്ലാ കണ്ണുകളിൽ നിന്നും കണ്ണീർ തുടയ്ക്കുക എന്നതാണ് തന്റെ ദൗത്യമെന്ന് ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഇന്നോളം കണ്ടതിൽ വച്ച് ഏറ്റവും ദരിദ്രനായ വ്യക്തിയെ മനസ്സിൽ കണ്ട് അയാൾ എത്രത്തോളം ഉപകരിക്കുമെന്ന് പരിഗണിച്ചുകൊണ്ടായിരിക്കണം ഓരോ നടപടിയുമെന്ന് ഗാന്ധിജി പറഞ്ഞിരുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ ബാപ്പുവിന്റെ ഈ സന്ദേശമാണ് കാതുകളിൽ ആമന്ത്രണം ചെയ്യുന്നതെന്ന് ശ്രീ. മൻമോഹൻസിംഗിന്റെ പ്രസംഗത്തിലുണ്ട്. ചെർക്കളം അബ്ദുള്ള സാഹിബ് പാവപ്പെട്ടവന്റെ കണ്ണീർ ഒപ്പാൻ ഈ വകുപ്പുമായി മുന്നോട്ടുവരികയാണ്. മഹാത്മാഗാന്ധിയുടെ ഈ വാക്കുകളാണ് അദ്ദേഹത്തിന്റെ കാതുകളിലും ആമന്ത്രണം ചെയ്യുന്നത്. പാവപ്പെട്ടവനോട് സഹാനുഭൂതിയോടുകൂടി മുന്നോട്ട്നീങ്ങുന്ന ഈ വകുപ്പിനെക്കുറിച്ച് ഇവർ കുറ്റം പറയുന്നത് വലിയ തെറ്റല്ലേ? മഹാപാതകമല്ലേ? ഇവർക്ക് എന്താണ് പറയാനുള്ളത്? ഇവർ ജനകീയാസൂത്രണ പരിപാടി അട്ടിമറിക്കുന്നു എന്ന് പറഞ്ഞു.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): അങ്ങ് വളരെ സീനിയർ ആണ്, ഇരിക്കൂ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ജനകീയാസൂത്രണത്തെ ഞങ്ങൾ അട്ടിമറിച്ചിട്ടില്ല. ജനകീയാസൂത്രണം നല്ലവണ്ണം നടപ്പിലാക്കി അതുപോലെ ഇവിടെ പേര് മാറ്റിയെന്നുള്ളതാണ്. ജനകീയാസൂത്രണ പരിപാടി ആദ്യമായി ലോകത്ത് നടക്കുന്ന ഒരു പദ്ധതിയാണ്. അഗ്നി സ്വർഗ്ഗത്തിൽ നിന്ന് കരസ്ഥമാക്കിയെന്ന് പറയുന്നുണ്ട്, അഗ്നി സ്വർഗ്ഗത്തിൽ നിന്ന് കരസ്ഥമാക്കി കൊണ്ടുവന്നപോലെ സ്വർഗ്ഗ ലോകത്തുനിന്ന് കൊണ്ടുവന്ന ഒരു പുതിയ പദ്ധതിയെന്ന നിലയ്ക്ക് ഇവിടെ അവതരിപ്പിച്ചതാണ്. ആ പദ്ധതിയെ ഞങ്ങളൊക്കെ പിൻതുണച്ചു. മലപ്പുറം ജില്ല വളരെ നന്നായി പിൻതുണച്ചു. കാരണമെന്താണെന്നോ? ഒന്നാം പദ്ധതിക്കാലത്തും രണ്ടാം പദ്ധതിക്കാലത്തും നെഹ്റുവിന്റേയും രാജീവ് ഗാന്ധിയുടേയും നേതൃത്വത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീകൃതാസൂത്രണത്തിന്റേയും എക്സ്ടെൻഷൻ എന്ന നിലയ്ക്ക് ഞങ്ങൾ നടപ്പിലാക്കി.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): പ്ലീസ്, കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്,

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എനിക്ക് പദ്ധതിയുടെ വിധാതാക്കളായ എല്ലാപേരോടും പറയാനുള്ളത്.....

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): അങ്ങ് ഒരു സീനിയർ അംഗമാണ് പ്ലീസ് കൺക്ലൂഡ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പ്രശ്നങ്ങളില്ലാതെ ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് എല്ലാവിധ പിൻതുണയും ഇവർ നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി.ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എല്ലാ വകുപ്പുകളേയും പിൻതുണച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സർ, 2004-2005 വർഷത്തെയ്ക്കുള്ള നഗരവികസനം പഞ്ചായത്ത്, സഹകരണം, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. 1987-1991 കാലഘട്ടത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ടി. കെ. രാമകൃഷ്ണൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ മുന്നിൽ നിറുത്തിക്കൊണ്ട് എ.കെ.ജി. സെന്ററിൽ പ്രത്യേകമായി നിയോഗിക്കപ്പെട്ട ശ്രീ. മത്തായി ചാക്കോയുടെ നേതൃത്വത്തിൽ നടന്ന സഹകരണ ജനാധിപത്യ കശാപ്പ് അവസാനിപ്പിച്ച ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി, ശ്രീ. എം. വി. രാഘവനെ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. ശ്രീ. ടി. കെ. രാമകൃഷ്ണന്റെ കാലത്താണ് ഈ കശാപ്പ് ആരംഭിച്ചത്. അതിന് നേതൃത്വം കൊടുത്ത ആളാണ് ശ്രീ. മത്തായി ചാക്കോ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുപോലും ഈ സഭയിൽ ദിവസവും അടിയന്തിര പ്രമേയവും നിരവധി സബ്മിഷനുകളും നിരവധി ശ്രദ്ധക്ഷണിക്കലും വന്നത് സഹകരണ പ്രസ്ഥാനം പിടിച്ചെടുക്കാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചായിരുന്നു. പക്ഷെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നു വർഷം കഴിഞ്ഞതിനുശേഷം നടക്കുന്ന ഈ സമ്മേളനക്കാലത്ത്, പ്രതിപക്ഷത്തിന് ഈ സഭയിൽ ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നു എന്നുള്ള ആരോപണമോ അതിനെ സംബന്ധിച്ചുള്ള സബ്മിഷനുകളോ ഉന്നയിക്കാൻ കഴിയാതിരുന്നതിന്റെ അർത്ഥം ഈ രംഗത്ത് ജനാധിപത്യം ശ്രീ. എം. വി. ആർ. പുനഃസ്ഥാപിച്ചിരിക്കുന്നു എന്നാണ്. സർ, ഇന്ന് എന്താണ് സ്ഥിതി? സഹകരണം സി.പി.ഐ.(എം).-കാർക്ക് മാത്രമാണെന്ന മുദ്രാവാക്യം മാറ്റി സഹകരണം സഹകാരികൾക്കും ജനങ്ങൾക്കും എന്ന രീതിയിൽ പുനഃസ്ഥാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ഇത് സഹകരണത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന വേളയാണ്. കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി സഹകരണ പ്രസ്ഥാനത്തെ മുഴുവൻ കൊലയ്ക്ക് കൊടുക്കുന്നതായിരുന്നു; അതിന്റെ ജനാധിപത്യ സ്വഭാവത്തെ മുഴുവൻ കശാപ്പ് ചെയ്യുന്ന ഭേദഗതിയാണ് ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നത്. അവർക്ക് സഹകരണ രംഗത്തെ ദേശീയ സമരത്തെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമില്ല. അതുകൊണ്ടാണ് ആ നിയമം കൊണ്ടുവന്നത്. ലോക്സഭ പിരിച്ചുവിട്ടതോടുകൂടി ആ നിയമം ഇല്ലാതായി. ഇന്ന് ശ്രീ. മൻമോഹൻ സിംഗ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ്, ഇൻഡ്യ ഭരിക്കുന്നു. തീർച്ചയായും ആ ബിൽ പാർലമെന്റിലേയ്ക്ക് കൊണ്ടുവരാൻ ഉദ്യോഗസ്ഥർ നടത്തുന്ന ശ്രമങ്ങളെ നമ്മൾ എല്ലാപേരുംകൂടി ചേർന്ന് തടയണം. ദേശീയ സഹകരണരംഗത്ത് കോൺഗ്രസും സി.പി.ഐ.(എം.)-ഉം ആയി അഭിപ്രായ വ്യത്യാസമില്ല. നമ്മൾ യോജിച്ചാണ് ദേശീയ സഹകരണ രംഗത്ത് നില്ക്കുന്നത്. നമ്മളെല്ലാം ഉണർന്ന് അങ്ങനെയൊരു അമെന്റ്മെന്റ് ബിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരിക്കലും പാർലമെന്റിൽ വരാതിരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയും സഹകരിക്കണമെന്ന് വിനയപുരസരം ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും ഡിപ്പാർട്ടുമെന്റിന്റെ അപ്രൂവലിനയ്ക്കുന്ന സങ്കീർണ്ണങ്ങളല്ലാത്ത പ്രശ്നങ്ങളിൽ നിർബ്ബന്ധമായും മൂന്ന് മാസത്തിനകം അനുവാദം കൊടുക്കാൻ ഒരു നിബന്ധന ബഹുമാനപ്പെട്ട മന്ത്രി ഉണ്ടാക്കണം. വലിയ പ്രശ്നങ്ങളില്ലാത്ത ബൈലാ ഭേദഗതിയും മറ്റ് കാര്യങ്ങളും ഡിപ്പാർട്ടുമെന്റിൽ അപ്രൂവലിനയച്ചാൽ, ഇന്ന് പല ഉദ്യോഗസ്ഥരും മന്ത്രി പറഞ്ഞാലേ തരാൻ കഴിയൂ എന്ന് പറഞ്ഞ് കാസർഗോഡ് മുതലുള്ള ആളുകളെ തിരുവനന്തപുരത്തേയ്ക്ക് ക്ഷണിച്ചുവരുത്തുന്ന സ്വഭാവമാണ് കാണിക്കുന്നത്. അതിന് സമയബന്ധിതമായി മൂന്ന് മാസത്തിനകം തീരുമാനം എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പല സുഹൃത്തുക്കളും പറഞ്ഞു, ഇന്ന് ഇവിടെയൊരു സമരം നടക്കുകയാണെന്ന്, എന്തിനാണ്? തദ്ദേശഭരണ സ്ഥാപനങ്ങളെ ഈ ഗവൺമെന്റ് തകർക്കുന്നു എന്ന് പറഞ്ഞുകൊണ്ട് സി.പി.ഐ.(എം.) ജനപ്രതിനിധികൾ ഇന്ന് ധർണ നടത്തുന്നു. എന്തിനുവേണ്ടിയാണ് ഈ സമരം? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന സെമിനാറുകളും ചർച്ചകളും, അതിന്റെ പേരിൽ നടന്ന കോഴി ബിരിയാണി തീറ്റിയും. ശാപ്പാടും ഒന്നും ഇപ്പോൾ നടക്കുന്നില്ല. ശ്രീ. ചെർക്കളം അബ്ദുള്ള മന്ത്രിയായി വന്നതിനുശേഷം അത് പൂർണ്ണമായും അവസാനിപ്പിച്ചു. ഇന്ന് ഒരു സ്ഥലത്തും കോഴി ബിരിയാണി സെമിനാറും ചർച്ചയുമില്ല. അതിൽ നിരാശപൂണ്ട പ്രതിപക്ഷമാണ് ഇന്ന് സമരവുമായി രംഗത്ത് വന്നിരിക്കുന്നത്. ആട്, മാട്, കോഴി വിതരണം! എന്തൊരു ചെലവായിരുന്നു. സഖാക്കൾക്ക് മാത്രം ആട്, മാട്, കോഴി. തങ്ങളുടെ പാർട്ടി സഖാക്കൾക്കുമാത്രം കൊടുത്തു കൊണ്ടിരുന്ന ഒരു ഏർപ്പാട് ശ്രീ. ചെർക്കളം അബ്ദുള്ള നിറുത്തി. പിന്നെ എങ്ങനെയാണ് അവർ സമരം ചെയ്യാതിരിക്കുന്നത്? ബെനഫിഷ്യറി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ട് ഡി.വൈ.എഫ്.ഐ. നേതാവ് ചെയർമാനും സി.പി.ഐ.(എം.) ഏരിയാ സെക്രട്ടറി കൺവീനറുമായി എന്നിട്ട് ആ കമ്മിറ്റിയുടെ പേരിൽ ചെക്കുകൾ എഴുതിയെടുത്ത് കോടിക്കണക്കിന് രൂപ ഈ സംസ്ഥാനത്ത് പാർട്ടി സഖാക്കൾക്ക് കൊടുത്തിരുന്നത് ശ്രീ. ചെർക്കളം അബ്ദുള്ള അവസാനിപ്പിച്ചു. ഇപ്പോൾ എന്താണ് ശ്രീ. ചെർക്കളം അബ്ദുള്ള പറഞ്ഞിരിക്കുന്നത്? ടെണ്ടർ ചെയ്യുമെന്ന്. പിന്നെ എങ്ങനെ അവർ സമരം ചെയ്യാതിരിക്കും? ചുളുവിൽ സർക്കാർ ഖജനാവിലെ കാശ് അടിച്ചെടുക്കുന്നത് അവസാനിപ്പിച്ചു. പിന്നെ ഈ ഗവൺമെന്റിനെതിരെ അവർ സമരം ചെയ്യാതിരിക്കുമോ? ഈ മാർച്ച് 31-നുപോലും ഇത്തരം നിഷ്ക്കർഷ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടും ഒരു പണിയും ചെയ്യാതെ ചെക്ക് എഴുതി കൊടുത്തില്ലേ? ഞാൻ മിനിഞ്ഞാന്ന് ഒരു ചോദ്യം ചോദിച്ചു. അതിന് മന്ത്രി മറുപടി പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ്. പണി ചെയ്യാതെ നിരവധി ചെക്കുകൾ ഈ ബെനിഫിഷ്യറി കമ്മിറ്റിക്ക് എഴുതിക്കൊടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിരിക്കുന്നു. എങ്ങനെയാണ് ചെലവ് കാണിച്ചത്? എന്നിട്ടും പറയുന്നു തിരിച്ചടച്ചു, തിരിച്ചടച്ചു എന്ന്. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് 2002 മാർച്ചുമാസം വരെയാണ് പണം കൊടുത്തിട്ടുള്ളത്. രണ്ടു വർഷത്തെ കുടിശ്ശികയുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ 2004 ജൂൺ മാസംവരെയുള്ളത് കോർപ്പറേഷൻ കരാറുകാർക്ക് കൊടുത്തു. ഗവൺമെന്റ് പണംകൊടുക്കാതെ ഇവർക്ക് കൊടുക്കാൻ കഴിയുമോ? 2004 ജൂൺ വരെ തിരുവനന്തപുരം കോർപ്പറേഷനിൽകൊടുത്തു കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന് അതായത് P.W.D. contractor- മാർക്ക് രണ്ടു വർഷത്തെ കുടിശ്ശിക ഉള്ളപ്പോഴാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. എവിടെ നിന്നും ഈ പണം കിട്ടി? ഗവൺമെന്റ് കൊടുക്കാതെ ഈ പണം കൊടുക്കാൻ പറ്റുമോ? കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർത്തിട്ടും ജനപ്രതിനിധികൾ ഇവിടെവന്ന് സമരം ചെയ്യുകയാണ്. സമരത്തിനുവേണ്ടിയുള്ള സമരം. ഇത് രാഷ്ട്രീയപ്രേരിതമാണ്. ഇവിടെ ശ്രീ. എം. എ. വാഹീദ് വാർഡ് വിഭജനത്തിന്റെ കാര്യം പറഞ്ഞു. കഴിഞ്ഞ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ പരാജയം കണ്ടപ്പോൾ തിരുവനന്തപുരം കോർപ്പറേഷന്റെ വിസ്തൃതി വർദ്ധിപ്പിച്ചു. എങ്ങനെയാണ് വർദ്ധിപ്പിച്ചത്? പടവലങ്ങ പോലെയാണ്. കഴക്കൂട്ടം ടെക്നോപാർക്ക് തിരുവനന്തപുരം കോർപ്പറേഷനിലാണ്. പേരൂർക്കട ജംഗ്ഷൻ പഞ്ചായത്ത്, വട്ടിയൂർക്കാവ് ജംഗ്ഷൻ പഞ്ചായത്ത്. ഈ അസംബ്ലി ഹാളിൽനിന്നും മൂന്ന് കിലോമീറ്റർ അകലെയുള്ള വട്ടിയൂർക്കാവും പേരൂർക്കടയും പഞ്ചായത്ത്. 12 കിലോമീറ്റർ അകലെയുള്ള ടെക്നോപാർക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ. അവർക്ക് ആഭിമുഖ്യമുള്ള പഞ്ചായത്തുകൾ കൂട്ടിച്ചേർത്തുകൊണ്ട് കോർപ്പറേഷന്റെ വിസ്തൃതി വർദ്ധിപ്പിച്ചു. ഇപ്പോൾ ഇലക്ഷൻ കമ്മീഷണർ പറഞ്ഞിരിക്കുന്നു, ഇത് നിയമവിരുദ്ധമാണ്, ഇത് റദ്ദ് ചെയ്യണമെന്ന്. ബഹുമാനപ്പെട്ട മന്ത്രി അത് റദ്ദ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നഗരവികസനത്തെക്കുറിച്ച് പറയുന്നു, തിരുവനന്തപുരം നഗരത്തിൽ എന്തെങ്കിലും അപര്യാപ്തത ഉണ്ടെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടി തിരുവനന്തപുരം നഗരം ഭരിച്ചതുകൊണ്ടാണ്. ഈ കഴിഞ്ഞ 35 വർഷത്തെ ചരിത്രം എടുത്ത് നോക്കണം. ഹരിജനായ കുഞ്ഞിരാമൻ കോൺഗ്രസ് പ്രതിനിധിയായ മേയറായതൊഴിച്ചാൽ, മൽസ്യത്തൊഴിലാളിയായ ഫ്രെഡ്ഡി പെരേര ഒരു വർഷം മേയറായതൊഴിച്ചാൽ, സി.പി.ഐ.(എം.) വിട്ട സ്റ്റാൻലി സത്യനേശനും എം. പി. പത്മനാഭനും ഓരോ വർഷം മേയറായതൊഴിച്ചാൽ 31 വർഷം തിരുവനന്തപുരം നഗരം ഭരിച്ചത് മാർക്സിസ്റ്റ് പാർട്ടിയാണ്. ഇവിടെ വെള്ളപ്പൊക്കമുണ്ടാകുന്നുണ്ടെങ്കിൽ, ചവർ കൂമ്പാരമുണ്ടെങ്കിൽ, കൊതുക് അധികമുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം കഴിഞ്ഞ 35 വർഷത്തിനിടയ്ക്ക് 31 വർഷവും തിരുവനന്തപുരം നഗരസഭ ഭരിച്ച് ഈ നഗരത്തെ മലീമസമാക്കിയ മാർക്സിസ്റ്റ് പാർട്ടിക്ക് ആണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പരാതി പറയാൻ നിങ്ങൾക്ക് എന്ത് അവകാശം? കൊതുകുകടി കൊള്ളാതെ നഗരത്തിൽ ജീവിക്കാൻ പറ്റുമോ? കഴിഞ്ഞ 31 വർഷം ഭരിച്ചവർ തന്നെയല്ലേ ഇപ്പോഴും ഭരിക്കുന്നത്? ഇതിൽനിന്നും ഈ നഗരത്തെ മോചിപ്പിക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം.

എന്റെ നിയോജകമണ്ഡലത്തിലെ ചെങ്കൽച്ചൂള ഭവന നിർമ്മാണ പദ്ധതി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ 1979-80 കാലഘട്ടത്തിൽ ആരംഭിച്ചതാണ്. ആ പദ്ധതി ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ വരുമ്പോൾ, പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്ന പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷജനാധിപത്യമുന്നണിയും അധികാരത്തിൽ വരുമ്പോൾ ഭവന നിർമ്മാണ പദ്ധതി വഴിയിൽ കിടക്കും. നമ്മൾ വരുമ്പോൾ പുനഃസ്ഥാപിക്കും. ശ്രീ. എ. കെ. ആന്റണി താൽപര്യമെടുത്ത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയുടെ നേതൃത്വത്തിൽ 150 വീടുകളുടെ അവസാനഘട്ട പണി ഇപ്പോൾ നടക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ചെങ്കൽച്ചൂള ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യം ഇവിടെ ബഹുമാനപ്പെട്ട എം.എ. വാഹീദ് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഈ സാമ്പത്തിക വർഷം തന്നെ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് തുടക്കം കുറിക്കണം. അതിനുള്ള നടപടികൾ ആരംഭിക്കണം.

വിമാനത്താവള വികസനത്തിന് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയായി വരുന്നു. ഇനി അര ഏക്കർ ഭൂമി കൂടിയേ കിട്ടാനുള്ളൂ. അത് കിട്ടിയാലുടൻ കേന്ദ്ര ഗവൺമെന്റിനെഴുതും. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. നായനാർ കേന്ദ്ര മന്ത്രിയുമായി പോയി സ്ഥലമെടുക്കാതെയാണ് തറക്കല്ലിട്ടത്. ആ വിമാനത്താവള വികസനത്തിന് തുടക്കം കുറിക്കാൻ നമുക്ക് കഴിയണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

കോവളം കൊട്ടാരം കേരളത്തിന്റെ അധീനതയിലുണ്ടായിരുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഗസ്റ്റ് ഹൗസായിരുന്നു. അവിടെ വച്ചാണ് വിക്രം സാരാഭായ് അന്തരിച്ചത്. പിൽക്കാലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഗസ്റ്റ് ഹൗസ് മാറ്റിയപ്പോൾ അത് ഐ.ടി.ഡി.സി. ഏറ്റെടുത്തു, സംസ്ഥാന ഗവൺമെന്റ് കൊടുക്കാതെ അവർ കൈയടക്കി. ഇപ്പോൾ അത് സ്വകാര്യ മുതലാളിയുടെ കൈയിലേയ്ക്ക് പോകുന്നു. കേരളത്തിൽ castle ടൈപ്പ് കൊട്ടാരം ഇത് മാത്രമാണുള്ളത്. അതുകൊണ്ട് ഇതിന് ചരിത്ര പ്രാധാന്യമുണ്ട്. അതുകൊണ്ട് ഈ കൊട്ടാരം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് പുരാവസ്തുവായി സംരക്ഷിക്കണം. ഒരിക്കലും ഇത് സ്വകാര്യവ്യക്തികളുടെ കൈകളിലേയ്ക്ക് പോകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു മുൻ കേന്ദ്രമന്ത്രി വലിയ ജുബായും ഇട്ടുകൊണ്ട് കോവളം കൊട്ടാരത്തിന്റെ നടയിൽ നിന്ന് കണ്ണീരൊഴുക്കുന്ന ചിത്രം ഇന്നത്തെ പത്രത്തിലുണ്ട്. ആ സ്വകാര്യ മുതലാളിയോട്, ഗൾഫാർ മുഹമ്മദാലിയോട് ബന്ധമുള്ള ആളുകൾ അപ്പുറത്തുമുണ്ട് ഇപ്പുറത്തുമുണ്ട്. അവരോട് ഒരഭ്യർത്ഥനയുണ്ട്, ആർക്കൊക്കെ കാശ് കൊടുത്തു എന്ന് ഗൾഫാർ മുഹമ്മദാലിയോട് വെളിപ്പെടുത്താൻ പറയണം. ഇന്ന് വിലപിക്കുന്ന മുൻകേന്ദ്രമന്ത്രി ഒന്നാം പ്രതിയായി കോവളം കൊട്ടാരം കച്ചവടത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സംശയവുമില്ല. ഇന്ന് ജുബ്ബയിട്ട് ഇറങ്ങിച്ചെന്നിരിക്കുകയാണ്. കോവളം കൊട്ടാരത്തിന്റെ മുമ്പിൽ നിന്ന് വിലപിക്കുന്നു.....(ബഹളം)..... ഞാൻ അതൊന്നും പറയുന്നില്ല. പറഞ്ഞാൽ പലരും അപമാനിതരാകേണ്ടി വരും. അതിനെക്കുറിച്ച് പുറത്തേയ്ക്ക് കൊണ്ടുവരണം. അതു മാത്രമേ അതിനെക്കുറിച്ച് പറയുന്നുള്ളു. തിരുവനന്തപുരം നഗരത്തിന് തലസ്ഥാന നഗരമെന്ന് പ്രാധാന്യം കൊടുത്തുകൊണ്ട് വിപുലീകരിക്കാൻ, ഇവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിച്ച ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള, ശ്രീ. ചെർക്കളം അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള, ശ്രീ. മുനീർ അടങ്ങുന്ന ഈ ഗവൺമെന്റിനെ ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. ഞാൻ പൊതുമരാമത്ത് വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തില്ല. അതുകൊണ്ട് നഗരവികസനത്തെക്കുറിച്ച് എടുത്തുപറയാൻ ആഗ്രഹിക്കുന്നു. തലസ്ഥാന നഗരത്തിന്റെ അന്തസ്സ് വീണ്ടെടുക്കാൻ 250 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ ആ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്നു. തലസ്ഥാന നഗരത്തിന്റെ പ്രൗഢി വീണ്ടെടുക്കത്തക്ക രീതിയിലുള്ളതാണത്. ലാൻഡ് അക്വിസിഷൻ നോട്ടിഫിക്കേഷൻ ഇന്ന് പത്രത്തിലുണ്ട്. എൽ.എം.എസ്. മുതൽ അട്ടക്കുളങ്ങര വരെയുള്ള റോഡ് 25 മീറ്റർ ആക്കി വീതി കൂട്ടാൻ പോവുകയാണ്. നഗരത്തിന്റെ നടുറോഡിൽ നിൽക്കുന്ന കുളത്തുങ്കൽ പോത്തന്റെ ബാറ്റാ ഉൾപ്പെടെയുള്ള കെട്ടിടം ഇടിച്ചുനിരത്തി എൽ.എം.എസ്.—അട്ടക്കുളങ്ങര റോഡ് 25 മീറ്റർ വീതിയുള്ള റോഡാക്കി മാറ്റാൻ പോവുകയാണ്. വഴുതക്കാട്—തൈക്കാട് റോഡിന്റെ വീതി 24 മീറ്ററായി വർദ്ധിപ്പിക്കാനുള്ള ലാൻഡ് അക്വിസിഷൻ നോട്ടീസ് 5-ാം തീയതിയിലെ പത്രത്തിലുണ്ടായിരുന്നു. അതിന്റെ നടപടി ആരംഭിക്കാൻ പോകുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നത് കേരളാ സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡ് എന്നൊരു പ്രോജക്ടിന്റെ കീഴിലാണ്. ഡൽഹി ബെയ്സ്ഡായിട്ടുള്ള കമ്പനിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്. ഇത് ഏറ്റെടുത്ത് കഴിഞ്ഞാൽ—ഇതിന്റെ നിർമ്മാണത്തിന്റെ ഏറ്റവും വലിയ പ്രത്യേകത—ഇലക്ട്രിക്കൽ പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ. കേബിൾസ്, ഓവർഹെഡ് ലൈൻ എന്നിവ സംസ്ഥാന ഗവൺമെന്റ് മാറ്റിക്കൊടുക്കണം. ഇത് മാറ്റിക്കൊടുത്താൽ street lighting, junction improvement, culvert, solar based signal system, paved footpath, land scaping, ചെടികൾ വച്ചുപിടിപ്പിക്കൽ എന്നിവ ഈ കമ്പനി ചെയ്യണമെന്നാണ്. നഗരത്തിലെ റോഡുകൾ വീതി കൂട്ടുക മാത്രമല്ല, ഫ്ളൈഓവർ നിർമ്മിക്കൽ മാത്രമല്ല, എല്ലാം മോടി പിടിപ്പിച്ചുകൊണ്ട്, സംരക്ഷണ ജോലിയടക്കം ചെയ്ത് ഗവൺമെന്റിനെ ഏൽപ്പിക്കാനുള്ള ബാദ്ധ്യത കൂടിയുള്ള വ്യവസ്ഥയാണ് ഗവൺമെന്റ് ഒപ്പുവച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ പോകുന്നത്. കോർപ്പറേഷൻ തിരുവനന്തപുരം നഗരത്തെ നശിപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാന ഗവൺമെന്റ് ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് തലസ്ഥാന നഗരത്തിന്റെ അന്തസ്സും പ്രൗഢിയും വീണ്ടെടുക്കത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ട്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ബന്ധപ്പെട്ട മന്ത്രിമാരേയും ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. അതോടൊപ്പം ദീർഘനാളുകളായി ഞാൻ ഈ സഭയിൽ സബ്മിഷനായി ഉന്നയിക്കുന്ന കാര്യമാണ്. റോഡുകളിലൂടെ, ഓടകളിലൂടെ, കിള്ളിയാറിലൂടെയുള്ള സ്വീവറേജ് സിസ്റ്റത്തെ സംബന്ധിച്ചുള്ള പ്രശ്നം. അതുമൂലം വർഷങ്ങളായി നഗരവാസികൾ ബുദ്ധിമുട്ടുകയാണ്. അടുത്ത ഒരു മാസത്തിനുള്ളിൽ സ്വീവറേജ് സിസ്റ്റത്തിന് ശാശ്വതമായ പരിഹാരമുണ്ടാകും എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇനി ഓടയിലൂടെയും കിള്ളിയാറിലൂടെയും ഒഴുകാതെ പരിഹാരമുണ്ടാകാൻ പോവുകയാണ്. മറ്റൊരു കാര്യം, കിഴക്കേകോട്ട പ്രദേശത്ത് ബസ്സ് നടുറോഡിൽ പാർക്ക് ചെയ്താൽ അതിലൂടെ സഞ്ചരിക്കാൻ വലിയ ബുദ്ധിമുട്ടായതിനാൽ സിറ്റി സർവ്വീസ് ബസ്സുകൾ പാർക്ക് ചെയ്യുന്നത് തമ്പാനൂരിലേയ്ക്കും തമ്പാനൂരിൽ നിന്നുള്ള ദീർഘദൂര സർവ്വീസുകൾ ഈഞ്ചക്കലിലേയ്ക്കും മാറ്റി. കിഴക്കേകോട്ട പ്രദേശം ചരിത്ര സ്മാരകമായി സംരക്ഷിക്കാനാവശ്യമായ പദ്ധതി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നഗരവാസികൾക്ക് വേണ്ടി നന്ദി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. ജയരാജൻ: ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 2003 ജൂലായ് 2-ന് ഈ സഭയിൽ സഹകരണ വകുപ്പുമന്ത്രി ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ടുള്ള പ്രസംഗത്തിൽ പറഞ്ഞത് പൊതുമേഖലാസ്ഥാപനമായ എഫ്.എ.സി.റ്റി. ഏറ്റെടുക്കാനുള്ള ഒരു സംരംഭം ഗവൺമെന്റിനുണ്ട് എന്നുള്ളതാണ്. ആ എഫ്.എ.സി.റ്റി. ഏറ്റെടുക്കാനുള്ള സംരംഭം നടത്തുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അവസ്ഥ എന്തായി എന്നുള്ളത് വിശദീകരിക്കേണ്ടതുണ്ട്. അതുപോലെതന്നെ സഹകരണ മേഖലയിൽ എൽ.ഡി.എഫ്. കൊണ്ടുവന്ന ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് വീണ്ടും ആരംഭിക്കാൻ പോകുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. ഇൻഷ്വറൻസ് കമ്പനിയുടെ കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് എന്താണോ ഉദ്ദേശിച്ചിരുന്നത് അതിന് നേരെ കടകവിരുദ്ധമായ നിലയിൽ ജപ്പാനിലെ ഒരു സ്വകാര്യ സംരംഭവുമായിട്ടുള്ള സഹകരണ ഏർപ്പാടാണ് യഥാർത്ഥത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. സഹകരണ പ്രസ്ഥാനം ഇൻഷ്വറൻസ് കമ്പനി നടത്തുക എന്നുള്ള സദുദ്ദേശത്തെ അട്ടിമറിക്കത്തക്ക നിലയിൽ ഒരു വിദേശ മുതലാളിത്ത സ്ഥാപനമായിട്ടുള്ള സഹകരണ കരാറാണ് അക്കാര്യത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം കഴിഞ്ഞ പ്രസംഗത്തിൽ പറയുകയുണ്ടായി, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ടാണ് വിദേശ പര്യടനം നടത്തിയിട്ടുള്ളത് എന്ന്. ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് പറയുമെന്നാണ് തോന്നുന്നത്. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയും സുതാര്യതയും ഈ യു.ഡി.എഫ്. ഗവൺമെന്റിന്റെ കീഴിൽ തകർന്നുകഴിഞ്ഞിരിക്കുകയാണ്. ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു പുതിയ സഹകരണ നിയമം കൊണ്ടുവന്നു. ആ സഹകരണ നിയമത്തെ അട്ടിമറിക്കത്തക്ക നിലയിലുള്ള സമീപനമാണ് ഇന്ന് കൈക്കൊണ്ടിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച് വ്യക്തമായിട്ടുള്ള ചട്ടങ്ങളുണ്ടാക്കി. ആ ചട്ട പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റ് വിദഗ്ദ്ധരായിട്ടുള്ള ആളുകളെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു ബോർഡാണ് നടത്തിയിരുന്നത്. എന്താണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്? ആ ചട്ടങ്ങളിൽത്തന്നെ മാറ്റം വന്നിരിക്കുകയാണ്. അന്ന് ഉണ്ടാക്കിയിട്ടുള്ള ചട്ട പ്രകാരം ജോയിന്റ് രജിസ്ട്രാറുടെ പദവിയിൽ കുറയാത്ത ആളുടക്കമുള്ള വിദഗ്ദ്ധൻമാരാണ് റിക്രൂട്ട്മെന്റ് ബോർഡിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ ആ ചട്ടം മാറ്റിയിരിക്കുകയാണ്. എസ്.ആർ.ഒ. നം. 206/2004 പ്രകാരം The words "another member who shall be an officer not below the rank of a Joint Registrar of a Co-operative Department as the Member Secretary of the Board shall be omitted. എന്തിന് വേണ്ടിയാണ് വിദഗ്ദ്ധൻമാരടങ്ങിയിട്ടുള്ള ഈ റിക്രൂട്ട്മെന്റ് ബോർഡിൽ ഇത്തരത്തിലുള്ള ചട്ടങ്ങൾ മാറ്റിക്കൊണ്ടുള്ള ഒരു ഉത്തരവ് ഉണ്ടാക്കിയിട്ടുള്ളത്? സി.എം.പി.ക്കാരെക്കൊണ്ട് നിറച്ച് റിക്രൂട്ട്മെന്റ് ബോർഡിനെക്കൊണ്ട് നിയമനം നടത്തി അഴിമതി നടത്താനുള്ള സൗകര്യം ഒരുക്കുന്നതിന് വേണ്ടിയാണ് ഇത്തരമൊരു ചട്ടമാറ്റം നടത്തിയിട്ടുള്ളത്. അതുപോലെതന്നെ അഴിമതി നിരോധന കമ്മീഷൻ കുറ്റക്കാരനാണെന്ന് റിപ്പോർട്ട് ചെയ്ത വ്യക്തി ഭരണസമിതി അംഗമായി തുടരുന്നത് അയോഗ്യനാക്കുന്ന ചട്ടം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു ചട്ടമെന്ന നിലയ്ക്ക് കൊണ്ടുവന്നിരുന്നു. ആ ചട്ടവും നീക്കം ചെയ്തിരിക്കുകയാണ്. ഇന്നിപ്പോൾ ഭരണപക്ഷത്ത് നിന്ന് സംസാരിച്ച അംഗം തന്നെ ചൂണ്ടിക്കാണിച്ചു, ഈ സഹകരണ സംഘത്തിന്റെ ബ്രാഞ്ച് അനുവദിക്കണമെങ്കിൽ, സഹകരണ സംഘം രജിസ്റ്റർ ചെയ്യണമെങ്കിൽ സാധാരണഗതിയിൽ നിയമപ്രകാരം രജിസ്ട്രാറുടെ ഓഫീസിൽ അപേക്ഷ കൊടുക്കണം. ജെ.ആർ. അനുമതി കൊടുക്കണം. ജെ.ആർ.-ന് സ്വമേധയാ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരമില്ല. ഇവിടെ ഭരണപക്ഷ അംഗങ്ങൾ തന്നെ വ്യക്തമാക്കിയതുപോലെ മന്ത്രിയുടെ ഓഫീസിൽ നിന്ന് ക്ലിയറൻസ് കിട്ടിയാൽ മാത്രമേ സഹകരണ സംഘം രജിസ്റ്റർ ചെയ്യാൻ പറ്റൂ, ആ സഹകരണ സംഘങ്ങൾക്ക് ബ്രാഞ്ച് അനുവദിക്കാൻ പറ്റൂ എന്നുള്ള അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇതാണ് സഹകരണമേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. സഹകരണ രജിസ്ട്രാറുടെ തസ്തികയിൽ ഇപ്പോൾ ഐ.എ.എസ്.-കാരായവർ ഇല്ല. മന്ത്രിയുടെ ഏറാൻമൂളിയായിട്ടുള്ള ആളെയാണ് രജിസ്ട്രാറായി വച്ചിട്ടുള്ളത്. സഹകരണ വകുപ്പിൽ എഡിറ്റർ-കംപ്രസ്സ്-റിലേഷൻ ഓഫീസർ തസ്തികയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത് സംബന്ധിച്ച് ഈ നിയമസഭയിൽ ഞാൻ തന്നെ ആക്ഷേപം ഉന്നയിച്ചതാണ്. മന്ത്രി പറഞ്ഞു, എഴുതിത്തന്നാൽ അന്വേഷിക്കാം. അന്വേഷിച്ചിട്ട് മറുപടി തന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ട തസ്തികയിലേയ്ക്ക് നേരിട്ട് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എന്നിട്ട് മറുപടി പറയുകയാണ്, സമയമില്ലാത്തതുകൊണ്ട് വിശദമായി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ആയതിനാലാണ് പത്രപ്രവർത്തന രംഗത്ത് പ്രവർത്തന പരിചയവും അക്രെഡിറ്റേഷനുമുള്ള ഒരാളെ രണ്ട് വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കാനിടയായത്. അക്രെഡിറ്റേഷൻ എന്ന് പറയുന്നത് നിലവിലുള്ള മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് മാത്രമാണ്. എത്രയോ വർഷങ്ങൾക്ക് മുമ്പ് പൂട്ടിയ ഒരു പത്രത്തിൽ ഏതോ ഒരു കാലത്ത് പ്രവർത്തിച്ചിട്ടുള്ളവർക്ക് ഇപ്പോൾ എങ്ങനെയാണ് നിയമനം നടത്തുന്ന കാലത്ത് അക്രെഡിറ്റേഷൻ കിട്ടുന്നത്? നിയമനം നടത്തുന്ന കാലത്ത് ആ പത്രവും ഇല്ല, പത്ര സ്ഥാപനവുമില്ല. അക്രെഡിറ്റേഷനുള്ള പത്രപ്രവർത്തകൻ എന്നുള്ളത് പരിഗണിച്ചുകൊണ്ട് ഞാനാണ് ഈ നിയമം നടത്തിയത് എന്നാണ് മറുപടി. ഞാൻ നേരത്തെ പറഞ്ഞതുപോലെ സഹകരണ പ്രസ്ഥാനത്തിന്റെ സുതാര്യതയും വിശ്വാസവുമൊക്കെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ ഇവിടെ കൺസ്യൂമർ ഫെഡിനെ സംബന്ധിച്ച് പറഞ്ഞു. കൺസ്യൂമർ ഫെഡ് നഷ്ടത്തിലാണ്. എന്തുകൊണ്ടാണ് നഷ്ടത്തിലായത്? ഇവിടെ ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അടക്കമുള്ളവരുടെ ചോദ്യത്തിന് എക്സൈസ്സ് വകുപ്പുമന്ത്രി മറുപടിയായി ഒരു കാര്യം രേഖാമൂലം നൽകുകയുണ്ടായി. വിദേശ മദ്യകമ്പനികളുടെ ഇൻസെന്റീവ് ബിവറേജസ് കോർപ്പറേഷന്റെ കണക്കിൽപ്പെടുത്തുന്നില്ല എന്ന പരാതിയെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. മറുപടിയിൽ പറയുന്നത് ബാറുകൾ, കൺസ്യൂമർ ഫെഡ് എന്നിവ മദ്യം വാങ്ങുന്നത് ഇൻസെന്റീവ് വാങ്ങിക്കൊണ്ടാണ് എന്നാണ്. വിറ്റഴിക്കാൻ കഴിയാതെ വരുന്ന മുഴുവൻ മദ്യത്തിന്റേയും നികുതി അടക്കം നഷ്ടം സഹിക്കേണ്ടിവരുന്നത് ഇൻസെന്റീവ് വാങ്ങിയവരാണ്. കൺസ്യൂമർ ഫെഡിന്റെ കണക്കിൽ വിദേശമദ്യം വാങ്ങിയ വകയിൽ ഇൻസെന്റീവ് കിട്ടിയെന്ന് എക്സൈസ് വകുപ്പു മന്ത്രിയുടെ മറുപടിയിൽത്തന്നെ പറഞ്ഞിരിക്കുന്നു. കൺസ്യൂമർ ഫെഡിന്റെ കണക്കിൽ അങ്ങനെ ഇൻസെന്റീവ് എന്നു പറയുന്ന വരവിനം ചേർത്തിട്ടുണ്ടോ എന്ന്, ഗൗരവപൂർവ്വമുള്ള അന്വേഷണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഇപ്പോൾ അധികാരത്തിലുള്ള ഗവൺമെന്റിന് മുമ്പേയുള്ള ഗവൺമെന്റാണ് പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഉണ്ടാക്കുമെന്നു പറഞ്ഞത്. ഈ സഭയ്ക്ക് അറിയേണ്ടത്, പരിയാരത്ത് മന്ത്രി ചെയർമാനായി പ്രവർത്തിക്കുന്ന അക്കാദമി ഓഫ് മെഡിക്കൽ സയൻസ് എന്ന് പറയുന്ന സ്ഥാപനം സഹകരണ സ്ഥാപനമാണോ എന്ന് മന്ത്രി, വ്യക്തമായി പറയണം. അതിപ്പോൾ സഹകരണ മന്ത്രിയുടെ സ്വന്തം സ്വത്തുപോലെ മാറ്റിയിരിക്കുകയാണ്. സഹകരണം ആയിട്ട് അതിനെ സഹകരിച്ചുകൊണ്ട് മന്ത്രി ശ്രീ. സുധാകരനുണ്ട്. അവരെല്ലാം ചേർന്നിട്ടുള്ള ഒരു ട്രസ്റ്റ് രൂപീകരിച്ചിരിക്കുകയാണ്. അവിടെ 200 കോടി രൂപയാണ് സംസ്ഥാന സർക്കാർ കൊടുത്തിട്ടുള്ളത്. 150 ഏക്കർ ഭൂമി ഗവൺമെന്റിന്റേതായിട്ടുള്ളത് ഞാൻ ചോദിക്കുന്ന മറ്റൊരു ചോദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ ഇവിടെ സ്വാശ്രയ ബിൽ പാസ്സാക്കി. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ബിൽ പാസ്സാക്കി. ആ ബില്ലിൽ പറയുന്ന വ്യവസ്ഥകൾ ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായി പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിന് ബാധകമാണോ? അവിടെ എന്താണ് സ്ഥിതി? അവിടെ മൂന്ന് വർഷത്തേയ്ക്ക് മെഡിക്കൽ സീറ്റിന് 12 ലക്ഷം രൂപ അഡ്വാൻസായി വാങ്ങിയിട്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയാണ്. 4000 രൂപ ഫീസ് കൊടുത്തുകൊണ്ട് മെറിറ്റ് സീറ്റിൽ പ്രവേശനം കിട്ടേണ്ട വിദ്യാർത്ഥിയിൽ നിന്ന് 12 ലക്ഷം രൂപ അഡ്വാൻസായിട്ട് വാങ്ങിയിട്ട് നാണംകെട്ട നിലയിൽ കച്ചവടം നടത്തുകയാണ് മന്ത്രി. സഹകരണ മേഖലയെ ഈ നിലയ്ക്ക് നശിപ്പിക്കുന്ന അവസ്ഥയല്ലേയുണ്ടായിട്ടുള്ളത്? ഇപ്പോൾ ഇന്ന് ഞാൻ മനസ്സിലാക്കിയത് അവിടെ റേറ്റ് വർദ്ധിപ്പിച്ചുയെന്നാണ്. 22 ലക്ഷം രൂപയാക്കി എന്നുള്ളതാണ്. എന്ന് പറഞ്ഞാൽ നമ്മൾ പസ്സാക്കിയിട്ടുള്ള നിയമത്തെ ഞങ്ങൾ മാനിക്കുന്നില്ല എന്ന് മേരിമാത കോളേജിന്റെ മാനേജുമെന്റ് പറഞ്ഞ കാര്യം ഇന്നാണ് ഈ സഭയിൽ ഉന്നയിക്കപ്പെട്ടത്. അതുപോലെ ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രി തന്നെ ആ ബില്ലിനെ, നിയമത്തെ ഞാൻ അംഗീകരിക്കുന്നില്ല എന്നു പറഞ്ഞു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവിനെ ഞാൻ മാനിക്കുന്നില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് കച്ചവടം നടത്തുകയാണ്. ഇതിനെ സംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് എന്നറിയാൻ താല്പര്യമുണ്ട്. സഹകരണ മേഖലയിൽ ഇപ്പോൾ നടക്കുന്നത് സഹകരണ സ്ഥാപനത്തിന്റെ തത്വമനുസരിച്ചുള്ള പ്രവർത്തനമല്ല. പിന്നെയോ,. സ്വന്തം താൽപര്യമാണ്. മെഡിക്കൽ കോളേജിന്റെ കാര്യം ഞാൻ പറഞ്ഞു. ആയുർവേദ മെഡിക്കൽ കോളേജിന്റെ (പറശ്ശിനിക്കടവ്) ഡയറക്ടർ ആരാണ്? മന്ത്രിയുടെ മകൾ. സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സംവിധാന ശൃംഖല സംഘടിപ്പിക്കുന്നതിനുവേണ്ടി സഹകരണ സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ട്.(കാപ്ടെക്ക്) ആ കാപ്ടെക്കിന്റെ ചെയർമാൻ ആരാണ്? മന്ത്രിയുടെ മകളുടെ ഭർത്താവ്. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന് പറഞ്ഞതുപോലെ ഇപ്പോൾ സഹകരണ മേഖലയെ ആ നിലയ്ക്ക് അധഃപതിപ്പിച്ചിരിക്കുന്ന അവസ്ഥയാണ്. സംസ്ഥാനത്ത് ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂൾഡ് ട്രൈബ് സഹകരണ സംഘങ്ങളുടെ ഫെഡറേഷനുണ്ട്. ഇപ്പോൾ അവയെ പൂർണ്ണമായി തകർത്തിരിക്കുകയാണ്. കാരണം അതിനകത്തു നിന്നും വരുമാനം കിട്ടില്ല എന്നുള്ളതുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? ഭരണ കക്ഷിക്കാർ പോലും പറയുന്നത് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എന്നല്ല തദ്ദേശസ്വയംഭരണ വകുപ്പിന്റെ രാജാവ് എന്നാണ്. മന്ത്രി ജനാധിപത്യ വ്യവസ്ഥയിൽ നിയമ പ്രകാരം പ്രവർത്തിക്കേണ്ടതാണ്. രാജാവിനെ സംബന്ധിച്ചിടത്തോളം നാവിൻതുമ്പത്താണ് നിയമങ്ങളും ചട്ടങ്ങളും. നിയമസഭയും ഇത് പാസ്സാക്കുന്ന നിയമങ്ങളും ചട്ടങ്ങളും ഒന്നും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് പ്രശ്നമല്ല; അതാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. ആ വകുപ്പിനെക്കുറിച്ച് നല്ല കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. പുകഴ്ത്തിക്കൊണ്ട് ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെപോലുള്ളവർ പറഞ്ഞു. കഴിഞ്ഞ കൊല്ലം ജൂലായ് 16-ന് ഈ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് മന്ത്രി പറഞ്ഞത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇപ്പോൾ നൽകുന്ന നാല് ഗഡുവും ഇനി നൽകാനുള്ള 8 മാസത്തെ ഗഡുക്കളും മാർച്ച് 31 വരെ ചെലവഴിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ട്രഷറി നിയന്ത്രണവും ഉണ്ടായിരിക്കുന്നതല്ല എന്നാണ്. ഞാൻ വെല്ലുവിളിച്ച് ചോദിക്കുകയാണ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനുള്ള പണം നിഷേധിച്ചുകൊണ്ട് നിങ്ങൾ എത്ര ദിവസമാണ് ട്രഷറി അടച്ചിട്ടത്; എത്ര ദിവസമാണ് പൂർണ്ണമായി സ്വതന്ത്രമാക്കിക്കൊണ്ട് പ്രവർത്തിപ്പിച്ചത്? കേവലം 56 ദിവസം മാത്രമാണ്. എന്താണ് മന്ത്രിക്ക് പറയാനുള്ളത്? ഞങ്ങൾക്ക് അറിയേണ്ടതുണ്ട്. അതുപോലെതന്നെ പദ്ധതിക്കായി അനുവദിച്ച പണം തിരിച്ചുപിടിച്ചതിനെക്കുറിച്ച് പറയാം. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചതിന് പഞ്ചായത്തിന് കൊടുത്ത അവാർഡ് തുക അടക്കം തിരിച്ചുപിടിച്ചിട്ട് അത് തിരിച്ചുകൊടുക്കാത്ത നാണംകെട്ട ഭരണമാണ് ഇവിടെയുള്ളത്. പ്ലാൻ ഫണ്ടിന്റെകൂടെ നബാർഡിന്റെ പണം കാണിച്ചു. എന്നിട്ട് പറയുകയാണ് കമ്പ്യൂട്ടർ പഠനം വേണം, പരിസരശുചീകരണം വേണം എന്നൊക്കെ. ആ മേഖലയ്ക്ക് നിർബന്ധമായിട്ട് പണം നീക്കിവയ്ക്കണം എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നേരത്തെ തദ്ദേശഭരണ സ്ഥാപനങ്ങളോട് പറഞ്ഞത് കഴിഞ്ഞ വർഷത്തേക്കാളും 10 ശതമാനം അധികരിച്ചുകൊണ്ട് നിങ്ങൾ പദ്ധതി നടപ്പിലാക്കണമെന്നാണ്. ഇന്ന് ആ പദ്ധതി പ്രവർത്തനം പോലും തടയപ്പെടുന്ന നിലയിലുള്ള പ്രവർത്തനമാണ് ഈ വകുപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദഗ്ദ്ധ സമിതിയെ ആക്ഷേപിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ എന്നിട്ട് അവർ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുണ്ടാക്കി. ആ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി യോഗംപോലും ചേരുന്നില്ല. മുനിസിപ്പൽ കോർപ്പറേഷനുകളിൽ സ്ഥലംമാറ്റത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. യാതൊരു മാനദണ്ഡങ്ങളും ഇതിനകത്തില്ല. മന്ത്രിക്ക് തോന്നുന്ന നിലയ്ക്കാണ് മാനദണ്ഡം. തിരുവനന്തപുരം നഗരസഭയിലേയ്ക്ക് സ്ഥലംമാറി വന്ന യു.ഡി. ക്ലാർക്കിനെ ടൗൺ പ്ലാനിംഗ് സെക്ഷനിലും മറ്റൊരു യു.ഡി. ക്ലാർക്കിനെ കരാറുകാരുടെ ബിൽ പരിശോധിക്കുന്ന സെക്ഷനിലും നിയമിക്കണമെന്ന് മന്ത്രിയുടെ ആഫീസിൽ നിന്ന് നേരിട്ട് പറയുകയാണ്. ഈ രാജ്യത്ത് നിയമമുണ്ട്. ആ നിയമപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ അധികാരങ്ങളുണ്ട്. ആ അധികാരങ്ങളെ മറികടന്നുകൊണ്ട് ആജ്ഞകൾ പുറപ്പെടുവിക്കുകയാണ്. അതാണ് ഞാൻ നേരത്തെ പറഞ്ഞത് മന്ത്രിയല്ല രാജാവാണെന്ന്. തിരുവനന്തപുരം നഗരസഭയിലേയ്ക്ക് സ്ഥലം മാറി വന്ന ശ്രീ. ജയകുമാറിനെ ടൗൺ പ്ലാനിംഗ് ആഫീസറായി നിയമിക്കണമെന്ന്. അല്ലെങ്കിൽ കാസർഗോഡേക്ക് മാറ്റുമെന്നു പറയുന്നത് ശരിയല്ല. നിയമവിരുദ്ധമായിട്ടുള്ള മുനിസിപ്പൽ സെക്രട്ടറിമാരുടെ തസ്തികയിലേയ്ക്ക് താൽക്കാലിക സെക്രട്ടറിമാരായി പ്ലംബർമാരെ നിശ്ചയിച്ചിട്ടുള്ള നാണംകെട്ട അവസ്ഥ ഈ സംസ്ഥാനത്തുണ്ടായി. ചാലക്കുടി നഗരസഭാ സെക്രട്ടറിക്ക് ഒൻപതാം ക്ലാസും ഐ.ടി.സി. യോഗ്യതയുമാണുള്ളത്. പ്ലംബറെ പിടിച്ച് സെക്രട്ടറിയാക്കി മാറ്റിയിരിക്കുകയാണ്. എന്താണ് ഇതിന്റെ മാനദണ്ഡം? പണം മാത്രമാണ്. അതുപോലെതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവുകളെ മറികടന്നുകൊണ്ട് സ്റ്റേ കൊടുക്കുകയാണ്. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.....(ബഹളം).....ഉത്തരവുകളെ മറികടന്നുകൊണ്ട് തിരുവനന്തപുരം നഗരസഭയുടെ അനുവാദം ഇല്ലാതെയും കരിക്കകം വാർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന പെട്രോൾ പമ്പിനെതിരെ നഗരസഭ സ്വീകരിച്ച നടപടികൾ മന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് അഞ്ച് തവണയാണ് സ്റ്റേ ചെയ്തത്. 2.00 p.m.] ഞാൻ അതിന്റെ രേഖകൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ആ സ്റ്റേയ്ക്കുവേണ്ടി എത്രയാണ് പെട്രോൾ പമ്പുടമ കൊടുത്തത്? അമ്പത് ലക്ഷം രൂപ കൈക്കൂലിയായി കൊടുത്തു. ഞാൻ ഗൗരവമായിട്ട് ആരോപണം ഉന്നയിക്കുകയാണ്. അതുപോലെ തന്നെ ഇപ്പോൾ സംസ്ഥാനത്ത് ഉടനീളം ഉള്ള പഞ്ചായത്തുകളോടും തദ്ദേശ ഭരണ സ്ഥാപനങ്ങളോടും പറയുന്നത് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നിങ്ങൾക്ക് ബസ് സ്റ്റാന്റ് ഉണ്ടാക്കാം എന്നാണ്. അങ്ങനെ കൊണ്ടോട്ടിയിൽ ഇരുന്നൂറു മുറികളോടുകൂടിയുള്ള .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം മറുപടി പറയും.....പ്ളീസ്..... .....(ബഹളം).....

ശ്രീ. പി. ജയരാജൻ:.....ഒരു കോംപ്ളക്സിന്റെ നിർമ്മാണത്തിന്.....(ബഹളം).....കരാറുകാരന്റെ കയ്യിൽ നിന്ന് അമ്പത് ലക്ഷം രൂപയാണ് കൈക്കൂലി വാങ്ങിയത്. അതുപോലെ ചീഫ് ടൗൺ പ്ളാനറുടെ അവസ്ഥ എന്താണ്? രേഖകളുണ്ട്. ഞാൻ വിശദമാക്കുന്നില്ല .....(ബഹളം).....സമയം ഇല്ലാത്തതുകൊണ്ട്..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ: രേഖ എഴുതിത്തന്നിട്ടുണ്ട്.....പ്ളീസ് .....അദ്ദേഹം മറുപടി പറയും.....(ബഹളം).....

ശ്രീ. പി. ജയരാജൻ : അതുപോലെതന്നെ ചീഫ് ടൗൺ പ്ളാനർ, ടൗൺ പ്ളാനിംഗ് വകുപ്പിൽ സീനിയോറിറ്റി മറികടന്നുകൊണ്ട് .....(ബഹളം).....ചീഫ് ടൗൺ പ്ളാനറുടെ ചാർജിൽ പ്രവർത്തിക്കുന്ന ആളുകൾ.....(ബഹളം) .....ഞാൻ എഴുതിതന്നിട്ടുണ്ട്. ഉത്തരവാദിത്വബോധത്തോടുകൂടിയാണ് ആരോപണം ഉന്നയിക്കുന്നത്.....(ബഹളം)..... എനിക്ക് ചെയറിന്റെ സംരക്ഷണം വേണം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ പറഞ്ഞല്ലോ രേഖയുണ്ടെന്ന് .....(ബഹളം) .....

ശ്രീ. പി. ജയരാജൻ: ജി.സി.ഡി.എ.യുടെ എക്സിക്യൂട്ടീവ് ബോർഡ് മെമ്പറായി മന്ത്രി ആരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത്? കൊളംബോ കുടയുടെ മുതലാളിയെയാണ്. എന്താണ് സർ നടന്നുകൊണ്ടിരിക്കുന്നത്? കൊച്ചി നഗരത്തിലെ മുതലാളിമാരെയാണ് നിശ്ചയിക്കുന്നത്. അവർ സ്വന്തം സീറ്റുകളിൽ ഇരിക്കുന്നില്ല. ഇപ്പോൾ ചീഫ് ടൗൺ പ്ളാനറുടെ ഓഫീസിലടക്കം ഫുൾ ടൈം അവരുടെ കൈക്കൂലി കച്ചവടം നടന്നുകൊണ്ടിരിക്കുകയാണ്. ചീഫ് ടൗൺ പ്ളാനറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജയറാം എന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആൾ യഥാർത്ഥത്തിൽ സീനിയോറിറ്റി ഇല്ലാത്ത ആളാണ്. ആ സീറ്റിൽ ഇരിക്കുവാൻ മന്ത്രിയുടെ കൈക്കൂലി പണ്ടാരം എന്നുള്ള നിലയ്ക്ക്, മന്ത്രിക്ക് കൈക്കൂലി വാങ്ങുവാൻവേണ്ടി സീനിയോറിട്ടി മറികടന്നുകൊണ്ട്..... ആ ഉദ്യോഗസ്ഥനെ നിയോഗിച്ചിരിക്കുകയാണ്. സീനിയോറിറ്റിയിൽ ഉള്ള ആളെ ഇപ്പോൾ വിജിലൻസ് എസ്.പി.യായി നിശ്ചയിച്ചിരിക്കുകയാണ്. അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്? ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. നേരത്തേ ചീഫ് ടൗൺ പ്ലാനർ ടി. കെ. രാധിക അഴിമതി തടയാൻ ഒരു ഉത്തരവിറക്കി. അന്ന് സീനിയർ ടൗൺ പ്ലാനറായി ശ്രീ. പി. മോഹനൻ കോർട്ട് ഓർഡർ ഇല്ലാതെ പത്ത് ദിവസംകൊണ്ട് അനധികൃതമായിട്ടുള്ള ഓർഡർ ഇറക്കിക്കൊടുക്കുകയാണ്. അങ്ങേയറ്റം ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ് സംഭവിച്ചിരിക്കുന്നത്. അവിടെ മന്ത്രിയുടെ അടുക്കൽ ബന്ധപ്പെട്ടവർ പോകുകയാണ്. അവർ കൈക്കൂലി വാങ്ങുകയാണ്. ഇങ്ങനെ അഴിമതി നടത്തുന്നതിനുവേണ്ടി, ചീഫ് ടൗൺ പ്ലാനറായിട്ട് ചാർജ് നിശ്ചയിക്കുവാൻവേണ്ടി അദ്ദേഹം കൊടുത്തിരിക്കുന്ന കൈക്കൂലി എത്രയെന്ന് അറിയാമോ? എഴുപത്തിയഞ്ച് ലക്ഷം രൂപ. ഞാൻ ഇവിടെ ആധികാരികമായിട്ടാണ് ഉന്നയിക്കുന്നത്.....(ബഹളം).....ഒന്നേകാൽ കോടി രൂപയുടെ അഴിമതി ..... (ബഹളം) ....കാസർകോട് * * * * * * * * * ആയി ജീവിതം ആരംഭിച്ചിട്ടുള്ള ഇപ്പോഴത്തെ മന്ത്രി .....(ബഹളം)..... ഞാൻ അവസാനിപ്പിക്കാം, സർ. ഞാൻ ഇവിടെ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ചെല്ലാം ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഞാൻ ആവശ്യപ്പെടുകയാണ്.....(ബഹളം).....ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് ഞാൻ ഇവിടെ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ചെല്ലാം ജുഡീഷ്യൽ അന്വേഷണം നടത്തണം, രേഖകൾ ഞാൻ ഹാജരാക്കാം. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat.....please, ...Please.....

ശ്രീ. പി. ജയരാജൻ : എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചതാണ്. അഴിമതിയുണ്ട്. ഇതിനെ സംബന്ധിച്ച് തെളിവുകൾ സമർപ്പിക്കാം. മുഖ്യമന്ത്രിയെ വെല്ലുവിളിക്കുകയാണ്.....(ബഹളം)..... അന്വേഷണത്തിനു തയ്യാറുണ്ടോ? അത് ഞാൻ ആവശ്യപ്പെടുകയാണ്. ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ആക്ഷേപം എഴുതിക്കൊടുത്ത് ഉന്നയിക്കുന്നത് നിയമപരമാണെന്ന് അങ്ങ് പറഞ്ഞു. ഒരു വ്യക്തിയെ വളരെയധികം മോശമായി ചിത്രീകരിക്കുകയും വെറും * * * *

***ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ആണെന്ന് വരുത്തുകയും ചെയ്യുന്നത് ഓർഡറിൽ അല്ലാത്തതായതുകൊണ്ട് റൂൾ 307 അനുസരിച്ച് അത് നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. .....(ബഹളം).....അത് പത്രത്തിൽ വരാൻ പാടില്ല. അത് നമ്മുടെ രേഖയിൽ നിന്നും നീക്കാൻ അങ്ങയുടെ റൂളിംഗ് വേണം.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട ശ്രീ. ജയരാജൻ എഴുതിക്കൊടുത്തിട്ടാണ് ആരോപണം ഉന്നയിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളത് എന്തും പറയാം. ആ പറയുന്ന വിധത്തിൽ, അദ്ദേഹം മന്ത്രിയെ അപഹസിക്കുന്ന വിധത്തിൽ വല്ലതും പറഞ്ഞിട്ടുണ്ടോ എന്നു മാത്രമേ പരിശോധിക്കേണ്ടതുള്ളൂ. അങ്ങനെ പരിശോധിക്കുമ്പോൾ മന്ത്രി * * * * എന്ന് പറഞ്ഞത് തെറ്റല്ല. അങ്ങനെ ജോലി ചെയ്തിരുന്ന കാര്യം പറഞ്ഞത് അപമാനമാണെന്ന് എങ്ങനെ പറയാൻ സാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കുന്നതാണ് .....(ബഹളം)..... അത് പരിശോധിക്കുന്നതാണ്. അനാവശ്യമായിട്ടുള്ള പദം പറഞ്ഞിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ പദം എക്സ്പഞ്ച് ചെയ്യണം ആ പറഞ്ഞത് പരിശോധിച്ച് രേഖയിൽനിന്ന് നീക്കം ചെയ്തില്ല എങ്കിൽ നിരുത്തരവാദപരമായ, ഇർ-റികവറബിളായിട്ടുള്ള വിഷമമാണ് മന്ത്രിക്കു വരുന്നത്. അതുകൊണ്ട് രേഖയിൽനിന്ന് നീക്കം ചെയ്യണം. അതിനുവേണ്ടിയുള്ള റൂളിംഗ് ഉണ്ടാകണം.....(ബഹളം).....

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : ഒരു മെമ്പർക്ക് എതിരായിട്ട് ആരോപണം എഴുതിക്കൊടുത്ത് മെമ്പർക്ക് ഉന്നയിക്കാം. പക്ഷേ ഒരു മന്ത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം മാന്യമായ തൊഴിൽ ചെയ്തിരുന്ന ഒരാൾ എന്ന നിലയ്ക്ക് അത് അപകീർത്തിപരമായിട്ട്.....ഇവിടെ ഇരിക്കുന്ന, ഈ സഭയിൽ ഇരിക്കുന്ന ശ്രീ. ജയരാജൻ അടക്കം പലരും പണ്ട് പല ജോലികളും ചെയ്തിട്ടുണ്ട്. അത് സഭയിൽ വിളിച്ചുപറയുന്നത് സഭയുടെ അന്തസ്സിന് യോജിച്ചതാണോ? തൊഴിലെടുത്തു ജീവിക്കുന്നത് മാന്യമായ കാര്യമാണ്. അദ്ദേഹത്തിന് ആരോപണം ഉന്നയിക്കാം. പക്ഷേ മന്ത്രിയെക്കുറിച്ച് അപകീർത്തിപരമായി പറയുന്നത് രേഖയിൽ ഉണ്ടാകുവാൻ പാടില്ല, രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ അപകീർത്തികരമായിട്ട് പറഞ്ഞിട്ടുള്ളതൊന്നും രേഖയിൽ കാണുകയില്ല. Your time is over. .....Please resume your seat.....Please.....Minister.

***ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജയരാജൻ ഇവിടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു കുടക്കച്ചവടക്കാരനെ ബഹുമാനപ്പെട്ട മന്ത്രി നോമിനേറ്റു ചെയ്തെന്നു പറഞ്ഞു. കുടക്കച്ചവടം ചെരുപ്പു കച്ചവടത്തേക്കാളും ഭേദമല്ലേ?.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു തൊഴിലിനെ അങ്ങനെ പറയാൻ പറ്റുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ഓരോ വിഭാഗങ്ങളിലുമുള്ള സഹപ്രവർത്തകരായ അംഗങ്ങളോട് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിനെക്കുറിച്ച് പറഞ്ഞ നല്ല വാക്കിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിച്ചവരോടും എനിക്ക് നന്ദിയുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളിൽ വകുപ്പിനെ കാര്യക്ഷമമാക്കുന്നതിനും അത് പ്രയോജനപ്പെടുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് ശ്രീ. പി. ജയരാജൻ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയാൻ സമയം കിട്ടിയില്ല എന്ന് പിന്നീട് പറയുത്. ആരോപണങ്ങൾക്കത്രയും മറുപടി പറയുകയാണ്. ആദ്യമായി ഉന്നയിച്ച ആരോപണം ശ്രീ. രജി കൃഷ്ണൻ, ശ്രീമതി ശശികല എന്നിവർ നടത്തിവന്ന പെട്രോൾ ബങ്കിന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ നൽകിയ നോട്ടീസുകൾ 2-7-2003-ലും 19-7-2003-ലും ഗവൺമെന്റ് കത്തുകൾപ്രകാരം ഗവൺമെന്റ് സ്റ്റേ ചെയ്തു എന്നതാണ്. കക്ഷികൾ നടത്തിവന്ന അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ സ്വീകരിച്ച നടപടി 10-6-2003-ലെ ഗവൺമെന്റ് കത്ത് പ്രകാരം സ്റ്റേ ചെയ്തിരുന്നു. 3-7-2003-ലെ ജി.ഒ. പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ സോണൽ നിബന്ധനകളിൽനിന്ന് ഇളവ് നൽകിയിരിക്കുന്നതാണ്. ഈ അനുവാദം റദ്ദാക്കണമെന്ന കോർപ്പറേഷന്റെ അപേക്ഷ സർക്കാർ നിരസിച്ചിരുന്നു. സോണൽ ഇളവ് സാധാരണ അനുവദിക്കുന്നുണ്ട്. സോണൽ നിബന്ധനയിൽനിന്ന് ഇളവ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ അനുമതിക്കും പെട്രോൾ ബങ്ക് പ്രവർത്തിപ്പിക്കുന്നതിനും കോർപ്പറേഷൻ മുൻപാകെ നിയമാനുസൃതമായ അപേക്ഷ നൽകാൻ ഹർജിക്കാരനോട് കത്ത് പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ സമയബന്ധിതമായി തീർപ്പാക്കാൻ കോർപ്പറേഷനോട് 29-9-2003-ൽ ഗവൺമെന്റ് നിർദ്ദേശിച്ചു. പ്രസ്തുത അപേക്ഷകൾ കോർപ്പറേഷൻ തീർപ്പാക്കുന്നതുവരെ ഗവൺമെന്റ് അനുവദിച്ച സ്റ്റേ പ്രാബല്യത്തിലിരിക്കുമെന്ന് ഗവൺമെന്റ് കോർപ്പറേഷനെ അറിയിച്ചു. ഗവൺമെന്റ് നിർദ്ദേശങ്ങൾക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഗവൺമെന്റിൽ പരാതി നൽകിയിരുന്നു. നഗരസഭാ കൗൺസിലർ ശ്രീ. രവീന്ദ്രനും പരാതി നൽകിയിരുന്നു. ഈ പരാതി സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ രജി കൃഷ്ണന്റെ അപേക്ഷകളിൽ അന്വേഷണം നടത്തിവരികയാണെന്നും അവ തീർപ്പാക്കാൻ കുറച്ചുകൂടി സമയം അനുവദിക്കണമെന്നും കോർപ്പറേഷൻ അഭ്യർത്ഥിച്ചിരിക്കുകയാണ്. ഇതേ വിഷയം സംബന്ധിച്ച് ശ്രീ. രവീന്ദ്രൻ ഹൈക്കോടതിയിൽ ഒ.പി. സമർപ്പിച്ചിരിക്കുകയാണ്. ഒ.പി. തീർപ്പാക്കുന്ന മുറയ്ക്ക് രജി കൃഷ്ണന്റെ അപേക്ഷകളിൽ നടപടി

സ്വീകരിക്കുമെന്നാണ് ഏറ്റവും ഒടുവിൽ കോർപ്പറേഷൻ ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത്. ഒ.പി. കോടതിയുടെ പരിഗണനയിലാണ്. ഇതാണ് ഒന്നാമത്തെ ആരോപണത്തിന്റെ വിഷയം.....(ബഹളം)..... ഒരാളിന് ചോദിക്കാനുള്ള അവകാശമുണ്ട്. അതനുസരിച്ച് സ്റ്റേ കൊടുക്കുകയാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന് സംസാരിക്കാനുള്ള അവകാശമുണ്ട്. പ്ലീസ്.....

ശ്രീ. ചെർക്കളം അബ്ദുള്ള: അടിസ്ഥാനരഹിതമായിട്ടുള്ള ആരോപണങ്ങളെയെല്ലാം ഞാൻ നിഷേധിക്കുകയാണ്. രണ്ടാമത്തെ ആരോപണം ബി.ഒ.ടി. അടിസ്ഥാനത്തിൽ കൊണ്ടോട്ടി ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് അനുമതി നൽകുന്നതിനെ സംബന്ധിച്ചാണ്. പഞ്ചായത്ത് ടെന്റർ വാങ്ങി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ടി.പി.-യുടെ അംഗീകാരം വാങ്ങി സി.പി. മുഹമ്മദ്കുട്ടി, പരാനിൽ ബഷീർ, നാസർ എന്നിവർ പ്രൊമോട്ടർമാരായിട്ടാണ് ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷിച്ചത്. പഞ്ചായത്ത് പ്രസിഡന്റിന്റെ സ്ഥലം എന്നു പറയുന്നത് വാസ്തവവിരുദ്ധമാണ്. 2004 ജൂൺ 16-ന് ആർ.ടി.എ. യോഗം അംഗീകാരവും നൽകിയിട്ടുണ്ട്. സർക്കാരിന്റെ അനുവാദത്തിനുവേണ്ടി പഞ്ചായത്ത് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചു. ഐ.സി.ഐ.സി.ഐ., കിൻഫ്രാ എന്നിവയുടെ സഹായത്തോടെ പ്രോജക്റ്റ് തയ്യാറാക്കി ഉന്നതതല കമ്മിറ്റിയുടെ അംഗീകാരം വാങ്ങി സമർപ്പിച്ചു. ഇതാണ് രണ്ടാമത്തെ ആരോപണം .....(ബഹളം).....ഇതിനെ സംബന്ധിച്ച് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറി അരവിന്ദ് കുട്ടിയാണ് പരാതി നൽകിയിരുന്നത്. മൂന്നാമത്തെ ആരോപണം സി.ടി.പി.-യുടെ തസ്തികയെ സംബന്ധിച്ചാണ്. സി.ടി.പി.-യുടെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. ആരേയും ഇതുവരെ നിയമിച്ചിട്ടില്ല. ശ്രീ. രാജാരാമിനെ സി.ടി.പി. ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയപ്പോൾ അവിടെ പ്രവർത്തിച്ചിരുന്ന ഏറ്റവും സീനിയർ ഓഫീസർ അദ്ദേഹമായിരുന്നതിനാൽ താൽക്കാലിക ചുമതല നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ. ആരെ വകുപ്പ് തലവനായി നിയമിക്കണമെന്ന് തീരുമാനിക്കാൻ സർക്കാരിന് അധികാരമുണ്ട്. സീനിയോറിറ്റിയടക്കമുള്ള എല്ലാ വസ്തുതകളും പരിശോധിച്ചു മാത്രമേ സി.ടി.പി.-യെ നിയമിക്കുകയുള്ളൂ. ഇവിടെ ഇന്ന് പ്രസംഗം ആദ്യം ആരംഭിച്ചത് ശ്രീ. കെ. സി. മൊയ്തീനായിരുന്നു. അദ്ദേഹം തദ്ദേശഭരണ സ്ഥാപനങ്ങൾക്കെതിരായിട്ടാണ് പ്രസംഗം ആരംഭിച്ചത്. അടിസ്ഥാനരഹിതമായ ആരോപണങ്ങളെ നിഷേധിച്ചിരിക്കുന്നു.....(ബഹളം).....എന്നെ വ്യക്തിപരമായിആക്ഷേപിച്ചുകൊണ്ട് നടത്തിയ.....(ബഹളം) .....ഇവിടെ നിയമസഭാംഗങ്ങളും മന്ത്രിമാരുമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ള ഓരോ അംഗങ്ങളും മുമ്പ് എന്താണ് ചെയ്തിരുന്നു എന്നതു സംബന്ധിച്ച് ഓരോരുത്തരും സ്വയം പരിശോധനയ്ക്ക് വിധേയമാകുന്നത് നന്നായിരിക്കും എന്നു മാത്രമേ ഞാൻ ഇതിനെക്കുറിച്ച് പറയുന്നുള്ളൂ. ഞാൻ * * * * * എങ്കിലുമായിരുന്നല്ലോ. അതൊന്നും അല്ലാത്ത ആളുകൾ സഭയിൽ വരികയും മന്ത്രിയാകുകയുമൊക്കെ ചെയ്തിട്ടുണ്ടെന്നുള്ളത് അങ്ങ് മറന്നാലും ഈ രാജ്യത്തെ ജനങ്ങൾക്ക് മറക്കാൻ കഴിയുകയില്ല.

ശ്രീ. സി. പി. മുഹമ്മദ്: തൊഴിലിനെ കുറ്റം പറയുന്നത് ശരിയല്ല. റഷ്യയിലെ സർവ്വാധിപതിയായിരുന്ന ജോസഫ് സ്റ്റാലിൻ ഒരു ചെരുപ്പുകുത്തിയായിരുന്നു എന്നുള്ള കാര്യം മറക്കുകയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: അദ്ദേഹത്തെപ്പോലുള്ള ആളുകളെ അറിയില്ലല്ലോ. അതൊക്കെ അറിയാൻ വായിക്കുകയും പഠിക്കുകയും ഒക്കെ വേണം. .....(ബഹളം).....എൽ.ഡി.എഫ്. എന്നുള്ള ഒരു വിഭാഗമാണ് ഇവിടെ സമരം നടത്തുന്നത് എന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ ഉന്നയിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല, അതിൽ എനിക്ക് ദുഃഖമുണ്ട്. അവർ പറഞ്ഞ കാര്യങ്ങളിൽ ഞാൻ ചില തീരുമാനങ്ങൾ പറയുകയാണ്. അവരുടെ പദ്ധതി സമർപ്പണത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് ജൂലൈ 12 വരേയും, ബ്ലോക്ക്-മുനിസിപ്പാലിറ്റികൾക്ക് ജൂലൈ 17 വരെയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും ജൂലൈ 20 വരേയുമാണ് സമയം അനുവദിച്ചിരിക്കുന്നത്. അത് നീട്ടിത്തരണമെന്നതാണ് അവരുടെ ആവശ്യം. തീർച്ചയായും ജനപ്രതിനിധികൾ മാത്രമല്ല ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ പ്രതിനിധികളിൽ ചിലർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽത്തന്നെ പദ്ധതി സമർപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ 26-ാം തീയതിയും ബ്ലോക്ക് പഞ്ചായത്തുകൾ 31-ാം തീയതിയും ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവയുടേത് ആഗസ്റ്റ് മൂന്നാം തീയതിയുമായി പുതുക്കി നിശ്ചയിക്കുന്നതായി ഞാൻ അറിയിക്കുകയാണ്. ഡി.പി.സി. അംഗീകരിച്ച പദ്ധതികൾ ഡി.പി.സി. അംഗീകരിക്കേണ്ട ദിവസം ജൂലൈ-20 എന്നുള്ളത് ആഗസ്റ്റ് 15-ഉം, ജൂലൈ-27 എന്നുള്ളത് ഓഗസ്റ്റ് 10-ഉം, ജൂലൈ-31 എന്നുള്ളത് ആഗസ്റ്റ് 13-ഉം ആക്കി മാറ്റിയിരിക്കയാണ്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം സമരക്കാർ ഉന്നയിച്ചത് ഞാൻ മനസ്സിലാക്കുന്നത് 31-3-2004-ന് മുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ നല്കിയ ചെക്കുകൾ മാറിക്കിട്ടുന്നില്ല എന്നുള്ള പരാതിയാണ്. ഈ ഗവൺമെന്റ് വന്നശേഷം, അല്ലെങ്കിൽ ഈ വർഷം ആരംഭിച്ച ശേഷം ഈ മൂന്നു മാസം അവസാനിക്കുന്ന സമയത്ത് മാത്രമാണ് ഏതാനും ചെക്കുകൾ മാറികിട്ടിയിട്ടില്ല എന്ന പരാതിയുള്ളത്. ഇതുവരെ ഇങ്ങനെയുള്ള പരാതികൾ ഉണ്ടായിട്ടില്ല. ട്രഷറികളിൽ സാധാരണ ബാൻ ഉണ്ടാകും. അത് സ്വാഭാവികമാണ്. വേയ്സ് ആന്റ് മീൻസിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായ നടപടിക്രമങ്ങളാണത്. പക്ഷേ പണ്ട് ഉണ്ടായിരുന്നതുപോലെ മാസക്കണക്കിന് ട്രഷറി ബാൻ ഇപ്പോഴില്ല എന്നുള്ളത് കേരളത്തിലെ ജനങ്ങൾ മനസിലാക്കിയിട്ടുണ്ടെന്ന് ഞാൻ പ്രത്യേകം അറിയിക്കേണ്ട ആവശ്യമില്ല. തദ്ദേശ സ്വയംഭരണ സർക്കാരുകൾ കഴിഞ്ഞ സാമ്പത്തിക വർഷം 31-3-2004 വരെ കൊടുത്ത ചെക്കുകളിൽ ഭൂരിഭാഗവും ഇതിനകം മാറിയിട്ടുണ്ട്. പ്ലാൻ പി.ഡി. അക്കൗണ്ടിൽ 31-3-2004-ൽ

***ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ചെലവാകാതെ വന്ന തുക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ സറണ്ടർ ചെയ്യുന്നതിന് മുമ്പ് കൊടുത്ത ചെക്കുകൾ മാറുന്നതിന് യാതൊരുവിധ തടസവുമില്ല. 31-3-2004-ലെ ഏതെങ്കിലും ചെക്ക് ഇനിയും മാറാതെയുണ്ടെങ്കിൽ അത്തരം ചെക്കുകൾ മാറുന്നതിന് ഈ മാസം പുറപ്പെടുവിക്കുന്ന പൊതു ഇളവുകളിൽ ഉൾപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. മറ്റൊരു കാര്യം ഈ സമരം നടത്തുന്ന ആളുകൾ ഉന്നയിക്കുന്നത് നബാർഡിന്റെ ഫണ്ടിനെക്കുറിച്ചാണ്. 250 കോടി രൂപയാണ് നബാർഡ് നൽകുന്നത്. അതിൽ 100 കോടി രൂപ സർക്കാർ മേഖലയിലും 150 കോടി രൂപ എൽ.എസ്.ജി.ഐ.എസ്.-ൽ നിന്നുമാണുള്ളത്. 75 കോടി ഉറുപ്പിക ജില്ലാ പഞ്ചായത്ത്, 75 കോടി ഉറുപ്പിക ബ്ലോക്ക് പഞ്ചായത്ത്. ഇത് പകുതിയാക്കി കുറച്ച് 37.5 കോടി രൂപയും 37.5 കോടി രൂപയുമാക്കി 75 കോടി രൂപ സംസ്ഥാന മേഖലയിലേയ്ക്ക് മാറ്റാൻ ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ട്. അത് അംഗീകരിക്കും എന്നാണ് വിശ്വസിക്കുന്നത്. അടിയന്തിരമായി അതിനാവശ്യമായ കാര്യങ്ങളിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ടി.എസ്.പി. ഫണ്ടിനെക്കുറിച്ചാണ് സമരക്കാർ ഉന്നയിച്ചിരിക്കുന്ന മറ്റൊരു ആവശ്യം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിന്ന് 2001-2002-ൽ എടുത്തുമാറ്റിയ ട്രൈബൽ സബ് പ്ലാൻ ഫണ്ട് 2003-2004-ൽ അവർക്ക് തിരിച്ചുകൊടുത്തിട്ടുണ്ട്. അതനുസരിച്ച് അതാതു സ്ഥലത്തെ ഊരുകൂട്ടങ്ങളുമായി ആലോചിച്ച് ഉചിതമായ പ്രോജക്ടുകൾ തയ്യാറാക്കാനായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകിയ നിർദ്ദേശം. എന്നാൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മറ്റ് മേഖലകളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനെക്കാൾ കൂടുതൽ സമയം ആവശ്യമായിവന്നു. തൻമൂലം അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടായി. വയനാട്, അട്ടപ്പാടി മേഖലകളിൽ അടുത്ത കാലത്തുണ്ടായ രൂക്ഷമായ വരൾച്ചയും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തി. ആ കാലതാമസം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികമായി അനുവദിച്ച ടി.എസ്.പി. ഫണ്ട് 10.62 കോടി രൂപ ലാപ്സാകാൻ ഇടവരുത്തിയത്. പട്ടികവർഗ്ഗ വിഭാഗക്കാർക്കു വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളെ വളരെ ദോഷകരമായി ബാധിക്കും. ഇത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രതിഷേധത്തിന് ഇടയാക്കും. ഈ സാഹചര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു ചേർക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടിരിക്കയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യും എന്ന് വിശ്വസിക്കുന്നു. പണം തിരിച്ചുപിടിച്ചത് സംബന്ധിച്ച് ഇവിടെ വളരെ കോലാഹലങ്ങൾ നടന്നു. പണം എങ്ങനെ കൊടുത്തു എന്നത് സംബന്ധിച്ചും തിരിച്ചുപിടിച്ചതിന്റെ കണക്കുകൾ പറഞ്ഞപ്പോൾ ഞാൻ തന്നെ അത്ഭുതപ്പെട്ടുപോയി. 1997-98 മുതൽ 9-7-2003 വരെ ചെലവാകാത്ത കാരണത്താൽ പഞ്ചായത്തുകൾ കണക്കെഴുതി വയ്ക്കുകയും പണമില്ലാതിരിക്കുകയും ചെയ്തിരുന്ന ഫണ്ടാണ് ഫ്രീസ് ചെയ്തത്. ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നില്ല എന്നുള്ളതാണ് സത്യം. പക്ഷേ കണക്കുകൾ എഴുതി വച്ചിരുന്നു. ഇതിൽ 745 കോടി രൂപയാണ് അങ്ങനെ ഫ്രീസ് ചെയ്തത്. ഫ്രീസ് ചെയ്ത ഫണ്ടിൽ നിന്ന് ശ്രീ. എം. വി. ജയരാജൻ നേരത്തെ സൂചിപ്പിച്ച അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ അവാർഡ് തുകയടക്കം തിരിച്ചു നൽകുമെന്ന് 9-7-2003-ൽ ധനകാര്യ വകുപ്പിറക്കിയ ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ഓർഡർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ദിവസങ്ങൾക്കകം എത്തിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് 200 കോടിയോളം രൂപ തിരിച്ചുനൽകിയിട്ടുണ്ട്. പലരും സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരിച്ചുനൽകാൻവേണ്ടി തീരുമാനിച്ച പണത്തിൽ നിന്നാണ് 200 കോടി രൂപ അനുവദിച്ചത്. ഞങ്ങളുടെ കുറ്റം കൊണ്ടല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവ് മനസിലാക്കി അത് പഠിച്ച് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അത് നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. ഗവൺമെന്റിന്റെ യാതൊരുവിധ തകരാറുംകൊണ്ടല്ല ഇല്ലാതെപോയത്. അഞ്ചരക്കണ്ടി പഞ്ചായത്തിന്റെ കാര്യം പരിശോധിക്കാൻ ആവശ്യമായ നിർദ്ദേശം തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. 745 കോടി രൂപയാണ് അന്ന് ഫ്രീസ് ചെയ്തത്. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും എല്ലാവരുടേയും ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി 335 കോടി രൂപയുടെ പദ്ധതി പണത്തോടൊപ്പം നൽകുന്നതിന് തീരുമാനിക്കുകയാണ്. അങ്ങനെ 745 കോടി രൂപയിൽ 335 കോടി രൂപ പദ്ധതിക്ക് പുറമേ നൽകുകയും 200 കോടി ഉറുപ്പിക പദ്ധതിയേതര പണം തിരിച്ചു നൽകുകയും ചെയ്തപ്പോൾ 535 കോടി രൂപയായി. പിന്നെ 850 കോടി രൂപ തിരിച്ചെടുത്തു എന്നു പറയുന്നതിൽ അർത്ഥമില്ല. അതിന്റെ ഡിഫറൻസ് 210 കോടി രൂപ മാത്രമാണ്. കൃത്യമായ കണക്കാണ് പറഞ്ഞത്. അത് ഫ്രീസ് ചെയ്യുകയായിരുന്നു. ചെലവാകാതെ കിടന്ന തുകയാണിത്. 31-3-2004-ൽ സ്പിൽ ഓവർ വർക്ക് അനുവദിക്കില്ല എന്ന് നേരത്തെ പറഞ്ഞിരുന്നു. ഈ സ്പിൽ ഓവർ വർക്ക് അനുവദിക്കില്ല എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 2003 ഏപ്രിൽ മാസം മുതൽ കേരളത്തിൽ എല്ലാ ജില്ലകളിലും നടത്തിയ റിവ്യൂ യോഗങ്ങളിൽ വളരെ വ്യക്തമായി സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി—സാമ്പത്തിക അച്ചടക്കം കുറേക്കാലമായി ഉണ്ടായിരുന്നില്ല എന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. 2004 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേയ്ക്ക് നൽകിയിട്ടുള്ള മുഴുവൻ പണവും മാർച്ച് 31-ന് മുമ്പായി ചെലവാക്കിയിരിക്കണം, അത് അഡ്വാൻസായി നൽകാൻ പാടില്ല എന്ന വ്യക്തമായ നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികളും നടപ്പിലാക്കി. ആ പദ്ധതികളുടെ പ്രവർത്തനം വേണ്ടത്ര പുരോഗമിക്കാത്തതുകൊണ്ട് പല പഞ്ചായത്തിലും 100 ശതമാനം ആക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് 31-3-2004-ൽ ചെക്ക് വിതരണം ചെയ്യാൻ 185.53 കോടി രൂപ തിരിച്ചെടുക്കുകയായിരുന്നു. തുക ലാപ്സാകുന്നത് സംബന്ധിച്ച് പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രം എങ്ങനെയാണ് 31-3-2004-ൽ

LIBRARY ARCHIVES Kerala Legislative Assembly

ലാപ്സാകുന്നത്? കേരളത്തെ അറിഞ്ഞുകൂടാത്തതുകൊണ്ടോ, കേരളത്തിലെ നടപടിക്രമങ്ങളെക്കുറിച്ച് അറിയാത്തതുകൊണ്ടോ ആണ് അങ്ങനെ പറഞ്ഞത്. മാർച്ച് 31-ന് ചെലവാക്കാത്ത എല്ലാ വകുപ്പുകളുടേയും എല്ലാ പദ്ധതികളുടേയും പണം ലാപ്സാകും എന്നുള്ളത് വളരെ വ്യക്തമാണ്. അത് മനസിലാക്കേണ്ടതായിട്ടുണ്ട്. 2003-2004 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ 88.99 ശതമാനവും ബ്ലോക്ക് പഞ്ചായത്തിൽ 92.16 ശതമാനവും ഡിസ്ട്രിക്ട് പഞ്ചായത്തിൽ 81.17 ശതമാനവും മുനിസിപ്പാലിറ്റികളിൽ 89.25 ശതമാനവും കോർപ്പറേഷനുകളിൽ 71.98 ശതമാനവും പണം ചെലവാക്കിയിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പണം നൽകുകയും ഏറ്റവും കൂടുതൽ പണം കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുംവേണ്ടി വിനിയോഗിക്കുകയും ചെയ്തിട്ടുള്ളത് 2003-2004 വർഷമാണ് എന്നുള്ളത് പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. പി. സി. ജോർജ്ജ് : ഈ ഗവൺമെന്റിന്റെകാലത്ത് കുറേ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുകയും അടുത്ത ഗവൺമെന്റ് വന്നപ്പോൾ ആ മുനിസിപ്പാലിറ്റികളെ തിരികെ പഞ്ചായത്തുകളാക്കുകയും ചെയ്തു. അങ്ങനെ ഗതികേടു പറ്റിയ ഒരു പഞ്ചായത്താണ് എന്റെ പഞ്ചായത്തായ ഈരാറ്റുപേട്ട. അവിടെ മുനിസിപ്പാലിറ്റിയാക്കി മാറ്റിയപ്പോൾ മുനിസിപ്പാലിറ്റി നിയമമനുസരിച്ചുള്ള ടാക്സ് ഏർപ്പെടുത്തി. തിരികെ അത് പഞ്ചായത്താക്കി മാറ്റി, പക്ഷേ ഇപ്പോഴും ആ ടാക്സ് തന്നെ തുടരുകയാണ്. അങ്ങനെയുള്ള കുറെയേറെ പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ പഞ്ചായത്തുകളെപ്പറ്റി ഗവൺമെന്റ് എന്തു തീരുമാനമാണ് എടുക്കുന്നത്?

ശ്രീ. ചെർക്കളം അബ്ദുള്ള : അത്തരത്തിലുള്ള അപേക്ഷ കിട്ടിയതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ ഗവൺമെന്റ് എടുത്തുകഴിഞ്ഞശേഷം അടുത്ത സെപ്റ്റംബർ മാസത്തിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് സംബന്ധിച്ച ആദ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു; അത് തുടരുകയാണ്. അത് സംബന്ധിച്ച് കാര്യങ്ങളുടെ പൂർണ്ണമായ വിവരം ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. കെ. ബാലൻ : തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഗവൺമെന്റ് നിയമിച്ച രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടും എന്തുകൊണ്ടാണ് ഇതുവരെ അതിലൊരു തീരുമാനം എടുക്കാതിരുന്നത്?

ശ്രീ. ചെർക്കളം അബ്ദുള്ള: രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകൾ മിക്കതും അംഗീകരിച്ചുകഴിഞ്ഞിരിക്കയാണ്. ഏതാനും ചില കാര്യത്തിൽ മാത്രമേ തീരുമാനം എടുക്കാനുള്ളൂ. ഏതാനും ദിവസങ്ങൾക്കകം അതിൽ തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതാണ്. 2003-2004-ൽ പദ്ധതി വിഹിതത്തിന് പുറമേയുള്ള വിഹിതം വെട്ടിക്കുറച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം അവതാളത്തിലാക്കി എന്നു പറയുന്നവർ മനസ്സിലാക്കണം, ഗ്രാമപഞ്ചായത്തുകൾക്ക് 149.6 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 60 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 2.8 കോടി രൂപയും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക് 19.7 കോടി രൂപയും ഉൾപ്പെടെ 232.10 കോടി രൂപ പദ്ധതിയേതര വിഹിതമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2003-2004-ൽ നൽകിയിട്ടുണ്ട്. ഇതൊക്കെ മനസ്സിലാക്കാതെയാണ് ഇവിടെ വന്ന് ഓരോന്ന് പറയുന്നത്. മറ്റ് പല കാര്യങ്ങളെ സംബന്ധിച്ചും മറുപടി പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. അക്കൗണ്ടബിലിറ്റി ശാസ്ത്രീയമാക്കണമെന്ന് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പറഞ്ഞത് വളരെ സന്തോഷമുള്ള കാര്യമാണ്. അക്കൗണ്ടബിലിറ്റിയെ സംബന്ധിച്ചായിരുന്നു ഏറ്റവും വലിയ പോരായ്മയുണ്ടായിരുന്നത്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടിയും, അക്കൗണ്ടബിലിറ്റി ശക്തമാക്കുന്നതിനുവേണ്ടിയുമുള്ള നടപടികൾ പൂർണ്ണമായി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പിന്നെ ഇവിടെ പറഞ്ഞത് കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ചാണ്. അതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കകം അത് സംബന്ധിച്ച ടെന്റർ വരും. ടെന്റർ വരുന്നതിനുമുമ്പ് അഴിമതി മാത്രമേ കാണുന്നുള്ളൂ എന്ന് സൂചിപ്പിച്ചവർ എന്തുമാത്രം ഈ കാര്യത്തെക്കുറിച്ച് അറിയാത്തവരാണെന്ന് മനസ്സിലായിട്ടുണ്ട്. സ്ഥലംമാറ്റത്തെക്കുറിച്ച് പറയട്ടെ. സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങളുണ്ട്. അതനുസരിച്ചുതന്നെയാണ് നടക്കുന്നത്. മാനദണ്ഡത്തിനുവിരുദ്ധമായി സ്ഥലം മാറ്റാറില്ല. സ്ഥലം മാറ്റം സംബന്ധിച്ച്.....

ശ്രീ. കളത്തിൽ അബ്ദുള്ള: 1996-ൽ യു.ഡി.എഫ്. കേരളം ഭരിച്ചപ്പോൾ കേരളത്തിലെ നിരവധി പഞ്ചായത്തുകൾ വിഭജിച്ചിരുന്നു. പിന്നീട് കോടതിയിൽ പോയി സ്റ്റേ വാങ്ങി. പക്ഷെ, കഴിഞ്ഞ ഗവണ്മെന്റിന്റെകാലത്ത് ഒരു നടപടിയുമെടുത്തില്ല. വിഭജിച്ച പഞ്ചായത്തുകളെ പഴയപടിയാക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള : അത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. അപേക്ഷ കിട്ടിയതുമുഴുവൻ പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : ഇവിടെ സഭയിൽ ഉന്നയിക്കപ്പെട്ടതും സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ പറഞ്ഞതുമായ പരാതി, രാഷ്ട്രീയമായ താൽപ്പര്യത്തിന്റെ പേരിൽ ഭരണം പിടിക്കാൻവേണ്ടി കോടിയേരി പഞ്ചായത്ത് കൂട്ടിച്ചേർത്ത് തലശ്ശേരി മുനിസിപ്പാലിറ്റിയാക്കാൻ ശ്രമിച്ചു എന്നാണ്. ഭരണഘടന ലംഘിച്ച ഇങ്ങനെയുള്ള നടപടികൾ പുനഃപരിശോധിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: വളരെ വ്യക്തമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : അങ്ങ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പലതും അവർക്ക് തനതായി ഗ്രാമസഭയിലും സെമിനാറുകളിലും പദ്ധതികൾ തയ്യാറാക്കാൻ കഴിയാത്ത വിധത്തിലുള്ളതാണ്. അത് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇപ്പോൾ കൊടുത്ത തുകയുടെ മുപ്പത്, നാൽപ്പത് ശതമാനംവരെ ഗവണ്മെന്റുതന്നെ ഇന്നയിന്ന പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് പറയുകയാണ്. അതിന്റെ ഫലമായി ഗ്രാമസഭകൾ തയ്യാറാക്കുന്ന പദ്ധതി അവർക്ക് നടപ്പിലാക്കാൻ കഴിയുന്നില്ല. അത് പരിഹരിക്കാൻ ഉത്തരവ് മോഡിഫൈ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: കുറെ വർഷത്തെ ഭരണത്തിന്റെ തുടർച്ചയായാണ് ഇങ്ങനെ സംഭവിച്ചത്. ഈ തുടർച്ചയിൽ ഞങ്ങളത് ആവർത്തിക്കുകയില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് തികഞ്ഞ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിക്കൊണ്ടുള്ള കാര്യങ്ങൾക്ക് സുതാര്യവും കാര്യക്ഷമവുമായ സമീപനം ഇവിടെ വേണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചില നിബന്ധനകളും ഗൈഡ്‌ലൈൻസിന് ആവശ്യമായ ചില നിർദ്ദേശങ്ങളുമൊക്കെ നൽകിയിട്ടുള്ളത്. ഞാൻ സ്ഥലംമാറ്റത്തെക്കുറിച്ചാണ് പറയുന്നത്. സ്ഥലംമാറ്റം ആവശ്യമാണ്. ഭരണപരമായ സൗകര്യങ്ങൾക്ക് ഇത് ആവശ്യമാണ്. അപ്പുറത്തുള്ള പലരും ഈ മാറ്റത്തിൽവരുന്നവരാണ്. ഇന്നും ഇന്നലേയുമൊക്കെ ഈ മാറ്റം അനിവാര്യ മാണെന്ന് പറഞ്ഞിട്ടുള്ളവരാണ്. ഇതൊക്കെ എല്ലായിടത്തുമുണ്ട്. സ്വാഭാവികമാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെകാലത്ത് ഞങ്ങളുടെ നാട്ടിലെ ഒരു ഉദ്യോഗസ്ഥനെ മൂന്ന് വർഷത്തിനിടയിൽ 13 പ്രാവശ്യം സ്ഥലംമാറ്റി. അത്തരത്തിലുള്ള സ്ഥലംമാറ്റങ്ങൾ ഞങ്ങൾ നടത്തിയിട്ടില്ല എന്നുള്ളത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച ടെണ്ടറിന്റെ കാര്യം ഇവിടെ പലരും പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പി.ഡബ്ല്യൂ.ഡി. റേറ്റ് അനുസരിച്ച് മാത്രമാണ് ടെണ്ടർ നടത്തുന്നത്. പഴയ കാലങ്ങളിൽ ഉണ്ടായിരുന്നത് ലോക്കൽ റേറ്റ് എന്നുള്ള പേരിൽ എഞ്ചിനിയർമാരെക്കൊണ്ട് പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കുകവഴി ലക്ഷക്കണക്കിനും കോടിക്കണക്കിനും രൂപ കൊള്ളയടിക്കുക യായിരുന്നു. അത് മാറ്റിയെടുക്കാനാവശ്യമായ നടപടികൾ എന്നുള്ള നിലയ്ക്ക് പി.ഡബ്ല്യൂ.ഡി. 1999-ലെ ഷെഡ്യൂൾ റേറ്റ് ആസ്പദമാക്കിക്കൊണ്ടുള്ള എസ്റ്റിമേറ്റുണ്ടാക്കി. അതിനുപുറമേ 10 ശതമാനം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് കൊടുത്ത് ടെന്റർ വിളിക്കാനാവശ്യമായ നിർദ്ദേശമാണ് നൽകിയത്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വന്നാൽ above the estimate rate quote ചെയ്ത് കെട്ടിടങ്ങൾക്കും ബ്രിഡ്ജസിനും ഏഴരശതമാനം above estimate കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. നാരായണൻ : എസ്റ്റിമേറ്റ് റേറ്റിൽത്തന്നെയല്ലേ 10 ശതമാനം ഇൻക്ലൂഡ് ചെയ്തിരിക്കുന്നത്? അതുകൊണ്ടുതന്നെയാണ് ഈ വർക്കുകളെല്ലാം

നടപ്പാക്കാനുള്ള ബുദ്ധിമുട്ടുള്ളത്. ഈ എസ്റ്റിമേറ്റ് റേറ്റ് കൂടാതെ അതിന്റെ conveyance കൂടി കൊടുത്തുവെങ്കിൽ മാത്രമേ ഈ വർക്ക് ചെയ്യാൻ നിർവ്വാഹമുള്ളൂ. അതിന് ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള : എസ്റ്റിമേറ്റ് റേറ്റിനുപുറമേ 10 ശതമാനം കോൺട്രാക്ടേഴ്സ് പ്രോഫിറ്റടക്കമുള്ള എമൗണ്ടിനാണ് ടെന്റർ ചെയ്യുന്നത്. ആ ടെന്റർ ഏഴര ശതമാനം കെട്ടിടങ്ങൾക്കും പാലങ്ങൾക്കും അധികം നൽകുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതിന് അധികാരം നൽകിയിട്ടുണ്ട്. ഇവിടെ Environment planning വേണമെന്ന ആവശ്യം ഉന്നയിച്ചു. അത് ആവശ്യമാണ്. തീർച്ചയായും അത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ആ അഴുക്കുചാൽ പദ്ധതി സംസ്ഥാനത്ത് പലയിടത്തുമില്ല. ഇപ്പോൾ എ.ഡി.ബി.-യുടെ സഹായത്തോടുകൂടി 1250 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിലെ 5 കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന കാര്യം കൺസൾട്ടൻസി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ അഴുക്കുചാൽ പദ്ധതിക്ക് കൂടുതൽ പരിഗണന നൽകാൻ ഗവണ്മെന്റ് ശ്രദ്ധിക്കും. ചേരി നിർമ്മാർജ്ജനത്തിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. ഇവിടെ ശ്രീ. വിജയകുമാർ സൂചിപ്പിച്ച ചെങ്കൽച്ചൂള ചേരി നിർമ്മാർജ്ജന പദ്ധതിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1979-ൽ ആരംഭിച്ച പദ്ധതിയാണത്. ഈ സാമ്പത്തിക വർഷം, മാർച്ച് 31-നു മുമ്പ് ചെങ്കൽച്ചൂള പദ്ധതി പൂർണ്ണമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 1980-ൽ ചേരിപദ്ധതിയിൽപ്പെടുത്തി സ്ഥാപിച്ച പദ്ധതിയാണ് തലശ്ശേരിയിലുള്ള ചേരി നിർമ്മാർജ്ജന പദ്ധതി. അതിപ്പോൾ ആകെ പൊളിഞ്ഞ് തകരാറിലാണ്. അത് പുനരുദ്ധരിപ്പിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ബഹുമാനപ്പെട്ട മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച് യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടിയന്തിരമായി ആവശ്യമായ നടപടി സ്വീകരിക്കാം. ഈ മാസംതന്നെ അല്ലെങ്കിൽ അസംബ്ളി കഴിഞ്ഞാലുടൻ യോഗം വിളിച്ച് ചേർക്കണമെന്നാണ് വിചാരിക്കുന്നത്. ഇവിടെ ഹൗസിംഗ് സ്കീമിനെക്കുറിച്ച് പറഞ്ഞു. പണ്ട് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കണമെന്ന് ഞാനും ഉദ്ദേശിച്ചതായിരുന്നു. പിന്നീടാണ് അതിന്റെ ഗൗരവത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞത്. ഞങ്ങൾക്ക് എവിടേയും ഒരു പരിപാടിക്ക് പോകാൻപോലും കഴിയുന്നില്ല. ആ രീതിയിൽ എല്ലാപേരും ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. അത് മാറ്റിയെടുക്കാൻ ഞങ്ങൾ.....തിരുവനന്തപുരം തണൽ പദ്ധതി മാറ്റിയെടുക്കാത്തതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതോടൊപ്പം ആരംഭിച്ച എറണാകുളം ഭവന നിർമ്മാണപദ്ധതി മാറ്റിയെടുക്കാൻ പഞ്ചായത്ത് പ്രസിഡന്റിന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും പ്രതിനിധികളുടെയും കൂട്ടായ ശ്രമത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. അത് ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഹഡ്കോയിൽ നിന്നും വീണ്ടും വായ്പ വാങ്ങുന്നതിന് ആവശ്യമായ നടപടി എറണാകുളം ജില്ലാ പഞ്ചായത്ത് സ്വീകരിച്ചു. നമ്മുടെ സംസ്ഥാനത്ത് ഭവനശ്രീ എന്നൊരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഭവനശ്രീ കൊല്ലം ജില്ലയിൽ ആരംഭിച്ചു. 40,000 രൂപ ഏഴര ശതമാനം നിരക്കിൽ ലോൺ നൽകുന്ന ഏറ്റവും പുതിയ ഒരു പദ്ധതിയാണത്. ഒരു മാസത്തിൽ 469 രൂപ അടച്ച്തീർത്താൽ മതി. കേരളത്തിലെ 14 ജില്ലകളിലും ഈ വർഷംതന്നെ ഈ പദ്ധതി നടപ്പിലാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുകയാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളെ ഉദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്ത്രാജ് സംവിധാനം രാഷ്ട്രീയ മുക്തമാക്കി എന്നുള്ളത് ഇവിടെ പലരും സൂചിപ്പിച്ചു. സന്തോഷമുണ്ട്. കേരള വികസന പദ്ധതി കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് ഉയർത്തിയ മുദ്രാവാക്യം വികസനത്തിൽ രാഷ്ട്രീയം വേണ്ട എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: ശുദ്ധജല പദ്ധതിക്കുള്ള വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കടമൊക്കെ വാങ്ങിയിട്ടാണ്. പഞ്ചായത്തിൽ നിന്നും അത് അടയ്ക്കാനുള്ള അനുമതി കൊടുക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള : പല പഞ്ചായത്തുകൾക്കും ആവശ്യമായ അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പദ്ധതികൂടി പരിശോധിക്കുന്നതാണ്. അക്ഷയ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കിയാൽ മതിയെന്നുള്ള ഒരു നിർദ്ദേശമുണ്ടായി. ബഹുമാനപ്പെട്ട ഐ.ടി. വികസന വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്. ഇനി പുനർവിന്യാസത്തിന്റെ കാര്യം. പുനർവിന്യാസത്തിൽ രണ്ട് പഞ്ചായത്തുകൾക്ക് ഒരു എ.ഇ.-യും ഒരു പഞ്ചായത്തിന് ഒരു സൂപ്പർവൈസറും എന്ന നിലയിൽ തന്നെയാണുള്ളത്. ഇനിയും അൽപ്പം നിയമനം നടത്താനുണ്ട്. വാട്ടർ റിസോഴ്സസ് വകുപ്പിൽ നിന്ന് ആവശ്യമായ എൻജിനീയർമാരെ കിട്ടും. അതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങളുടെ പെൻഷൻ പദ്ധതിയുടെ പ്രശ്നം വളരെ ഗൗരവമായി ശ്രീ. വാഹീദ് ഉന്നയിച്ചു. സാമ്പത്തികമായ പ്രയാസമുള്ള ഒരു സംസ്ഥാനത്ത് ഇത് പ്രായോഗികമാണോ എന്നുള്ളത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുസംബന്ധിച്ച് ഒരു കമ്മിറ്റിയെ വച്ചുകൊണ്ട് അന്വേഷിക്കാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കും.

ശ്രീ. കെ. സി. വേണുഗോപാൽ: നിലവിലുള്ള പഞ്ചായത്ത് മെമ്പർമാരുടേയും കൗൺസിലർമാരുടേയും ഓണറേറിയം വർദ്ധിപ്പിക്കാനാവശ്യമായ നടപടിയെന്താണ്?

ശ്രീ. ചെർക്കളം അബ്ദുള്ള : ഏതാനും കാര്യങ്ങൾ മാത്രം ഞാൻ പറയുകയാണ്. ഗവൺമെന്റ് ഇതുവരെയായി നൽകാതിരുന്ന വി.റ്റി.സി. ഗ്രാന്റുകൾ 96,16,00,000 രൂപ പതിനാല് ജില്ലയിലെ ഡെപ്യൂട്ടി കളക്ടർമാർക്കും ഡയറക്ടർമാർക്കും അയച്ചുകഴിഞ്ഞു. ഉടൻതന്നെ ട്രഷറിയിൽനിന്നും ഇത് മാറ്റിയെടുക്കുവാൻ കഴിയും. അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റൂറൽ പൂൾ ഗ്രാന്റായ 71,67,67,412 രൂപ നൽകുന്നതിന് ഇന്നുതന്നെ ഉത്തരവ് നൽകുന്നതാണ്. അതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകഴിഞ്ഞു. നിലവിലുള്ള പഞ്ചായത്ത് മെമ്പർമാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം കൃാബിനറ്റിന്റെ പരിഗണനയിലാണ്. അടിയന്തിരമായി അത് നടപ്പാക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്, ... പ്ളീസ്, ...

ശ്രീ. ചെർക്കളം അബ്ദുള്ള : കോർപ്പറേഷൻ മേയർമാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും മുനിസിപ്പൽ ചെയർമാൻമാർക്കും മൊബൈൽ ഫോൺ നൽകിക്കഴിഞ്ഞു. ബ്ളോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് റെസിഡൻഷ്യൽ ഫോൺ അടിയന്തിരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയാണ്. ബി.ഒ.റ്റി. അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യരംഗത്ത് വലിയ മാറ്റംവരുത്തിക്കൊണ്ടിരിക്കുകയാണ്. ഒട്ടനവധി പദ്ധതികൾക്ക് ഏതാണ്ട് മൂപം നൽകിക്കഴിഞ്ഞു. ക്ളീൻ കേരളാ പദ്ധതിയുമായി എല്ലാ അംഗങ്ങളും സഹകരിച്ച് സംസ്ഥാനത്ത് അടിയന്തിരമായി പദ്ധതി പൂർത്തിയാക്കി വിജയിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇങ്ങനെ നിയന്ത്രിക്കുകയെന്നത് വലിയ ബുദ്ധിമുട്ടാണ്. പിന്നീട് പരാതിയുംവരും.

ശ്രീ. ചെർക്കളം അബ്ദുള്ള : എ.ഡി.ബി.-യുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ അഞ്ച് കോർപ്പറേഷനുമായാണ് നടപ്പാക്കുന്നത്. അതിനു വേണ്ടി അഞ്ച് കോർപ്പറേഷനുകളുടെ തീരുമാനം നടപ്പാക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ ചില പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ആന്റ് കോമൺ ഫെസിലിറ്റി സെന്റർ ജില്ലാടിസ്ഥാനത്തിൽ ഉൾപ്പെടുത്തി, അക്ഷയ പദ്ധതി തുടങ്ങിയവയ്ക്കൊക്കെ കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുകിട്ടുന്ന മുറയ്ക്ക് സോളിഡ് വേസ്റ്റ് മാനേജുമെന്റ് അടക്കമുള്ള കാര്യങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കും. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഇവിടെ സഹകരണ രംഗത്തെപ്പറ്റിവന്ന നിർദ്ദേശങ്ങളേയും വിമർശനങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞകാലത്തോട്ട് തിരിഞ്ഞുനോക്കുമ്പോൾ സഹകരണ പ്രസ്ഥാനംവഴി കേരളത്തിൽ വരൾച്ചയെ തുടർന്നുള്ള കടക്കെണിയിൽപ്പെട്ട കർഷകരെ രക്ഷിക്കുവാൻ സമഗ്രമായ ചില പദ്ധതികൾ നടപ്പിൽവരുത്തിയിട്ടുണ്ട്. അത് അഭിമാനത്തോടുകൂടി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് ആയിരം കോടി രൂപ കൃത്യമായി പറഞ്ഞാൽ 954 കോടി രൂപ ഒൺടൈം സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്ക് പിരിച്ചെടുക്കുവാൻ കഴിഞ്ഞു. അതുപോലെതന്നെ 100 കോടിയോളം രൂപ കൃത്യമായി പറഞ്ഞാൽ 96 കോടിരൂപയുടെ (പലിശയും പിഴപ്പലിശയും ഉൾപ്പെടെ) കടക്കെണിയിൽപ്പെട്ടവർക്ക് അത്രയും രൂപ ഒഴിവാക്കിക്കൊടുക്കുവാൻ സാധിച്ചു. കടാശ്വാസ പദ്ധതി സംബന്ധിച്ച് 13.99 കോടി രൂപയാണ് കൊടുത്തത്. 50 കോടി രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നു. അതിൽ 6.70 കോടിരൂപയുടെ ഡിമാന്റുകൂടി ഉണ്ട്. ഇത് രണ്ടും ആയാൽ ഏതാണ്ട് 20 കോടി രൂപയാകും. ഇത് കൃഷിക്കാർക്ക് യഥാസമയം എത്തിക്കുവാൻ കഴിയാത്തത് നമ്മുടെ പ്രൈമറി സഹകരണ സംഘങ്ങൾ വേണ്ടത്ര സഹകരിക്കാത്തതുകൊണ്ടാണ്. എല്ലാ പുരോഗമനത്തെപ്പറ്റിയും പ്രസംഗിക്കുന്നവർ കാർഷിക കടം എടുത്തതിൽ ഇത്ര ആളുണ്ടെന്നും അവർക്ക് എത്ര എമൗണ്ട് വേണമെന്നുമുള്ള ഒരു ഡിമാന്റുപോലും കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന് കൊടുക്കുവാൻ തയ്യാറാകാത്തവരാണ് കൃഷിക്കുവേണ്ടി സംസാരിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് ഇങ്ങനെ വന്നത്. അതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം പലിശയിൽ നാല് ശതമാനത്തിന്റെ കുറവ് വരുത്തിയിട്ടുണ്ട്. കർഷകർക്കും നാട്ടുകാർക്കും കാർഷിക കടം എട്ടര ശതമാനത്തിന് കൊടുക്കുവാനാണ് ഗവൺമെന്റ് നിർദ്ദേശത്തോടുകൂടി സഹകരണ ബാങ്കുകൾ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ജില്ലാ ബാങ്കും സ്റ്റേറ്റ് ബാങ്കും നഷ്ടം സഹിച്ചാണ് പ്രൈമറി ബാങ്ക് ഈ ചെറിയ തുകയുടെ പലിശയ്ക്ക് കൊടുക്കുന്നത്. ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കാണ് ഈ കാർഷിക വായ്പ കൊടുക്കുവാൻ തീരുമാനിച്ചത്. കടക്കെണിയിൽപ്പെട്ടിട്ടുള്ളവരുടെ ഹ്രസ്വകാല വായ്പ മധ്യകാല വായ്പയാക്കുകയാണ്. അങ്ങനെ വായ്പ മാറ്റുമ്പോൾ പലിശ എട്ടര ശതമാനമായി കുറയും. ഇപ്പോൾ പലിശ പന്ത്രണ്ടോ പത്തരയോ ശതമാനമാണ്. ആ രീതിയിൽ കർഷകരെ സംരക്ഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഓഹരി അനുപാതം ഒരു ശതമാനമായി കുറച്ചത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് അഞ്ച് ശതമാനമാക്കി. ഇപ്പോൾ ഞങ്ങൾ ഒന്നാക്കിക്കുറച്ചു. ഈ സഹകരണ പ്രസ്ഥാനങ്ങൾ എന്നുപറയുന്നത് പുരോഗമനം പ്രസംഗിക്കുകയും ബ്ലേഡ് കമ്പനികളാക്കി മാറ്റുകയും ചെയ്യുന്ന പ്രസ്ഥാനമല്ല എന്ന് എല്ലാപേരും മനസ്സിലാക്കുന്നത് നല്ലതാണ്. അതുപോലെ ഗഹാൻ പദ്ധതി, ദശാബ്ദങ്ങളായി ഈ രാജ്യത്തിലെ കൃഷിക്കാർ ആഗ്രഹിക്കുന്ന ഒരു പദ്ധതിയാണ്. ഡോക്യുമെന്റ് രജിസ്റ്റർ ചെയ്യുമ്പോൾ രണ്ട് ശതമാനവും ഡോക്യുമെന്റ് റിലീസ് ചെയ്യുമ്പോൾ രണ്ട് ശതമാനവും തുക കടം എടുക്കുന്നവർ കൊടുക്കണം. ശ്രീ. സി. എഫ്. തോമസ് മന്ത്രിയുടെ കണക്കനുസരിച്ച് ഗഹാൻ പദ്ധതി നടപ്പിൽവരുത്തിയാൽ ട്രഷറിയിൽ 100 കോടിരൂപയുടെ വരവ് കുറയും. അത്രയും വരവ് കുറഞ്ഞാലും അത് ഗവൺമെന്റ് നടപ്പിൽവരുത്തിയിരിക്കുകയാണ്. പ്രസിഡന്റിന്റെ അനുവാദം കിട്ടി. അത് ഇപ്പോൾ നടപ്പിൽവരാൻ പോവുകയാണ്. നാല് ശതമാനം രജിസ്ട്രേഷൻ ഫീസ് ഒഴിഞ്ഞുകിട്ടും. എന്നുമാത്രമല്ല രജിസ്ട്രേഷനുവേണ്ടി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സ്ഥിതിയുണ്ട്. അത് മാറും. പ്രൊഫഷണൽ കോളേജുകളെപ്പറ്റിയാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ ശക്തിയായി പറഞ്ഞത്. പരിയാരമാണല്ലോ നമ്മുടെ ലക്ഷ്യം പണ്ടേ അതിനുവേണ്ടിയാണല്ലോ പലരും ഇവിടെ നടന്നത്. അത് മുഴുവൻ അയവിറക്കുവാൻ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പരിയാരം ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ ഉണ്ടായ നഷ്ടത്തെപ്പറ്റി സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞ കാര്യം കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞത് 148 കോടി രൂപയുടെ ബാധ്യത പരിയാരം മെഡിക്കൽകോളേജ് ഗവൺമെന്റ് ഏറ്റെടുത്തതുകൊണ്ടുണ്ടായിയെന്നാണ്. അതടക്കം പത്തിരുന്നൂറ് കോടിരൂപയുടെ ബാധ്യതയുണ്ട്. ഗവൺമെന്റിന്റെ 50 കോടി രൂപയുണ്ട്. ശമ്പളം കൊടുക്കുവാനാണ്. കെട്ടിടം എടുത്തത് ഹഡ്കോയിൽനിന്ന് കടംവാങ്ങിയാണ്. അവിടെ ഡോക്ടർമാരും ജീവനക്കാരും പണിമുടക്കിയതുകൊണ്ട് രോഗികൾ അവിടെ കയറില്ലെന്ന ഒരു അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. പരിയാരം മെഡിക്കൽകോളേജ് നിങ്ങൾ ഏറ്റെടുത്തിട്ട് അഞ്ച് കൊല്ലം പഠിച്ച വിദ്യാർത്ഥികൾക്ക് ഒരു സർട്ടിഫിക്കറ്റുപോലും കൊടുക്കുവാൻ കഴിയാത്ത നാണംകെട്ട ഭരണമാണ് നിങ്ങൾ നടത്തിയത്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ സഹകരണ രംഗത്ത് ഇടപെട്ടാണ് ആ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൊടുത്തത്. എന്നിട്ട് പരിയാരത്തിന്റെ പേരിൽ എന്തൊക്കെയാണ് പറഞ്ഞത്? രാഘവന്റെ സ്വന്തം; പണ്ട് ശ്രീ. കരുണാകരന്റെ കൂടിയായിരുന്നു. ഇപ്പോൾ ശ്രീ. രാഘവന്റെയും എന്നല്ലേ പറഞ്ഞത്? പരിയാരം മെഡിക്കൽകോളേജിനെക്കുറിച്ച് ശ്രീ. ജയരാജനെപോലുള്ളവർ തോന്നിയത് പറയും. ബുദ്ധിമുട്ടൊന്നുമില്ല. പക്ഷേ എന്തെങ്കിലും അടിസ്ഥാനം വേണ്ടേ? പരിയാരം മെഡിക്കൽകോളേജിനെ സംബന്ധിച്ച് കേരള കൗമുദിയിൽ ഒരു വാർത്തവന്നു. അവർതന്നെ അത് നിഷേധിച്ചു. പരിയാരം മെഡിക്കൽകോളേജിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയവർക്ക് 12 ലക്ഷം രൂപ മുന്നുകൊല്ലത്തേയ്ക്ക് വാങ്ങി എന്നാണ്. അത് തെളിയിക്കാമോ? ഞാൻ ചലഞ്ച് ചെയ്യുകയാണ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവരിൽനിന്നും 12 ലക്ഷം രൂപ ഞങ്ങൾ വാങ്ങിയെന്ന് തെളിയിക്കാമോ? ആവേശംകൊണ്ട് എന്തെങ്കിലും വിവരക്കേട് വിളിച്ചുപറയുന്ന സ്ഥിതിവന്നിരിക്കുകയാണ്. മെറിറ്റ് സീറ്റിൽ നിന്നും ഞങ്ങൾ ഫീസ് വാങ്ങിയെന്ന് തെളിയിക്കാമോ?

ശ്രീ. പി. ജയരാജൻ : പരിയാരം മെഡിക്കൽകോളേജ് സഹകരണ മേഖലയിലാണെന്ന പ്രഖ്യാപനമുണ്ടോ?

ശ്രീ. എം. വി. രാഘവൻ : അതിരിക്കട്ടെ. ചോദ്യത്തിന് മറുപടി പറയൂ. അതിന് മറുപടി ഞാൻ പറയാം.

ശ്രീ. പി. ജയരാജൻ : മെറിറ്റ് സീറ്റിൽ 12 ലക്ഷംരൂപ വാങ്ങിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: തെളിയിക്കാമോ ഞാൻ ഈ സഭയിൽ ചലഞ്ച് ചെയ്യുകയാണ്. പരിയാരം മെഡിക്കൽകോളേജിൽ മെറിറ്റ് സീറ്റിനുവേണ്ടി തുക വാങ്ങിയെന്ന് തന്റേടമുണ്ടെങ്കിൽ തെളിയിക്കണം. മെറിറ്റ് സീറ്റിൽ ഞങ്ങൾ ഗവൺമെന്റ് ഫീസ് മാത്രമേ വാങ്ങിയിട്ടുള്ളൂ. ഇതിനെല്ലാം അവിടെ

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടുണ്ട്. പ്രൈവറ്റ് മാനേജുമെന്റ് വാങ്ങുന്നതുപോലെ ഇഷ്ടംപോലെ വാങ്ങുവാൻ സാധിക്കുകയില്ല. അക്കൗണ്ടുണ്ട്. കേരള കൗമുദി പ്രസിദ്ധീകരിച്ചതിൽ അക്കൗണ്ട് പറയുന്നുണ്ടല്ലോ? ഓരോ കൊല്ലത്തേയ്ക്ക് ഇത്ര എന്ന്. മെറിറ്റിന് എല്ലാ സീറ്റിലും വാങ്ങിയിട്ടുണ്ട്. .....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ : ഒന്ന് വഴങ്ങാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, ...മി. ജയരാജൻ, ...

ശ്രീ. എം. വി. രാഘവൻ : ഞാൻ പറഞ്ഞുതീരട്ടെ. വഴങ്ങാം. നിങ്ങൾ പറഞ്ഞത് ഞാൻ കേട്ടില്ലേ? ഞാൻ പറയുന്നത് കേട്ടിട്ട് ചോദ്യം ചോദിച്ചാൽമതി. മെറിറ്റ് സീറ്റിനെപ്പറ്റി ചോദിച്ചത് ശ്രീ. പി. ജയരാജനാണ് നിങ്ങൾ അതിന്റെ വക്കാലത്ത് എടുക്കണ്ട. ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, ...അദ്ദേഹം വഴങ്ങുന്നില്ല.....(ബഹളം).....

ശ്രീ. എം. വി. രാഘവൻ: പേമെന്റ് സീറ്റിനെപ്പറ്റിയാണ് കേരളകൗമുദിയിൽ വന്നത്. അദ്ദേഹം അത് മെറിറ്റ് സീറ്റാക്കി വ്യാഖ്യാനിച്ചതാണ്. പേമെന്റ് സീറ്റിനെപ്പറ്റി കേരളകൗമുദിയിൽ പറഞ്ഞത്, മൂന്നു കൊല്ലത്തേയ്ക്ക് 12 ലക്ഷം രൂപ വാങ്ങി എന്നാണ്. ഗവൺമെന്റ് ആദ്യം പറഞ്ഞ ഫീസിന് എതിരായിരുന്നു. ഗവൺമെന്റ് പറഞ്ഞ ഫീസിന്റെ ഡേറ്റ് 27-6-2002 ആണ്. ഗവൺമെന്റ് പറഞ്ഞ സംഗതി, 2002 ഒക്ടോബർ 31-ാം തീയതിയിലെ സുപ്രീംകോടതി വിധിയോടുകൂടി ഇല്ലാതായി. സുപ്രീംകോടതി ജഡ്ജ്മെന്റിൽ പറഞ്ഞതുപോലെ സർക്കാരിന് ഇഷ്ടംപോലെ ഫീസ് നിശ്ചയിക്കാൻ അവകാശമില്ല. രണ്ടാമത് ഓരോ സ്ഥാപനത്തിനും അവരവരുടെ ചെലവിനെ ആസ്പദമാക്കി ഫീസ് നിശ്ചയിക്കാം. അതുകൊണ്ട് സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ കഴിയണം. വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിയണം. കൂടാതെ ഭാവി പുരോഗമനത്തിനുവേണ്ടി ധനം സമാഹരിക്കണം. ഇതുവരെ നടത്തിയിട്ടുള്ള മുതൽമുടക്ക് കണക്കാക്കണം. അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും നൽകുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും പരിഗണിക്കണം. പക്ഷേ ലാഭേച്ഛയും ക്യാപ്പിറ്റൽ ഫീസും പാടില്ല. സുപ്രീംകോടതി ജഡ്ജ്മെന്റാണ്. സുപ്രീംകോടതി ജഡ്ജ്മെന്റ് വന്നപ്പോൾ ഗവൺമെന്റിന്റെ കാര്യം പോയി. 12 ലക്ഷം രൂപ മൂന്ന് വർഷത്തേയ്ക്ക് വാങ്ങിയിട്ടുണ്ട് എന്നാണു പറയുന്നത്. അതു മെറിറ്റ് സീറ്റിനല്ല, മാനേജ്മെന്റ് സീറ്റിനാണ്.....(ബഹളം).....മെറിറ്റ് സീറ്റിന്റെ കാര്യമാണ് നിങ്ങൾ പറഞ്ഞത്. ഞാൻ മറ്റൊരു കാര്യം പറയാം. ശ്രീ. ജയരാജൻ ചാരിറ്റബിൾ സൊസൈറ്റിയെക്കുറിച്ച് പറയുകയുണ്ടായി. ഇത് കുറേക്കാലമായി നിങ്ങൾ പറയുന്നു. ഇതൊന്നും കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഏശിയിട്ടില്ല. പരിയാരം മെഡിക്കൽകോളേജ് ചാരിറ്റബിൾ സൊസൈറ്റിയുടേതല്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പറയുന്നത്. മെഡിക്കൽകോളേജ് നടത്തുന്നത് ചാരിറ്റബിൾ സൊസൈറ്റിയാണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് അതിന്റെ സ്വത്തുക്കൾ. എന്തിനാണ് രണ്ടു സൊസൈറ്റി ഉണ്ടാക്കിയത്? പലപ്പോഴും ഞാൻ പറഞ്ഞിട്ടുണ്ട്, ചാരിറ്റബിൾ സൊസൈറ്റിയുണ്ടാക്കിയത് പ്രൊഫഷണൽ കോളേജുകൾ നടത്താൻ വേറെ മാർഗ്ഗമില്ലാത്തതുകൊണ്ടാണ് എന്ന്. നിങ്ങൾ ഉണ്ടാക്കിയല്ലോ? കോ-ഓപ്പറേറ്റീവ് മെഡിക്കൽകോളേജ് എന്നു പറഞ്ഞ് കൊച്ചിയിൽ നിങ്ങളുടെ ഭരണകാലത്ത് രൂപീകരിച്ചത് കോ-ഓപ്പറേറ്റീവ് മെഡിക്കൽകോളേജാണോ? അവിടെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ട് കോ-ഓപ്പറേറ്റീവ് എന്ന പേരു കൊടുത്തുകൊണ്ട് നാണം കെട്ട പണി നിങ്ങൾ നടത്തിയില്ലേ? ഞങ്ങൾ ആ പണി നടത്തിയിട്ടില്ല. നിങ്ങളുടെ മുഖ്യമന്ത്രി ചെയർമാനായിരിക്കുന്ന കമ്മിറ്റിയുടെ മിനിറ്റ്സുണ്ട്. 50,000 ഡോളർ വാങ്ങാമെന്ന് നിങ്ങളുടെ പഴയ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റി കൊച്ചി മെഡിക്കൽകോളേജിനെപ്പറ്റി എഴുതിവച്ചിട്ടുണ്ട്. അതുകൊണ്ട് ചാരിറ്റബിൾ എന്ന് രജിസ്റ്റർ ചെയ്തിട്ട് കോ-ഓപ്പറേറ്റീവ് എന്ന് പറയേണ്ട ഗതികേട് എനിക്കുണ്ടായിട്ടില്ല. മെഡിക്കൽകോളേജ് പ്രൊഫഷണൽ കോളേജായിട്ട് നടത്താനും അതിന്റെ അടിസ്ഥാനത്തിൽ ഫീസ് വാങ്ങാനും സാധിച്ചാലേ മെഡിക്കൽകോളേജ് നടത്താൻ കഴിയൂ എന്നതുകൊണ്ടാണ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് മെഡിക്കൽകോളേജ് നടത്താൻ പോകുന്നത്. സൊസൈറ്റി ചാരിറ്റബിളും ബാക്കി സ്വത്തുക്കൾ ആശുപത്രിയുണ്ടാക്കാൻ വേണ്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായിട്ട് രണ്ടു വേദിയുണ്ടാക്കിയതിനെ നിങ്ങൾ എതിർത്തു. എല്ലാ കലാപവും നടത്തിയിട്ട് അവസാനം കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിട്ട് ചാരിറ്റബിൾ സൊസൈറ്റി നടത്താൻ കൂട്ടുനിന്നു. എന്നിട്ട് അവിടെ എന്താണ് സ്ഥിതി? കൊടുത്ത 60 ഏക്കർ ഭൂമി തരിശാണ്. അതല്ലേ കൊച്ചിയിൽ ഉണ്ടായത്? അവിടെ എന്തെങ്കിലും ചെയ്തോ? ഈ ഗവൺമെന്റ് വന്നശേഷം കൊച്ചി മെഡിക്കൽകോളേജ് തലയുയർത്തി നിൽക്കുന്നുണ്ട്. കടം വാങ്ങിയാണെങ്കിലും കൊച്ചി മെഡിക്കൽകോളേജിന്റെ ബിൽഡിംഗ് 60 കോടി രൂപ മുടക്കി തയ്യാറാക്കിയിട്ടുണ്ട്. ഐ.എം.സി. അതിന് റെക്കമെന്റേഷൻ ചെയ്തു. ആ കാര്യം അഭിമാനത്തോടുകൂടി എനിക്കു പറയാൻ കഴിയും. അഞ്ച് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങി. അഞ്ച് എൻജിനീയറിംഗ് കോളേജിനും കെട്ടിടമുണ്ടാക്കിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണെന്ന കാര്യവും എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. അല്ലാതെ അതൊന്നും നിങ്ങളുടെ കാലത്തുണ്ടാക്കിയതല്ല. അതുകൊണ്ട് പ്രൊഫഷണൽ കോളേജിനെക്കുറിച്ച് അധികം പറയേണ്ട. വരാനിരിക്കുന്നതിന്റെ തുടക്കമാണിതെല്ലാം. ഇവരാകുമ്പോൾ ചാരിറ്റബിൾ രജിസ്റ്റർ ചെയ്താൽ കോ-ഓപ്പറേറ്റീവ് ആകും. ഇവിടെ സഹകരണ ജീവനക്കാരുടെ പെൻഷന്റെ കാര്യം പറഞ്ഞു. 1974 മുതലുള്ള ജീവനക്കാർക്ക് പെൻഷൻ ബാധകമാക്കി. ജില്ലാബാങ്കിലും സ്റ്റേറ്റ് ബാങ്കിലുമുള്ള ജീവനക്കാർക്ക് പെൻഷൻ കൊടുക്കുകയാണ്. അവരുടെ ശമ്പള പരിഷ്കരണത്തിന് തീരുമാനങ്ങൾ എടുക്കുകയാണ്. സഹകരണബാങ്കുകളുടെ പണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ ഫലമായിട്ട് നബാർഡ്

LIBRARY ARCHIVES Kerala Legislative Assembly

ലോൺ തരാതെ നിർത്തിവച്ചിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയും ഞാനും അവരെ കണ്ടു സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ലോൺ പുന:സ്ഥാപിക്കാൻ പറഞ്ഞിട്ടുണ്ട്. നബാർഡിന്റെ പണം കിട്ടുന്നതിനുമുമ്പ് കാർഷിക ലോൺ എട്ടര ശതമാനം പലിശയ്ക്ക് കൊടുക്കാൻ നമ്മൾ തീരുമാനിച്ചു. മറ്റൊരു കാര്യം പറയാനുള്ളത്, സഹകരണ ഇൻഷ്വറൻസിനെ പറ്റിയാണ്. മുമ്പുണ്ടായിരുന്ന ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയതാണ് സഹകരണ ഇൻഷ്വറൻസ്. അതു ഫംഗ്ഷൻ ചെയ്തില്ല, ഫംഗ്ഷൻ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇഫ്കോ-ടോക്യോയുടെ കൊളാബറേഷൻ ഉണ്ട്. ഇഫ്കോ ഇൻഡ്യയിൽ ഫെർട്ടിലൈസർ ഫാക്ടറി നടത്തുന്ന ഒരു സംഘമാണ്. വിദേശിയല്ല. ടോക്യോ ജപ്പാൻ കമ്പനിയാണ്. അവരുടെ കൊളാബറേഷനുമായി യോജിച്ചാണ് നടത്തുന്നത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വരൾച്ചമൂലം വിളനാശം സംഭവിച്ചവർക്ക് ഹ്രസ്വകാല വായ്പകൾ മധ്യകാല കാർഷിക വായ്പകളായും മധ്യകാല വായ്പകൾ പ്രത്യേക മധ്യകാല വായ്പകളായും മാറ്റും. അതിന് എട്ടര ശതമാനം പലിശയുണ്ടാകും. കൃത്യമായി കാർഷിക വായ്പയും പലിശയും തിരികെ കൊടുക്കുന്നവർക്ക് ഒരു ശതമാനം ഇളവു കൊടുക്കും. വിള ഇൻഷ്വറൻസ് ഒരു പ്രധാനപ്പെട്ട കാര്യമാണ്. നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി ഫലപ്രദമല്ലാത്തതിനാൽ സർക്കാർ സഹായത്തോടുകൂടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ നൽകുമ്പോൾ തന്നെ വിള ഇൻഷ്വറൻസ് നിർബന്ധമാക്കും. 2004 ഒക്ടോബർ ഒന്നു മുതൽ ഈ പദ്ധതി നടപ്പിൽ വരുത്തും. ഞങ്ങളുടെ പാക്കേജനുസരിച്ച് 50,000 രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളാൻ സെൻട്രൽ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹ്രസ്വകാല വായ്പ രണ്ട് ലക്ഷം രൂപയും മറ്റു വായ്പകൾ 10 ലക്ഷം രൂപയായിട്ടും വർദ്ധിപ്പിക്കും. ഇന്ന് ഒരു ലക്ഷം രൂപയും അഞ്ചു ലക്ഷം രൂപയുമാണ്. അത് രണ്ടു ലക്ഷം രൂപയും പത്ത് ലക്ഷം രൂപയുമാക്കും. ഇവിടെ വേറൊരു പ്രശ്നം പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 9-6-97-ൽ മുൻകാല പ്രാബല്യത്തോടെ 12-4-92 മുതൽ നടത്തിയ ഭേദഗതി പ്രകാരം 1987-ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻ ആന്റ് എൻക്വയറീസ്) ആക്ട് പ്രകാരം അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു കണ്ടാൽ അത്തരം അംഗത്തെ സംഘം ഭരണസമിതിയിൽ നിന്നും അയോഗ്യരാക്കാമെന്നായിരുന്നു. ഈ നിയമനിർമ്മാണം ദുരുദ്ദേശ്യത്തോടെയായിരുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. പ്രത്യേകിച്ച് ശിവദാസൻ നായരെ, കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റിനെ നീക്കാൻ വേണ്ടി അവസാന കയ്യായിട്ട് പ്രയോഗിച്ചതാണ്. ബാക്കിയെല്ലാം പിടിച്ചപ്പോൾ കാർഷിക വികസന ബാങ്ക് ബാക്കിയുണ്ടായിരുന്നു. അത് ഞങ്ങൾ മാറ്റിയിട്ടുണ്ട്. എസ്.സി./എസ്.ടി. സൊസൈറ്റികളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഒന്നരക്കോടി രൂപ സൗജന്യമായി ഷെയറും ഗ്രാന്റുമായി അവർക്ക് കൊടുത്തിട്ടുണ്ട്. ശ്രീ. പി. സി. ജോർജ്ജ് ഇവിടെ പറഞ്ഞത് കൺസ്യൂമർ ഫെഡറേഷൻ മദ്യവ്യാപാരികളിൽ നിന്നും ഇൻസെന്റീവ് വാങ്ങുന്നുണ്ട് എന്നാണ്. അവർ തന്ന കണക്കനുസരിച്ച് 2001-02-വർഷത്തിൽ 5.33 ലക്ഷം രൂപയും 2002-03-ൽ 64.23 ലക്ഷം രൂപയും 2003-04 വർഷത്തിൽ 75.02 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly

മദ്യവ്യാപാരികളിൽ നിന്ന് ഇൻസെന്റീവ് വാങ്ങിയിട്ടുണ്ട്. മൽസ്യബന്ധനത്തേയും തുറമുഖങ്ങളെയും കുറിച്ച് ഇവിടെ പലരും പറഞ്ഞു. ആ കാര്യങ്ങളൊക്കെ ശ്രദ്ധിക്കാം. കേരളത്തിൽ ഇപ്പോൾ 17 ചെറുകിട പോർട്ടുകളുണ്ട്, അതിൽ 7 പോർട്ടുകളുടെ വികസനമാണ് പ്രധാനമായുമെടുക്കുന്നത്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ എന്നീ നാല് പോർട്ടുകൾക്കാണ് ഇപ്പോൾ പ്രോജക്ട് വന്നിട്ടുള്ളത്. ആലപ്പുഴ പോർട്ടിനെ മൈനർ പോർട്ടായിട്ടാണ് രൂപപ്പെടുത്തുന്നത്. അതിന്റെ എം.ഒ.യു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നാളെ ഒരു ബോംബെ കമ്പനിയുമായി ഒപ്പുവയ്ക്കാൻ പോവുകയാണ്. ഞങ്ങൾ നാലഞ്ച് രാജ്യങ്ങൾ സന്ദർശിച്ചു, അവിടെ ഞങ്ങളെ ക്ഷണിച്ച expression of interest-ന്റെ അടിസ്ഥാനത്തിൽ അവർ തന്ന നിർദ്ദേശങ്ങൾ വച്ച് വലിയ ചർച്ചകൾ ചെയ്തിട്ടുണ്ട്, അതിൽ എല്ലാ കമ്പനികളും വളരെ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് വല്ലാർപാടത്തിനെതിരാണെന്നു പറഞ്ഞ് ചില ദുർവ്യാഖ്യാനങ്ങളുമുണ്ട്. വല്ലാർപാടം വേറെ സഹചര്യത്തിലുള്ള പോർട്ടാണ്, വിഴിഞ്ഞം വേറെ സാഹചര്യത്തിലുള്ളതാണ്, അത് രണ്ടും രണ്ടാണ്. വിഴിഞ്ഞത്തെ സംബന്ധിച്ചിടത്തോളം ലോകത്ത് ഒരു തുറമുഖത്തും കിട്ടാത്തത്ര ആഴമുണ്ട്, 24 മീറ്റർ.

ശ്രീ. എം. പി. ഗംഗാധരൻ: സർ, കേരളത്തിലെ തീരപ്രദേശങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ള, ഏറ്റവുമധികം catchments നടക്കുന്ന പൊന്നാനി തുറമുഖം വികസിപ്പിക്കുന്ന പദ്ധതിയിൽ എടുത്തിട്ടുണ്ടോ?

ശ്രീ. എം. വി. രാഘവൻ: ഇവിടെ പറഞ്ഞ 7 എണ്ണത്തിൽ പൊന്നാനിയും മുനമ്പവും തങ്കശ്ശേരിയുമുണ്ട്. അത് ഫിഷറീസ് ഹാർബറാണ് അവിടെ berth കെട്ടിയിട്ട് ഗതാഗതയോഗ്യമാക്കുന്നകാര്യം പറഞ്ഞു. അതുകൊണ്ട് വിഴിഞ്ഞം പോർട്ട് വന്നാൽ അത് കേരളത്തിന്റെ മാത്രമല്ല, ലോകത്തിന്റെതന്നെ ഒരു കവാടമായിട്ടുമാറും. ഇന്ത്യൻ കാർഗോ മുഴുവൻ കൈകാര്യം ചെയ്യുന്നത് കൊളംബോയും സിങ്കപ്പൂരുമാണ്. പഴയ ബ്രിട്ടീഷ് ഇന്ത്യയിൽ ബ്രിട്ടീഷുകാരുണ്ടാക്കിയതാണത്. അതുപോലെതന്നെ ഇപ്പോൾ പുതുതായി വന്നിട്ടുള്ളത് സലാല, ദുബായ് പോർട്ടുകളാണ്. ഇന്ത്യൻ കാർഗോ ഇന്ത്യയിൽത്തന്നെ കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ കേന്ദ്ര ഗവൺമെന്റിന് 1000 കോടി രൂപ സമ്പാദിക്കാൻ കഴിയും. ഇപ്പോൾ 1000 കോടി രൂപയുടെ വിദേശനാണ്യം നഷ്ടപ്പെടുന്നുണ്ട്. വല്ലാർപാടത്തിന് മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന് നിവേദനം കൊടുത്തിട്ടുണ്ട്. അതും ഇതുമായി ഒരു ബന്ധവുമില്ല, ഇത് ബി.ഒ.ടി. അടിസ്ഥാനത്തിലാണ് ചെയ്യുന്നത്, അതിന്റെ അടിസ്ഥാനത്തിൽ തയ്യാറായിട്ടുള്ള കമ്പനികളുമായിട്ടാണ് ചർച്ച നടത്തുന്നത്. ആദ്യഘട്ടത്തിൽ 1700 കോടി രൂപ വേണം, രണ്ടാം ഘട്ടത്തിൽ അത് പൂർത്തിയാക്കാൻ 4500 കോടി രൂപ വേണം, അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ശ്രമമാണ് വിഴിഞ്ഞത്ത് നടക്കുന്നത്. തിരുവനന്തപുരത്തിന്റെ മാത്രമല്ല, കേരളത്തിന്റേയും ഇന്ത്യയുടേയും ഒരു കവാടം എന്നുള്ള നിലയിലും

LIBRARY ARCHIVES Kerala Legislative Assembly

അന്തർദ്ദേശീയ കപ്പൽ ഗതാഗതത്തിന്റെ കേന്ദ്രമെന്നുള്ള നിലയിലും വിഴിഞ്ഞത്തിന് തലയുയർത്തി നിൽക്കാൻ സാധിക്കും. ആലപ്പുഴയുടെ കാര്യം ഞാൻ പറഞ്ഞു, കണ്ണൂർ അഴീക്കൽ തുറമുഖത്തെ സംബന്ധിച്ചിടത്തോളം 4 ആളുകൾ berth കെട്ടാൻ സന്നദ്ധത പ്രകടിപ്പിച്ചു, ഇപ്പോൾ ഒരാൾ മാത്രമേയുള്ളൂ, അതും ലക്ഷദ്വീപുകാർ തങ്ങൾക്ക് ചരക്കിറക്കാൻ അവിടെയാണ് സൗകര്യമെന്നു പറഞ്ഞ് അവർ berth കെട്ടാൻ പോകുന്നുണ്ട്. ആലപ്പുഴ, കണ്ണൂർ, വിഴിഞ്ഞം ഇതുപോലുള്ള മൂന്നുനാല് പോർട്ടുകൾ വികസിപ്പിക്കുക, നേരത്തേ പറഞ്ഞ പൊന്നാനിയുൾപ്പെടെയുള്ള മുന്നെണ്ണം ഫിഷിംഗ് ഹാർബർ ആക്കിയാൽ അതും വികസിപ്പിക്കുക അതാണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത്. ഹാർബറില്ലാതെ ഒരു വ്യവസായവും വരില്ല, ഹാർബറില്ലാതെ ഒരു വികസനവുമില്ല, ഹാർബർ വളരെ പ്രധാനമാണ്. ഇംഗ്ലണ്ടിൽ വരെ പുതിയ ഹാർബർ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ടുതന്നെ അതിന്റെ പ്രാധാന്യവും വളരെ വിപുലമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇന്ത്യാ രാജ്യത്ത് ആദ്യമായി export നടത്തിയത് ബേപ്പൂർ പോർട്ടാണ്. ആ പോർട്ടിന്റെ വികസനത്തിനുവേണ്ടി എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. രാഘവൻ: ഞാനിപ്പോൾ പറഞ്ഞതിലൊന്ന് ബേപ്പൂർ പോർട്ടാണ്. അത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടി ഒരു കമ്പനി വന്നിട്ടുണ്ട്, എം.ഒ.യു. ഒപ്പിട്ടുകഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ detailed estimate ഉണ്ടാക്കുകയാണ്, അതിന്റെ പ്രവർത്തി തുടങ്ങും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

3.00 p.m.] സർവ്വശ്രീ. കെ. വി. കുഞ്ഞിരാമൻ, എ. സി. മൊയ്തീൻ, പി. ജയരാജൻ, മഞ്ഞളാംകുഴി അലി, വി. കെ. സി. മമ്മത്കോയ, സാജുപോൾ, കെ. പി. സതീശ്ചന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, കോടിയേരി ബാലകൃഷ്ണൻ, മത്തായി ചാക്കോ, വി. ചെന്താമരാക്ഷൻ, രാജു എബ്രഹാം, ടി. പി. രാമകൃഷ്ണൻ, ടി. കെ. ദേവകുമാർ, കെ. രാധാകൃഷ്ണൻ, ടി. കെ. ബാലൻ, എം. വി. ജയരാജൻ, കെ. പി. മോഹനൻ, വി. കെ. ചന്ദ്രൻ, കെ. പി. രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, എ. എ. അസീസ്, പി. എസ്. സുപാൽ, പി. നാരായണൻ, എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, എ. സി. ഷൺമുഖദാസ്, എം. കുമാരൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. ചന്ദ്രൻ
13. ,, എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

21. ശ്രീ. ഉമ്മൻ ചാണ്ടി

22. ,, ടി. എം. ജേക്കബ്

23. ,, ജോണി നെല്ലൂർ

24. ,, കെ. സി. ജോസഫ്

25. ,, പി. ജെ. ജോയി

26. ,, വർക്കല കഹാർ

27. ,, കെ. എൻ. എ. ഖാദർ

28. ,, കെ. കെ. നായർ

29. ,, പി. കെ. കുഞ്ഞാലിക്കുട്ടി

30. ,, ഡോ. എം. എ. കുട്ടപ്പൻ

31. ,, കെ. കുട്ടി അഹമ്മദ് കുട്ടി

32. ,, ലൂഡി ലൂയിസ്

33. ,, സി. മമ്മൂട്ടി

34. ,, ഇ. ടി. മുഹമ്മദ് ബഷീർ

35. ,, എ. കെ. മണി

36. ,, സി. മോയിൻകുട്ടി

37. ,, ആര്യാടൻ മുഹമ്മദ്

38. ,, സി. പി. മുഹമ്മദ്

39. ,, എം. മുരളി

40. ,, എം. കെ. പോൾസൺ മാസ്റ്റർ

41. ,, അടൂർ പ്രകാശ്

42. ,, ടി. എൻ. പ്രതാപൻ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. ജി. പ്രതാപ വർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ,, ടി. യു. രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, എ. എൻ. രാജൻ ബാബു
49. ,, യു. സി. രാമൻ
50. ,, തമ്പാനൂർ രവി
51. ,, റോഷി അഗസ്റ്റിൻ
52. ,, എൻ. ശക്തൻ
53. ,, കെ. ശങ്കരനാരായണൻ
54. ശ്രീമതി മാലേത്ത് സരളാദേവി
55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
56. ശ്രീമതി ശോഭന ജോർജ്ജ്
57. ശ്രീ. നാലകത്ത് സൂപ്പി
58. ,, കെ. സുധാകരൻ
59. ,, ഡി. സുഗതൻ
60. ,, എ. സുജനപാൽ
61. ,, സി. എഫ്. തോമസ്
62. പ്രൊഫ. കെ. വി. തോമസ്
63. ശ്രീ. തോമസ് ചാഴികാടൻ
64. ,, എം. എ. വാഹീദ്
65. ,, കെ. സി. വേണുഗോപാൽ
66. ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത് കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, പി. നാരായണൻ
23. ,, ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. രാധാകൃഷ്ണൻ

25. ,, എൻ. രാജൻ

26. ,, കെ. പി. രാജേന്ദ്രൻ

27. ,, രാജു എബ്രഹാം

28. ,, ടി. പി. രാമകൃഷ്ണൻ

29. ,, സാജു പോൾ

30. ,, കെ. പി. സതീശ്ചന്ദ്രൻ

31. ,, എ. സി. ഷൺമുഖദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—66

പ്രതികൂലിക്കുന്നവർ—31

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

സർവ്വശ്രീ. പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, പി. എസ്. സുപാൽ, കെ. പി. രാജേന്ദ്രൻ, എം. കുമാരൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, പി. ജയരാജൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. എ. ചന്ദ്രൻ
13. ,, എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ,, ടി. എം. ജേക്കബ്
23. ,, ജോണി നെല്ലൂർ
24. ,, കെ. സി. ജോസഫ്
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ .കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, എ. കെ. മണി
36. ,, സി. മോയിൻകുട്ടി
37. ,, ആര്യാടൻ മുഹമ്മദ്
38. ,, സി. പി. മുഹമ്മദ്
39. ,, എം. മുരളി
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, അടൂർ പ്രകാശ്
42. ,, ടി. എൻ. പ്രതാപൻ
43. ,, ജി. പ്രതാപവർമ്മ തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ,, ടി. യു. രാധാകൃഷ്ണൻ

46. ശ്രീമതി രാധാ രാഘവൻ

47. ശ്രീ. എം. വി. രാഘവൻ

48. ,, എ. എൻ. രാജൻ ബാബു

49. ,, യു. സി. രാമൻ

50. ,, തമ്പാനൂർ രവി

51. ,, റോഷി അഗസ്റ്റിൻ

52. ,, എൻ. ശക്തൻ

53. ,, കെ. ശങ്കരനാരായണൻ

54. ശ്രീമതി മാലേത്ത് സരളാദേവി

55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

56. ശ്രീമതി ശോഭനാ ജോർജ്ജ്

57. ശ്രീ. നാലകത്ത് സൂപ്പി

58. ,, കെ. സുധാകരൻ

59. ,, ഡി. സുഗതൻ

60. ,, എ. സുജനപാൽ

61. ,, സി. എഫ്. തോമസ്

62. പ്രൊഫ. കെ. വി. തോമസ്

63. ശ്രീ. തോമസ് ചാഴികാടൻ

64. ,, എം. എ. വാഹീദ്

65. ,, കെ. സി. വേണുഗോപാൽ

66. ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത് കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ

24. ശ്രീ. കെ. രാധാകൃഷ്ണൻ

25. ,, എൻ. രാജൻ

26. ,, കെ. പി. രാജേന്ദ്രൻ

27. ,, രാജു എബ്രഹാം

28. ,, ടി. പി. രാമകൃഷ്ണൻ

29. ,, സാജു പോൾ

30. ,, കെ. പി. സതീശ്ചന്ദ്രൻ

31. ,, എ. സി. ഷൺമുഖദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—66

പ്രതികൂലിക്കുന്നവർ—31

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

സർവ്വശ്രീ എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, പി. എസ്. സുപാൽ, എൻ. രാജൻ, കെ. പി. രാജേന്ദ്രൻ, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, ടി. പി. രാമകൃഷ്ണൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കെ. പി. മോഹനൻ, എ. എ. അസീസ്, കോവൂർ കുഞ്ഞുമോൻ, എ. സി. ഷൺമുഖദാസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച വെട്ടിക്കുറയ്ക്കൽ പ്രമേയങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പഞ്ചായത്ത് എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. എ. ചന്ദ്രൻ
13. ,, എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

21. ശ്രീ. ഉമ്മൻ ചാണ്ടി
22. ,, ടി. എം. ജേക്കബ്
23. ,, ജോണി നെല്ലൂർ
24. ,, കെ. സി. ജോസഫ്
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ .കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, എ. കെ. മണി
36. ,, സി. മോയിൻകുട്ടി
37. ,, ആര്യാടൻ മുഹമ്മദ്
38. ,, സി. പി. മുഹമ്മദ്
39. ,, എം. മുരളി
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, അടൂർ പ്രകാശ്
42. ,, ടി. എൻ. പ്രതാപൻ
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. ടി. യു. രാധാകൃഷ്ണൻ

46. ശ്രീമതി രാധാ രാഘവൻ

47. ശ്രീ. എം. വി. രാഘവൻ

48. ,, എ. എൻ. രാജൻ ബാബു

49. ,, യു. സി. രാമൻ

50. ,, തമ്പാനൂർ രവി

51. ,, റോഷി അഗസ്റ്റിൻ

52. ,, എൻ. ശക്തൻ

53. ,, കെ. ശങ്കരനാരായണൻ

54. ശ്രീമതി മാലേത്ത് സരളാദേവി

55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

56. ശ്രീമതി ശോഭനാ ജോർജ്ജ്

57. ശ്രീ. നാലകത്ത് സൂപ്പി

58. ,, കെ. സുധാകരൻ

59. ,, ഡി. സുഗതൻ

60. ,, എ. സുജനപാൽ

61. ,, സി. എഫ്. തോമസ്

62. പ്രൊഫ. കെ. വി. തോമസ്

63. ശ്രീ. തോമസ് ചാഴികാടൻ

64. ,, എം. എ. വാഹീദ്

65. ,, കെ. സി. വേണുഗോപാൽ

66. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—31

1. ശ്രീ. മഞ്ഞളാംകുഴി അലി

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത് കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, എൻ. രാജൻ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. കെ. പി. രാജേന്ദ്രൻ

27. ,, രാജു എബ്രഹാം

28. ,, ടി. പി. രാമകൃഷ്ണൻ

29. ,, സാജു പോൾ

30. ,, കെ. പി. സതീശ്ചന്ദ്രൻ

31. ,, എ. സി. ഷൺമുഖദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—66

പ്രതികൂലിക്കുന്നവർ—31

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

സർവ്വശ്രീ എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, ടി. പി. രാമകൃഷ്ണൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, കെ. പി. മോഹനൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, പി. നാരായണൻ, പി. എസ്. സുപാൽ, എൻ. രാജൻ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, കോവൂർ കുഞ്ഞുമോൻ, രാജു എബ്രഹാം, കെ. രാധാകൃഷ്ണൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, കെ. വി. കുഞ്ഞിരാമൻ, എം. വി. ജയരാജൻ, പി. ജയരാജൻ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, എ. സി. ഷൺമുഖദാസ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: നഗരവികസനം എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ—66</u>

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. എ. ചന്ദ്രൻ
13. ,, എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. ഉമ്മൻ ചാണ്ടി
22. ,, ടി. എം. ജേക്കബ്
23. ,, ജോണി നെല്ലൂർ
24. ,, കെ. സി. ജോസഫ്
25. ,, പി. കെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, സി. മമ്മൂട്ടി
34. ,, ഇ. ടി. മുഹമ്മദ് ബഷീർ
35. ,, എ. കെ. മണി
36. ,, സി. മോയിൻകുട്ടി
37. ,, ആര്യാടൻ മുഹമ്മദ്
38. ,, സി. പി. മുഹമ്മദ്
39. ,, എം. മുരളി
40. ,, എം. കെ. പോൾസൺ മാസ്റ്റർ
41. ,, അടൂർ പ്രകാശ്
42. ,, ടി. എൻ. പ്രതാപൻ
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. ടി. യു. രാധാകൃഷ്ണൻ

46. ശ്രീമതി രാധാ രാഘവൻ

47. ശ്രീ. എം. വി. രാഘവൻ

48. ,, എ. എൻ. രാജൻ ബാബു

49. ,, യു. സി. രാമൻ

50. ,, തമ്പാനൂർ രവി

51. ,, റോഷി അഗസ്റ്റിൻ

52. ,, എൻ. ശക്തൻ

53. ,, കെ. ശങ്കരനാരായണൻ

54. ശ്രീമതി മാലേത്ത് സരളാദേവി

55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

56. ശ്രീമതി ശോഭനാ ജോർജ്ജ്

57. ശ്രീ. നാലകത്ത് സൂപ്പി

58. ,, കെ. സുധാകരൻ

59. ,, ഡി. സുഗതൻ

60. ,, എ. സുജനപാൽ

61. ,, സി. എഫ്. തോമസ്

62. പ്രൊഫ. കെ. വി. തോമസ്

63. ശ്രീ. തോമസ് ചാഴികാടൻ

64. ,, എം. എ. വാഹീദ്

65. ,, കെ. സി. വേണുഗോപാൽ

66. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—31

1. ശ്രീ. മഞ്ഞളാംകുഴി അലി

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ,, ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത് കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, എൻ. രാജൻ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. കെ. പി. രാജേന്ദ്രൻ

27. ,, രാജു എബ്രഹാം

28. ,, ടി. പി. രാമകൃഷ്ണൻ

29. ,, സാജു പോൾ

30. ,, കെ. പി. സതീശ്ചന്ദ്രൻ

31. ,, എ. സി. ഷൺമുഖദാസ്

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—66

പ്രതികൂലിക്കുന്നവർ—31

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly